# മനുഷ്യന്റെ അനശ്വരതയും പാരത്രിക ജീവിതവും

മുർത്തസാ മുതഹ്ഹരി

വിവർത്തനം
സി. ഹംസ

ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്
അരീക്കോട് - 673 639

**ഉള്ളടക്കം**

പ്രസാധകക്കുറിപ്പ്
ഇസ്‌ലാമിന്റെ പ്രപഞ്ച വീക്ഷണത്തിൽ പാരത്രികജീവിത വിശ്വാസത്തിനുള്ള സ്ഥാനം
പാരത്രിക ജീവിത വിശ്വാസത്തിന്റെ മൂലസ്രോതസ്സുകൾ
മരണവും അതിന്റെ യാഥാർത്ഥ്യവും
ഇഹലോകജീവിതവും പരലോക ജീവിതവും
മനുഷ്യന്റെ പ്രവർത്തനങ്ങളുടെയും സമ്പാദ്യങ്ങളുടെയും അനശ്വരതയും സാക്ഷാത്ക്കാരവും
ഇഹപര ജീവിതങ്ങൾ തമ്മിലുള്ള സാമ്യതകളും വ്യത്യാസങ്ങളും
ഖുർആൻ സമർപ്പിക്കുന്ന തെളിവുകൾ
ദൈവിക നീതി
ദൈവിക യുക്തി
കുറിപ്പുകൾ

## പ്രസാധകക്കുറിപ്പ്

ഇറാനിലെ പ്രസിദ്ധ പണ്ഡിതനും അതുല്യ പ്രതിഭാശാലിയുമായിരുന്ന ആയത്തുല്ലാ മുർത്തസാ മുതഹ്ഹരിയുടെ 'ഇസ്‌ലാമിന്റെ ലോക വീക്ഷണത്തിനൊരു പീഠിക' (മുഖദ്ദിമെ ബർ ജഹാൻബീനിയെ ഇസ്‌ലാമി) എന്ന പരമ്പരയിലെ ഏഴാമത്തെ പുസ്തകത്തിന്റെ വിവർത്തനമാണിത്. ഇസ്‌ലാമിന്റെ അടിസ്ഥാന ദർശനങ്ങളെ ചിട്ടയിൽ അവതരിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായ പ്രസ്തുത പരമ്പരയിൽ ഒടുവിലത്തേതാണീ പുസ്തകം. ഒന്നും മൂന്നും അഞ്ചും ഐ.എഫ്.പി നേരത്തെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഖുമ്മിലെ 'ഇൻതശാറാത്തെ സദ്റ' പ്രസിദ്ധപ്പെടുത്തിയ 'സിന്ദഗിയെ ജാവീദ് യാ ഹയാത്തെ ഉഖ്റവി' എന്ന മൂലകൃതി' ആധാരമാക്കിയാണ് മലയാള വിവർത്തനം തയ്യാർ ചെയ്തിട്ടുള്ളത്. ഒടുവിൽ ചേർത്തിട്ടുള്ള സാമാന്യം നീണ്ട വിശദീകരണക്കുറിപ്പുകൾ വിവർത്തകന്റേതാണ്, മൂലഗ്രന്ഥകാ രന്റേതല്ല. പ്രസിദ്ധ പണ്ഡിതനും തത്വചിന്തകനും മുതഹ്ഹരിയുടെ ഗുരുനാഥനുമായിരുന്ന അല്ലാമാ തബാത്തബാഇയുടെ 'അൽമീസാൻ' എന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തെ വിവർത്തകൻ കുറിപ്പുകളെഴുതാൻ ആശ്രയിച്ചിട്ടുണ്ട്.

പാരത്രിക ജീവിതത്തെക്കുറിച്ച് മലയാള ഭാഷയിൽ മൗലികവും വിവർത്തിതവുമായ കൃതികൾ വേറെയുണ്ടെങ്കിലും മുതഹ്ഹരിയുടെ കൃതി തികച്ചും വ്യതിരിക്തവും അഗാധ ചിന്തകളുൾക്കൊള്ളുന്നതുമാണ്.

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്

അരീക്കോട്

1993 ഡിസംബർ 1

## ഇസ്‌ലാമിന്റെ പ്രപഞ്ചവീക്ഷണത്തിൽ
## പാരത്രിക ജീവിതവിശ്വാസത്തിനുള്ള സ്ഥാനം

ഇസ്‌ലാമിന്റെ പ്രപഞ്ചവീക്ഷണത്തെ രൂപവൽക്കരിക്കുന്ന വിശ്വാസപരമായ അടിസ്ഥാനങ്ങളിലൊന്നാണ് മരണാനന്തര ഉയിർത്തെഴുനേൽപ്പിലും പരലോകത്തിലെ ശാശ്വത ജീവിതത്തിലുമുള്ള വിശ്വാസം. മുസ്‌ലിമായിരിക്കുവാൻ ഈ വിശ്വാസം ഒഴിച്ചുകൂടാത്തതാണ്. ഇതില്ലാത്ത, ഇതിനെ നിഷേധിക്കുന്ന യാതൊരാളും മുസ്‌ലിംകളുടെ കൂട്ടത്തിൽ ഉൾപ്പെടുകയില്ല.

ഇസ്‌ലാമിക ദൈവശാസ്ത്ര കാരന്മാർ ഈ വിശ്വാസത്തെ 'മആദ് സിദ്ധാന്തം' എന്ന് സങ്കേതികമായി വിളിക്കുന്നു. ഏകദൈവത്വസിദ്ധാന്തം പഠിപ്പിച്ചിട്ടുള്ള പ്രവാചകന്മാർ ഒന്നൊഴിയാതെ മആദ്സിദ്ധാന്തവും പഠിപ്പിച്ചിട്ടുള്ളവരാണ്. ഏകദൈവത്വസിദ്ധാന്തത്തിന്റെ അടുത്ത പ്രാധാന്യം ഈ സിദ്ധാന്തത്തിന് അവർ നൽകി. ഇതിൽ വിശ്വസിക്കുവാൻ ജനങ്ങളെ ശക്തമായി പ്രേരിപ്പിക്കുകയും ചെയ്തു.

വിശുദ്ധഖുർആനിൽ നൂറുകണക്കിന് സൂക്തങ്ങളിൽ മരണാനന്തര ലോകത്തെക്കുറിച്ചും ഉയിർപ്പുദിനം, മരണമടഞ്ഞവരെ എഴുന്നേൽപ്പിച്ചൊരുമിച്ചുകൂട്ടൽ, നന്മതിന്മകൾ നിജപ്പെടുത്തുന്ന തുലാസുകൾ, വിചാരണ, പ്രവർത്തനരേഖകൾ, സ്വർഗ്ഗനരകങ്ങളും അവയുടെ ശാശ്വതികത്വവും തുടങ്ങി അതുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുമുള്ള വിവരണങ്ങൾ കാണാം. പന്ത്രണ്ട് സൂക്തങ്ങളിൽ ദൈവവിശ്വാസത്തെത്തുടർന്ന് അന്ത്യ ദിനത്തിൽ വിശ്വസിക്കേണ്ടതിനെക്കുറിച്ച് ക്രമപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

ഉയിർന്നെഴുനേൽപ്പിന്റെ ലോകം എന്ന ആശയം വിശുദ്ധഖുർആൻ വ്യത്യസ്തപദങ്ങൾ പ്രയോഗിച്ചുകൊണ്ട് പ്രകാശിപ്പിച്ചിരിക്കുന്നു. ഓരോ പദപ്രയോഗവും അറിവിന്റെ ഓരോ അദ്ധ്യായമാണ്. അവയിലൊന്നാണ് 'അൽയൗമുൽ ആഖിർ'. അർത്ഥം അന്ത്യദിനം. രണ്ടു സംഗതികൾ ഈ പദപ്രയോഗം ഉൾക്കൊള്ളുന്നു.

എ. മനുഷ്യന്റെയെന്നല്ല മുഴുവൻ ലോകത്തിന്റെയും ജീവിതം മൊത്തത്തിൽ രണ്ടു ഘട്ടങ്ങളാണ്. ഓരോ ഘട്ടവും ഓരോ ദിന(യൗമ്)മായി പരിഗണിക്കപ്പെടണം. ഒന്നാമത്തെ ഘട്ടം അഥവാ ഒന്നാമത്തെ ദിനം ഒരിക്കൽ തീരും. അതാണ് ഇഹലോകം. രണ്ടാമത്തെ ഘട്ടം അഥവാ രണ്ടാമത്തെ ദിനം ശാശ്വതമാണ്. അത് പാരത്രികലോകമാണ്. ഇഹലോകത്തെ ആദ്യത്തേതെന്നും(അൽഊല) പാരത്രികലോകത്തെ ഒടുവിലത്തേതെ(അൽആഖിറ)ന്നും ചില ഖുർആൻ സൂക്തങ്ങളിൽ വിശേഷിപ്പിച്ചിരിക്കുന്നതു കാണാം. ''അവസാനത്തേതും ആദ്യത്തേതും നമ്മുടേതാകുന്നു''വെന്ന് 'അല്ലൈൽസൂറ'13ലും ''അവസാനത്തേതായിരിക്കട്ടെ താങ്കൾക്ക് ആദ്യത്തേതിനേക്കാൾ ഉത്തമം'' എന്ന് 'അള്ളുഹാ സൂറ' 4ലും വായിക്കാം.

ബി. നാം ഇഹലോകത്തിൽ ജീവിതത്തിന്റെ ഒന്നാം ഘട്ടത്തിലൂടെ കടന്നുപോവുകയാണ്. രണ്ടാം ഘട്ടത്തിൽ അഥവാ രണ്ടാം ദിനത്തിൽ എത്തുന്നില്ല. രണ്ടാംഘട്ടം അഥവാ രണ്ടാം ദിനം ഇവിടെ നമുക്ക് അഗോചരമാണ്. ഈ ഘട്ടത്തിലും വരാനുള്ള രണ്ടാം ഘട്ടത്തിലും സുഖസംതൃപ്തി ലഭിക്കേണ്ടതിനുവേണ്ടത് നാം രണ്ടാം ഘട്ടത്തിൽ അഥവാ ഒടുവിലത്തെ ദിനത്തിൽ വിശ്വസിക്കുകയാണ്. ഈ വിശ്വാസം അതിന്റെ ഫലങ്ങളായ പ്രവർത്തനങ്ങളായി രൂപാന്തരപ്പെടുന്നതുവഴി ഈ ലോകജീവിതത്തിൽ നമുക്ക് സുഖസംതൃപ്തി ലഭിക്കുവാൻ അത് കാരണമായിത്തീരുന്നു. നമ്മുടെ പ്രവൃത്തി, സ്വഭാവം, പെരുമാറ്റം, ചിന്ത, വാക്ക്, ആചാരം എന്നിവയിൽ ഏറ്റവും പ്രധാനപ്പെട്ടതുമുതൽ ഏറ്റവും നിസ്സാരമായതുവരെ എല്ലാത്തിനുമുണ്ട് നമുക്കുള്ളതുപോലെത്തന്നെ ആദ്യദിനവും അന്ത്യദിനവും. മേൽ പറഞ്ഞതൊന്നും ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ അന്ത്യംകാണുകയോ ഇല്ലാതായിത്തീരുകയോ ചെയ്യുന്നില്ല. മറിച്ച്, അവ രണ്ടാം ഘട്ടത്തിലേയ്ക്കു ശേഷിച്ചിരിക്കുകയും അവയ്ക്കു കണക്കും വിചാരണയും ഉണ്ടായിരിക്കുകയും ചെയ്യുന്നതാണ്. ഇത് നാം തിരിച്ചറിയുന്നതും ഓർക്കുന്നതും മേൽ പറഞ്ഞ വിശ്വാസത്തിന്റെ ഫലമായിട്ടാകുന്നു. അങ്ങനെ നാം നമ്മെയും നമ്മുടെ പ്രവൃത്തി, വിചാരം, ലക്ഷ്യം എന്നിവയെയും നന്നാക്കുകയും നേർവഴിക്കു തിരിക്കുകയും ചെയ്യുന്നു. തെറ്റായ പ്രവൃത്തികളിൽ നിന്നും ചീത്ത വിചാരങ്ങളിൽ നിന്നും രക്ഷപ്പെടുകയും വിമുക്തി നേടുകയും ചെയ്യാൻ നാം സ്വയം പരിശ്രമിക്കുന്നു; സൽപ്രവൃത്തികളുടെയും സദ്വിചാരങ്ങളുടെയും മാർഗ്ഗത്തിൽ നാം മുന്നേറുന്നു.

വരാനുള്ള രണ്ടാം ഘട്ടത്തിൽ മേൽപറഞ്ഞ വിശ്വാസം സുഖസംതൃപ്തിക്കു കാരണമാകുന്നതെങ്ങനെയെന്ന് വഴിയെ വിവരിക്കുന്നുണ്ട്. മനുഷ്യൻ ഈ ഘട്ടത്തിൽ അഥവാ ഇഹലോകത്തിൽ ചെയ്ത സുകൃതങ്ങളുടെ സൽഫലങ്ങളായിരിക്കും ആ ഘട്ടത്തിൽ അഥവാ മറുലോകത്തിൽ ലഭിക്കുക. ഇഹലോകത്തിൽ ചെയ്ത ദുഷ് പ്രവൃത്തികളുടെ ദുഷ്ഫലങ്ങളുടെ അവിടെ ലഭിക്കും. ഇക്കാരണത്താലാണ് വിശുദ്ധ ഖുർആൻ മനുഷ്യൻ അവന്റെ വിജയസൗഭാഗ്യങ്ങൾക്ക് പാരത്രികജീവിതത്തിൽ വിശ്വസിച്ചേ മതിയാകൂ എന്ന് നിർബ്ബന്ധമായി കൽപ്പിക്കുന്നത്.

## പാരത്രിക ജീവിതവിശ്വാസത്തിന്റെ മൂലസ്രോതസ്സുകൾ

പ്രഥമസ്രോതസ്സ് ദൈവത്തിങ്കൽ നിന്ന് പ്രവാചകന്മാർ വഴി മനുഷ്യരിലേയ്ക്കെത്തീട്ടുള്ള വെളിപാടുസന്ദേശങ്ങൾ തന്നെ. മനുഷ്യർ ദൈവത്തെ അറിയുകയും പ്രവാചകന്മാരുടെ സത്യസന്ധതയിൽ വിശ്വസിക്കുകയും അവർ വെളിപ്പെടുത്തിയ വിവരങ്ങൾ ദൈവത്തിങ്കൽ നിന്നുള്ള അനിഷേധ്യ സത്യങ്ങളാണെന്ന് മനസ്സിലാക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ പാരത്രിക ജീവിതത്തിലുള്ള വിശ്വാസം അതിന്റെ സ്വാഭാവികവും അനിവാര്യവുമായ ഫലമാണ്. കാരണം, എല്ലാ പ്രവാചകന്മാരും ഏകദൈവത്വസിദ്ധാന്തത്തിനുശേഷം പ്രാധാന്യം കൊടുത്തു പഠിപ്പിച്ചിട്ടുള്ളതും പ്രചരിപ്പിച്ചിട്ടുള്ളതും ഈ സിദ്ധാന്തമാണ്.

ഇങ്ങനെ നോക്കുമ്പോൾ പാരത്രിക ജീവിതത്തിലുള്ള ഒരാളുടെ വിശ്വാസം പ്രവാചകത്വസിദ്ധാന്തത്തെയും പ്രവാചകന്മാരുടെ വ്യക്തിത്വം, സന്ദേശം എന്നിവയിലുള്ള അയാളുടെ വിശ്വാസത്തെയും ആശ്രയിച്ചു നിൽക്കുന്നു. ഇതൊരുവശത്ത്. മറുവശത്ത് മനുഷ്യന്റെ വിജ്ഞാന നിലവാരം ഉയരുന്നതിനെയും പാരത്രിക ലോകത്തെക്കുറിച്ചുള്ള അവന്റെ സങ്കൽപം ശരിയും യുക്തിപൂർവ്വകവും ന്യായാധിഷ്ഠിതവുമായിരിക്കുന്നതിനെയും അന്ധവും അജ്ഞാനത്തിലധിഷ്ഠിതവുമായ സങ്കൽപങ്ങളിൽനിന്ന് അവൻ വിമുക്തനായിരിക്കുന്നതിനെയും അതാശ്രയിക്കുന്നു.

പ്രവാചകൻമാർവഴി മനുഷ്യർക്കു ലഭിച്ച ദൈവികവെളിപാടുകൾ കൂടാതെ മനുഷ്യന്റെത്തന്നെ മാനസികവും ബുദ്ധിപരവും വൈജ്ഞാനികവുമായ പരിശ്രമങ്ങളുടെ ഫലങ്ങളായ തെളിവുകളും പാരത്രിക ജീവിതത്തെക്കുറിച്ച് മനസ്സിലാക്കേണ്ടതിനായി ഉണ്ട്. പ്രവാചകന്മാർ നൽകുന്ന പാഠങ്ങളെ ബലപ്പെടുത്തുന്നവയാണവ. ഇനിപ്പറയുന്നവയാണ് ആ മാർഗ്ഗങ്ങൾ: 1. ദൈവത്തെ അറിയുന്ന മാർഗ്ഗം, 2. പ്രപഞ്ചത്തെ അറിയുന്ന മാർഗ്ഗം, 3. മനുഷ്യന്റെ ചേതനയെയും ആത്മാവിനെയും അറിയുന്ന മാർഗ്ഗം.

ശാസ്ത്രീയവും തത്വചിന്താപരവുമായ നീണ്ട ചർച്ചകൾ ആവശ്യമായി വരുന്നവിധത്തിൽ മേൽപറഞ്ഞ മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരണം ഇവിടെ നാം ഒഴിവാക്കുകയാണ്. വെളിപാടിന്റെയും പ്രവാചകത്വ സിദ്ധാന്തത്തിന്റെയും വെളിച്ചമുൾക്കൊണ്ടുകൊണ്ടുള്ള വിവരണമാണ് ഇവിടെ സംഗതമായിട്ടുള്ളത്. എന്നാലും മേൽപറഞ്ഞ മാർഗ്ഗങ്ങൾ വിശുദ്ധഖുർആന്റെ തന്നെ സൂചനകളായതിനാൽ ''പാരത്രികലോകത്തിനുള്ള ഖുർആന്റെ തെളിവുകൾ'' എന്ന ശീർഷകത്തിൽ ഈ മൂന്നുമാർഗ്ഗങ്ങളും നാം പരാമർശിക്കുന്നുണ്ട്.

പാരത്രിക ജീവിതത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ വീക്ഷണം വ്യക്തമാകേണ്ടതിന് അനിവാര്യമായും താഴെ പറയുന്ന ശീർഷകങ്ങളിലാണ് ചർച്ച നടക്കേണ്ടത്.

1. മരണവും അതിന്റെ യാഥാർത്ഥ്യവും, 2. മരണാനന്തരജീവിതം, 3. മൃത്യോത്തര ഇടസ്ഥാനം അഥവാ 'ആലമുൽബർസഖ്', 4. ലോകാവസാനവും, പുനരുത്ഥാനവും, 5. മരണപൂർവ്വ-മരണാനന്തര ജീവിതങ്ങൾ തമ്മിലുള്ള ബന്ധം, 6. മനുഷ്യപ്രയത്നങ്ങളുടെയും അവയുടെ ഫലങ്ങളുടെയും സ്ഥായീത്വവും സാക്ഷാൽക്കാരവും, 7. ഇഹലോകത്തിലെയും പരലോകത്തിലെയും ജീവിതങ്ങൾ തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും, 8. പാരത്രികലോകത്തിനുള്ള ഖുർആന്റെ തെളിവുകൾ, 9. ദൈവികനീതി, 10. ദൈവികയുക്തി.

## മരണവും അതിന്റെ യാഥാർത്ഥ്യവും

എന്താണ് മരണം? അസ്തിത്വത്തിന്റെ നാശവും ഹാനിയും തകർച്ചയും ഇല്ലാതാകലുമാണോ അത്? അതോ അതിന്റെ പരിവർത്തനവും പരിണാമവും ഒരിടത്തുനിന്ന് മറ്റൊരിടത്തേയ്ക്കും ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേയ്ക്കുമുള്ള മാറ്റവുമാണോ? ഈ ചോദ്യം എക്കാലത്തും മനുഷ്യന്റെ മുമ്പിലുണ്ട്. ഓരോരുത്തരും ഇതിന് നേർക്കുനേരെ ഉത്തരം കാണാനാഗ്രഹിച്ചു. അതല്ലെങ്കിൽ കിട്ടിയ ഉത്തരത്തിൽ വിശ്വസിച്ചു. വിശുദ്ധ ഖുർആനിൽ ഈ ചോദ്യത്തിന് സവിശേഷമായ ഉത്തരമുണ്ട്. മരണത്തിന്റെ യാഥാർത്ഥ്യം എന്ത് എന്നതിന് ഖുർആൻ വ്യക്തമായ വിശദീകരണം നൽകുന്നു. മനുഷ്യൻ മരണത്തിനു വിധേയനാകുന്നതിനെക്കുറിച്ച് പ്രയോഗിക്കാൻ ഖുർആൻ തിരഞ്ഞെടുത്തിട്ടുള്ള പദത്തിൽ ഈ വിശദീകരണം കണ്ടെത്താൻ കഴിയും. 'തവഫ്ഫാ' എന്ന പദമാണ് ഖുർആൻ അതിന് തിരഞ്ഞെടുത്തിട്ടുള്ളത്. 'തവഫ്ഫാ' യും 'ഇസ്തീഫാ'യും ഒരേ ധാതുവിൽ നിന്ന് വ്യുൽപന്നമായിട്ടുള്ള പദങ്ങളാണ്- വഫാഅ് എന്നതിൽ നിന്ന്. ഒരാൾ എന്തെങ്കിലുമൊന്ന് കുറവുകൂടാതെ പൂർണ്ണമായി കൈപ്പറ്റിയെന്നാണ്. മരണത്തെ സംബന്ധിച്ച് ഖുർആനിൽ പതിനാല് സൂക്തങ്ങളിൽ ഈ വാക്ക് പ്രയോഗിച്ചിരിക്കുന്നു. അവ പരിശോധിക്കുമ്പോൾ ഖുർആന്റെ വീക്ഷണത്തിൽ മരണം ഒരു കൈയോൽക്കലാണ് എന്ന് സിദ്ധിക്കുന്നു. അതായത്, മനുഷ്യൻ മരണപ്പെടുമ്പോൾ അവൻ അവന്റെ മുഴുവൻ വ്യക്തിത്വവും യാഥാർത്ഥ്യവും സഹിതം ദൈവദൂതന്മാരായ മലക്കുകളുടെ കൈകളിലെത്തുകയും അവർ അവനെ കൈയേൽക്കുകയും ചെയ്യുന്നു. ഖുർആന്റെ ഈ ഭാഷാപ്രയോഗത്തിൽ നിന്ന് താഴെ പറയുന്ന സംഗതികൾ ഗ്രഹിക്കാം:

എ. മരണം അസ്തിത്വത്തിന്റെ നാശമോ ഹാനിയോ തകർച്ചയോ ഇല്ലാതാകലോ അല്ല. അത് ഒരു ലോകത്തിൽനിന്ന് മറ്റൊരു ലോകത്തിലേയ്ക്കും ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേയ്ക്കുമുള്ള നീക്കമാണ്. മനുഷ്യ ജീവിതം അവിടുന്നങ്ങോട്ടും മറ്റൊരു രൂപത്തിൽ തുടരുന്നു.

ബി. മനുഷ്യന്റെ യാഥാർത്ഥ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതും അവന്റെ യഥാർത്ഥ സ്വത്വമായി പരിഗണിക്കപ്പെടുന്നതും ശരീരമോ ശാരീരികാവയവങ്ങളോ അവയുടെ അനുബന്ധങ്ങളോ അല്ല. കാരണം, ശരീരവും ശാരീരികാവയവങ്ങളും അവയുടെ അനുബന്ധങ്ങളുമൊന്നും മറ്റൊരു ലോകത്തിലേയ്ക്കു മാറ്റപ്പെടുന്നില്ല. ഇഹലോകത്തിൽവെച്ചുതന്നെ ക്രമേണ നശിക്കുകയും ദ്രവിക്കുകയുമാണു ചെയ്യുന്നത്. മനുഷ്യന്റെ യഥാർത്ഥവ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതും അവന്റെ യഥാർത്ഥ സ്വത്വമായി പരിഗണിക്കപ്പെടുന്നതുമായ പ്രതിഭാസത്തെ ഖുർആൻ നഫ്സ് (ചേതന) എന്നും റൂഹ് (ആത്മാവ്)എന്നും വിളിക്കുന്നു.[2]

സി. മനുഷ്യന്റെ യഥാർത്ഥ വ്യക്തിത്വത്തിന് അടിസ്ഥാനമായിട്ടുള്ളതും അവനെ അനശ്വരനാക്കുന്നതുമായ ചേതനയുടെ അഥവാ ആത്മാവിന്റെ സ്ഥാനവും ഉൺമയിലെ അതിന്റെ നിൽപ്പും പദാർത്ഥത്തിനും പാദാർത്ഥിക വസ്തുക്കൾക്കും ഉപരിയായ മണ്ഡലത്തിലാണ്. ഈ ചേതന അഥവാ ആത്മാവ് എന്നുപറയുന്നത് പ്രകൃതിയിലെ സത്താപരമായ പരിണാമത്തിന്റെ ഉൽപന്നമാണെങ്കിലും അത് ചേതന അഥവാ ആത്മാവ് ആയി മാറാൻ കാരണമാകുന്ന പ്രസ്തുത പരിണാമം മൂലം പ്രകൃതിയിലെ അതിന്റെ മണ്ഡലം ഉയരുകയും അത് അതിഭൗതികമായ മറ്റൊരു ലോകമായി ത്തീരുകയും ചെയ്യുന്നു. മരണത്തോടുകൂടി ചേതന അഥവാ ആത്മാവ് ആത്മീയം മാത്രമായ ഒരു അവസ്ഥാന്തരത്തെ പ്രാപിക്കുന്നു. മറ്റൊരു വിധം പറയുകയാണെങ്കിൽ, അത് ഭൗതികേതരമായ യാഥാർത്ഥ്യമായി പരിണമിക്കുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്യുന്നു.[3]

വിശുദ്ധ ഖുർആൻ മറ്റു ചില സൂക്തങ്ങളിൽ മനുഷ്യന്റെ സൃഷ്ടിയുമായി ബന്ധപ്പെട്ട ചർച്ചകൾക്കിടയിൽ, മനുഷ്യന് മണ്ണും വെള്ളവുമല്ലാത്ത ഒരു യഥാർത്ഥ്യമുള്ളതായി സൂചിപ്പിക്കുന്നു. ആദ്യമനുഷ്യനെക്കുറിച്ച് ഖുർആൻ പറയുന്നു:

‘‘ഞാൻ അവനിൽ എന്റെ ആത്മാവിന്റെ ഒരംശത്തെ നിവേശിപ്പിച്ചു’’(ഹിജ്ർസൂറ: 29)[4]

ആത്മാവ്, ചേതന, മരണാനന്തരമുള്ള ആത്മാവിന്റെ ശേഷിപ്പ് മുതലായവ ഇസ്ലാമിൽ അടിസ്ഥാന വിഷയങ്ങളാണ്. ഇസ്ലാം പഠിപ്പിച്ച അനിഷേധ്യങ്ങളായ മൗലികവിജ്ഞാനീയങ്ങളിൽ പകുതിയും ആത്മാവിന്റെ മൗലികതയിലും മരണശേഷം ശരീരത്തിൽനിന്നു സ്വതന്ത്രമായുള്ള അതിന്റെ ശേഷിപ്പിലും അധിഷ്ഠിതമത്രെ. മനുഷ്യതയുടെയും യഥാർത്ഥ മാനുഷിക മൂല്യങ്ങളുടെയും നില നിൽപുതന്നെ ഈ അസ്തിവാരത്തിന്മേലാമ്. ഇതില്ലെങ്കിൽ അവയൊക്കെ മിഥ്യാസങ്കൽപങ്ങൾ മാത്രം.

ജീവിതം മരണാനന്തരം അഖണ്ഡമായി (നിർജീവമായ ഇടവേളയില്ലാതെ) തുടരുന്നുവെന്ന് വ്യക്തമാക്കുന്ന ഖുർആൻ സൂക്തങ്ങൾ മുഴുവൻ ആത്മാവിനെ ശരീരത്തിൽ നിന്നു സ്വതന്ത്രവും ശരീരത്തിന്റെ നാശത്തിന് ശേഷവും നശിക്കാതെ നിലനിൽക്കുന്നതുമായ ഒരു യാഥാർത്ഥ്യമായിട്ടാണ് ഖുർആൻ കാണുന്നത് എന്നതിനുള്ള തെളിവുകളാണ്.

ചിലർ അഭിപ്രായപ്പെടുന്നത് മരിച്ചാൽ പിന്നെ ആത്മാവും ചേതനയുമൊന്നും പ്രവർത്തിക്കുന്നില്ല എന്നാണ്. അതാണത്രെ ഖുർആനിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നത്. മരണത്തോടുകൂടി മനുഷ്യന്റെ എല്ലാം അവസാനിക്കുകയാണ്. പിന്നെ ബോധമോ സംവേദനമോ സന്തോഷമോ ദുഃഖമോ ഒന്നുമില്ല. ഉയിർത്തെഴുനേൽപുനാളിൽ മനുഷ്യന് രണ്ടാമത് ജീവൻ തിരിച്ചു കിട്ടുന്നതുവരെ ഇതായിരിക്കുമത്രെ അവസ്ഥ. അപ്പോഴേ മനുഷ്യൻ രണ്ടാമത് തന്നിലേയ്ക്കും ലോകത്തിലേയ്ക്കും തിരിച്ചു വരികയുള്ളൂ.

എന്നാൽ, ജീവിതം മരണാനന്തരം അനുസ്യൂതം തുടരുന്നുവെന്നു വ്യക്തമായി പ്രതിപാദിക്കുന്ന ഖുർആൻസൂക്തങ്ങൾ ഈ അഭിപ്രായത്തെ നിശിതമായി ഖണ്ഡിക്കുന്ന തെളിവുകളാണ്.

‘‘ആത്മാവ് (റൂഹ്) എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാണെന്ന് പറയുക’’[5] എന്ന ഖുർആൻവാക്യമാണ് ആത്മാവി(റൂഹ്)ന്റെ അനശ്വരതയിൽ വിശ്വസിക്കുന്നവർക്കുള്ള തെളിവെന്നാണ് ഈ വിഭാഗം ധരിച്ചിരിക്കുന്നത്. എന്നിട്ട് ഇതിൽ ആത്മാവ് എന്ന അർത്ഥത്തിലുപയോഗിച്ചിരിക്കുന്ന ‘റൂഹ്’ എന്ന പദം ഖുർആനിലെ വേറെയും പല സൂക്തങ്ങളിലെന്നപ്പോലെ വേറെ ഉദ്ദേശ്യത്തിലാണ് പ്രയോഗിച്ചിരിക്കുന്നത് എന്ന് അവർ വാദിക്കുകയും ചെയ്യുന്നു.

എന്നാൽ ആത്മാവിന്റെ അനശ്വരതയിൽ വിശ്വസിക്കുന്നവർക്ക് അതിനുള്ള തെളിവ് ഈ സൂക്തമാണെന്ന അവരുടെ ധാരണ തന്നെ പിശകാമ്. ഖുർആനിലെ വേറെ ഇരുപതോളം സൂക്തങ്ങളാണ് അവർക്ക് തെളിവായുള്ളത്.

ആത്മാവ് എന്നർത്ഥത്തിലുള്ള ‘റൂഹ്’ എന്ന പദം ഖുർആനിൽ ‘റൂഹൻ’ എന്ന് കേവല രൂപത്തിലും ‘റൂഹനാ’(നമ്മുടെ ആത്മാവ്), ‘റൂഹുൽ ഖുദുസ്’ (വിശുദ്ധാത്മാവ്), റൂഹീ (എന്റെ ആത്മാവ്), റൂഹൻ മിൻ അമ്രിനാ (നമ്മുടെ കൽപനയാലുള്ള ആത്മാവ്) എന്നിങ്ങനെ അകേവലരൂപത്തിലും വന്നിട്ടുണ്ട്. ഈ പ്രയോഗങ്ങളെല്ലാം സൂചിപ്പിക്കുന്നത്, ഖുർആന്റെ വീക്ഷണത്തിൽ മലക്കുകൾക്കും മനുഷ്യനും ഒരു ഉപരിയായ യാഥാർത്ഥ്യമുണ്ട് എന്നാണ്. അതിനെ ‘റൂഹ്’ എന്നു വിളിക്കുന്നു. മലക്കുകളിലും മനുഷ്യരിലും ദൈവത്തിന്റെ കൽപനയാൽ അവനിൽനിന്നുള്ള നിർഗ്ഗമമായ

ആ യാഥാർത്ഥ്യം ഉണ്ട്. മനുഷ്യനെക്കുറിച്ച് ''അവനിൽ ഞാൻ എന്റെ ആത്മാവിൽ നിന്ന് നിവേശിപ്പിച്ചു'' എന്നതുൾപ്പെടെ വന്നിട്ടുള്ള എല്ലാ വാക്യങ്ങളും സാക്ഷ്യപ്പെടുത്തുന്നത് മനുഷ്യാത്മാവിന് അഭൗതികമായ ഒരു യാഥാർത്ഥ്യമുണ്ട് എന്നാണ്.

ആത്മാവിന്റെ യാഥാർത്ഥ്യത്തെപ്പറ്റി വിവിധ ഖുർആൻ വാക്യങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതിനു പുറമെ വിശുദ്ധ പ്രവാചകരി(സ)ൽനിന്നും ഇമാമുകളിൽ (അ)നിന്നും ഇവ്വിഷയകമായി നിവേദനം ചെയ്യപ്പെട്ടിട്ടുള്ള വചനങ്ങൾ ഹദീസിന്റെയും പ്രാർത്ഥനയുടെയും ഗ്രന്ഥങ്ങളിലും 'നഹ്ജുൽ ബലാഗ'[6] യിലും കാണാം. ആത്മാവിനെ നിഷേധിക്കുകയെന്നത് ഒരു പാശ്ചാത്യൻ ഭൗതികവാദത്തിൽ നിന്നും ജഡഭോഗവാദത്തിൽ നിന്നുമാണ് അതിന്റെ ഉത്ഭവം. ഖേദകരമെന്നു പറയട്ടെ, വിശുദ്ധ ഖുർആനെ സത്യസന്ധതയോടെ പിന്തുടരുന്ന ചിലരെയും ഈ വാദം സ്വാധീനിച്ചിട്ടുണ്ട്.

മനുഷ്യൻ മരിക്കുന്നതിനെ കുറിക്കാൻ ഖുർആനിൽ 'തവഫ്ഫാ' എന്നു പ്രയോഗിച്ചിട്ടുള്ള ചില വാക്യങ്ങൾ തുടർന്ന് ഉദ്ധരിക്കാം. ഇവയിൽ ചിലതിൽ മരണത്തിന്റെ തൊട്ടുടനെ മനുഷ്യനിൽനിന്നുണ്ടാകുന്ന ചില സജീവ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സൂചനകളുണ്ട്. സംഭാഷണം, ആഗ്രഹപ്രകടനം, അപേക്ഷ എന്നിങ്ങനെ.

1. ''സ്വന്തം ആത്മാക്കളോട് ദ്രോഹം പ്രവർത്തിച്ച് ജീവിക്കുന്നതിനിടയിൽ മലക്കുകൾ മരിപ്പിച്ച വ്യക്തികളോട് അവർ ചോദിച്ചു: 'നിങ്ങൾ ഏതവസ്ഥയിലായിരുന്നു?' മലക്കുകൾ ചോദിച്ചു: 'അല്ലാഹുവിന്റെ ഭൂമി നിങ്ങൾക്കു പലായനം ചെയ്യാൻ വിശാലമായിരുന്നില്ലേ?' അവരുടെ വാസസ്ഥാനം നരകമാണ്. വളരെ ശോച്യമായ അന്ത്യം!''[7] (അന്നിസാഅ് സൂറ:97)

അന്യരുടെ നിയന്ത്രണത്തിൻ കീഴിൽ പ്രതികൂല പരിതഃസ്ഥിതിയിൽ ജീവിക്കേണ്ടിവന്നവരെ സംബന്ധിച്ചുള്ളതാണ് ഈ സൂക്തം. ആ പരിതഃസ്ഥിതിയെ പൊറുത്തതിന് അവർ ആക്ഷേപിക്കപ്പെടുയാണ്. ചുറ്റുപാട് മലീമസവും സാഹചര്യം പ്രതികൂലവുമായതിനാൽ തങ്ങൾക്കൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല എന്ന ഒഴികഴിവ് സമർപ്പിക്കുകയാണ് അക്കൂട്ടർ. പരിതഃസ്ഥിതിയെ മാറ്റിത്തീർക്കുവാൻ ശ്രമിക്കുകയോ അതിന് കഴിയില്ലെങ്കിൽ അതിന്റെ ദുർവലയത്തിൽ പെട്ടുപോകാതിരിക്കാൻവേണ്ടി അവിടെ നിന്ന് അനുകൂല പരിതഃസ്ഥിതിയിലേക്ക് പലായനം ചെയ്യുകയോ ചെയ്യാതെ ആ മലീമസമായ പരിതഃസ്ഥിതിയിൽ മുഴുകുകയും അതിന്റെ താൽപര്യങ്ങൾക്കു വിധേയപ്പെടുകയും ചെയ്യേണ്ടിവന്നു. ദൈവദൂതരായ മലക്കുകൾ അവരുടെ ആത്മാക്കളെ പിടിച്ച് അവരുമായി സംസാരിക്കുകയും അവരുടെ ഒഴികഴിവ് അസ്വീകാര്യമായി ഗണിക്കുകയും ചെയ്യുകയാണുണ്ടായത്. കാരണം, ചുരുങ്ങിയത് ആ പരിതഃസ്ഥിതിയിൽ നിന്ന് അനുകൂലമായ മറ്റൊരു പരിതഃസ്ഥിതിയിലേക്ക് പലായനം ചെയ്യുകയാണവർ വേണ്ടിയിരുന്നത്. മലക്കുകൾ അവരെ കുറ്റപ്പെടുത്തുകയും അവരുടെ തെറ്റുകൾക്കും മർദ്ദിതാവസ്ഥക്കും അവർ തന്നെയാണ് ഉത്തരവാദികളെന്ന വസ്തുത അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

ദാരിദ്ര്യത്തിനും ബലഹീനതയ്ക്കും സാഹചര്യത്തെ കുറ്റപ്പെടുത്തുന്നത് ന്യായമല്ലെന്നും സാഹചര്യ വിട്ടു പോകുന്നതിന് തടസ്സമുണ്ടെങ്കിൽ മാത്രമേ അത് ന്യായമാവുകയുള്ളുവെന്നും ഖുർആൻ ഈ വാക്യത്തിലൂടെ പഠിപ്പിക്കുന്നുണ്ട്.

നമ്മുടെ ബാഹ്യനേത്രം കാണുന്ന തരത്തിലുള്ള ജീവിതത്തിന്റെ നാശമോ അറുതിയോ അല്ല മരണമെന്നും മറിച്ച്, 'തവഫ്ഫാ' എന്ന പദം സൂചിപ്പിക്കുംപോലെ അത് ഒരു ഏൽപിക്കലും ഏൽക്കലുമാണ്. എന്നും ഈ യുദ്ധരിച്ച ഖുർആൻ സൂക്തത്തിൽ നിന്നു ഗ്രഹിക്കാം. ഈയർത്ഥം വരുന്ന പദം പ്രയോഗിച്ചതിനു പുറമെ, മരണത്തിന്റെ തൊട്ടുശേഷം മനുഷ്യനും മലക്കുകൾക്കുമിടയിൽ നടക്കുന്ന സംഭാഷണവും ന്യായവാദവും കൂടി മേൽസൂചിത വാക്യത്തിൽ ഉദ്ധരിച്ചിരിക്കുന്നു. മരണത്തിനു ശേഷവും മനുഷ്യൻ എന്ന യാഥാർത്ഥ്യം അനശ്വരമായി അവശേഷിക്കുന്നില്ലെങ്കിൽ, അത് ബോധവും സംവേദവും ഇല്ലാത്ത ഒരു മൃതശരീരം മാത്രമാണെങ്കിൽ, സംഭാഷണത്തിന് എന്തർത്ഥം? മനുഷ്യൻ ഇഹലോകവുമായും ഇവിടത്തെ അവസ്ഥയുമായും വേർപ്പെട്ടതിന് ശേഷം വ്യത്യസ്തമായ കണ്ണും കാതും നാക്കുമുപയോഗിച്ച് മലക്കുകളെന്ന അതീന്ദ്രിയ അസ്തിത്വങ്ങളുമായി ആശയവിനിമയം നടത്തുന്നുവെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു.

2. ''അവർ പറയുന്നു: എന്ത്! നാം ഭൂമിയിൽ നഷ്ടപ്പെട്ടുകഴിഞ്ഞ ശേഷം വീണ്ടും ഒരു പുതിയ സൃഷ്ടിയായിത്തീരുകയോ?' അല്ല, അവർ തങ്ങളുടെ നാഥനുമായുള്ള കൂടിക്കാഴ്ചയെ നിഷേധിക്കുന്നവരാണ്. പറയുക: 'നിങ്ങളുടെ ചുമതലയേൽപിച്ചിട്ടുള്ള മരണത്തിന്റെ മലക്ക് തീർച്ചയായും നിങ്ങളെ മുഴുവനായി പിടിച്ചെടുക്കുക തന്നെ ചെയ്യും. തുടർന്ന് നിങ്ങളുടെ നാഥന്റടുക്കലേയ്ക്ക് നിങ്ങളെ തിരിച്ചെത്തിക്കും'' (സജ്ദസൂറ :10-11).[8]

മരണാനന്തര ലോകത്തെക്കുറിച്ചും പാരത്രിക ജീവിതത്തെക്കുറിച്ചും നിഷേധികൾ എഴുന്നെള്ളിക്കാറുള്ള ഒരു പ്രശ്നം ഖുർആൻ ഈ സൂക്തത്തിൽ അതിനുള്ള മറുപടി സഹിതം സൂചിപ്പിക്കുന്നു. മനുഷ്യൻ മരിച്ച് അവന്റെ ഓരോ അംശവും മണ്ണിൽ ലയിച്ച് അവൻ നാമാവശേഷമായിക്കഴിഞ്ഞാൽ വീണ്ടുമവൻ പുതിയൊരസ്തിത്വമായി രൂപാന്തരപ്പെടുന്നതിനുള്ള സാധ്യതയെന്ത് എന്നതാണ് പ്രശ്നം. തനി നിഷേധപരവും ധിക്കാരപരവുമായ മാനസികാവസ്ഥയുടെ കൃതിപ്പാണ് ഈ ചോദ്യമെന്ന് സൂചിപ്പിച്ചതിന് ശേഷം ഖുർആൻ നൽകുന്ന ഉത്തരമിതാണ്: നിങ്ങളിലെ 'അഹം'[9] അഥവാ നിങ്ങളുടെ യഥാർത്ഥവ്യക്തിത്വം, മണ്ണിൽ നഷ്ടപ്പെടുന്നതായി നിങ്ങൾ ധരിക്കുന്ന ആ വസ്തുവല്ല. നിങ്ങൾ നിങ്ങളുടെ മുഴുവൻ വ്യക്തിത്വവും യാഥാർത്ഥ്യവും സഹിതം ദൈവദൂതന്മാരായ മലക്കുക

ളുടെ കൈകളിൽ അകപ്പെടുകയും അങ്ങനെ അവർ നിങ്ങളെ ദൈവസന്നിധിയിലെത്തിക്കുകയുമാണ് മരണത്തോടുകൂടി സംഭവിക്കുന്നത്.

നിഷേധികൾ ഭൗതിക ശരീരത്തിന്റെ കാര്യത്തിലാണിവിടെ പ്രശ്നമുന്നയിക്കുന്നത്. ഭൗതിക ശരീരം മുഴുവൻ ശിഥിലമാവുകയും മണ്ണിൽ അഴുകിച്ചേരുകയും ചെയ്താൽ പിന്നെ അതിനെങ്ങനെ പുനർജീവിതം കിട്ടുമെന്നാണവരുടെ ചോദ്യം.

ശരീരത്തിന്റെ ഈ നാശത്തെയും അഴുകലിനെയും സംബന്ധിച്ചുള്ള പ്രശ്നം ഖുർആനിൽ വേറെയും സൂക്തങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഈ നാശവും അഴുകലും നഷ്ടപ്പെടലുമെല്ലാം മനുഷ്യന്റെ സങ്കൽപത്തിൽ നടക്കുന്നതാണ്. മനുഷ്യന് മണ്ണിൽ ലയിച്ചുചേർന്ന് ശരീരാംശങ്ങളെ പുനഃസംഘടിപ്പിക്കൽ അസാധ്യമായിരിക്കാം. എന്നാൽ ദൈവത്തിന്റെ അപാരമായ അറിവിനെയും കഴിവിനെയും സംബന്ധിച്ചിടത്തോളം ഇത്തരം അസാധ്യതകളൊന്നും തന്നെയില്ല.

നിഷേധികൾ ഒരാളുടെ ഭൗതികാസ്തിത്വത്തിന്റെ ശിഥിലമായ അംശങ്ങളുടെ പുനഃസംഘടന നേർക്കുനേരെ പ്രശ്നമാക്കിയതായിട്ടാണ് ഉപരി സൂക്തങ്ങളിൽ പറഞ്ഞിരിക്കുന്നത്. എങ്ങനെ, എവിടെനിന്നവ പുനഃസംഘടിപ്പിക്കപ്പെടും?

എന്നാൽ ഇവിടെ മറ്റൊരു വിധത്തിലാണ് ഉത്തരം നൽകിയിരിക്കുന്നത്. കാരണം, ഈ സൂക്തത്തിൽ ശരീരാവയവങ്ങൾ മുഴുവൻ നശിച്ചു നാമാവശേഷമാകുന്നതിനെക്കുറിച്ചു മാത്രമല്ല പ്രതിപാദിക്കുന്നത്. ശരീരാംശങ്ങൾ മുഴുവൻ നഷ്ടപ്പെടുന്നതോടെ ‘നാം’ നഷ്ടപ്പെടുകയും അങ്ങനെ നാമും ഞാനും ഇല്ലാതാവുകയും ചെയ്യുന്നുണ്ടോ എന്നതാണ് ഇവിടെ പ്രശ്നം. ശരീരാവയവങ്ങൾ വേർപ്പെടുന്നതോടെ നമ്മുടെ യഥാർത്ഥവ്യക്തിത്വം നശിച്ച് നാമാവശേഷമായിത്തീരുന്നുവെന്നാണ് നിഷേധികൾ വാദിക്കുന്നത്. അതുകൊണ്ട് ഖുർആൻ ഇവിടെ ഈ വാദത്തെ ഖണ്ഡിക്കുന്നു. മനുഷ്യന്റെ യഥാർത്ഥവ്യക്തിത്വം ഒരിക്കലും നഷ്ടപ്പെടുന്നില്ല. എങ്കിലല്ലേ അതിനെ രണ്ടാമത് സൃഷ്ടിക്കേണ്ട പ്രശ്നമുദിക്കുന്നുള്ളു. യഥാർത്ഥ വ്യക്തിത്വം ദൈവദൂതന്മാരായ മലക്കുകളുടെ കയ്യിൽ ഏൽപിക്കപ്പെടുകയെന്നതാണ് മരണവേളയിൽ നടക്കുന്നത്. ഇതാണ് ഖുർആന്റെ ഉത്തരം.

താഴെ കൊടുക്കുന്ന ഖുർആൻസൂക്തം കൂടുതൽ വ്യക്തമായ നിലയിൽ തന്നെ മരണശേഷം ശാരീരികാവയവങ്ങൾ നശിച്ചാലും മനുഷ്യന്റെ യഥാർത്ഥ വ്യക്തിത്വം അനശ്വരമായി നിലനിൽക്കുമെന്ന് പഠിപ്പിക്കുന്നു:

3. ‘‘അല്ലാഹു ചേതനകളെ (ആത്മാക്കളെ) മരണവേളയിൽ പൂർണ്ണമായി പിടിച്ചെടുക്കുന്നു, മരിക്കാത്തവയെ നിദ്രവേളയിലും. അങ്ങനെ മരിക്കാൻ വിധിച്ചവയെ അവൻ തടഞ്ഞുവെക്കുകയും അല്ലാത്തവയെ ഒരു നിശ്ചിത അവധിവരേക്ക് വിട്ടയക്കുകയും ചെയ്യുന്നു. ചിന്തിക്കുന്ന ജനതക്ക് ഇതിൽ തീർച്ചയായും സൂചനകളുണ്ട്.’’[10] (സുമർസൂറ: 42)

ഈ സൂക്തം മരണവും ഉറക്കവും തമ്മിലും അന്തിമ ഉയിർപ്പും ഉണർച്ചയും തമ്മിലുമുള്ള സാദൃശ്യം സൂചിപ്പിക്കുന്നുണ്ട്. ഉറക്കം താൽക്കാലികമായ ഒരു ലഘുമരണമാണ്. മരണം കടുത്തതും ഗുരുതരവുമായ ഒരു ഉറക്കവും. രണ്ടിലും മനുഷ്യന്റെ ആത്മാവ് അല്ലെങ്കിൽ ചേതന ഒരവസ്ഥ മാറി മറ്റൊരവസ്ഥയിലേക്കു നീങ്ങുന്നു. ഇതാണ് വ്യത്യാസം: ഉറങ്ങുമ്പോൾ ഒരാൾ മിക്കവാറും അബോധാവസ്ഥയിലാണ്. അതിനാൽ താൻ ഒരു യാത്ര കഴിഞ്ഞ് തിരിച്ചെത്തിയിരിക്കുകയാണെന്ന് ഉണരുമ്പോൾ അയാൾ അറിയുന്നില്ല. മറിച്ച് മരണത്തിൽ എല്ലാം അയാൾക്കു വ്യക്തമായിരിക്കും.

മേലുദ്ധരിച്ച മൂന്ന് സൂക്തങ്ങളും സമഗ്രമായി മനസ്സിലാക്കുമ്പോൾ ഖുർആന്റെ വീക്ഷണപ്രകാരം, മരണമെന്നാൽ നശിക്കലോ നാമാവശേഷമാകലോ ജീവിതത്തിനറുതി സംഭവിക്കലോ അല്ല, അതൊരു അവസ്ഥാന്തരമാണ്. എന്ന് ഗ്രഹിക്കാൻ കഴിയും.

ഒപ്പംതന്നെ ഉറക്കത്തെ ഖുർആൻ എങ്ങനെ കാണുന്നുവെന്നും മനസ്സിലാക്കാം. ഭൗതികവും ശരീരശാസ്ത്രപരവുമായി ഉറക്കത്തെ വീക്ഷിക്കുമ്പോൾ അത് മനുഷ്യന്റെയും ജന്തുക്കളുടെയും സഹജമായ കഴിവുകൾക്ക് സംഭവിച്ചു പോകുന്ന താൽക്കാലികമായ ഒരു മുടക്കമാണെങ്കിലും ആത്മീയമായും ആന്തരികമായുമുള്ള വിലയിരുത്തലിൽ അത് ചേതനയുടെ അഥവാ ആത്മാവിന്റെ ഒരു യാത്രയും അദൃശ്യലോകത്തേയ്ക്കുള്ള ഒരു തിരിച്ചുപോക്കുമാണ്. മരണംപോലെതന്നെ ഉറക്കവും സയൻസിനെ സംബന്ധിച്ചിടത്തോളം അജ്ഞാത വിഷയങ്ങളിൽപ്പെട്ടതാകുന്നു. ഈ വിഷയങ്ങളിൽ സയൻസിനുള്ള അറിവ് ശരീരത്തിൽ ഇവ മൂലം സംഭവിക്കുന്ന ഭൗതിക പ്രക്രിയകളുടെ ഒരു ഭാഗം മാത്രമാണ്.

## മരണാനന്തരം ജീവിതം

മരണശേഷം മനുഷ്യൻ നേരെ ഉയിർത്തെഴുനേൽപ്പിന്റെ ലോകത്തിലേയ്ക്കെത്തുകയും അവന്റെ ഭാവി തൽക്ഷണം നിശ്ചയിക്കപ്പെടുകയും ചെയ്യുന്നുണ്ടോ? അതോ മരണത്തിനും ഉയിർത്തെഴുനേൽപിനുമിടക്ക് സവിശേഷമായ വേറൊരു ലോകം കൂടി അവന് തരണം ചെയ്യേണ്ടതുണ്ടോ? അങ്ങനെ മഹാ ഖിയാമത്ത് നാൽ[11] സംഭവിക്കുന്നതോടെയാണോ അവൻ ഉയിർത്തെഴുനേൽപ്പിന്റെ

ലോകത്തെത്തുന്നത്? ഈ മഹാഖിയാമത്ത് നാൾ എന്ന് സംഭവിക്കുമെന്നതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിനേയുള്ളൂ. പ്രവാചകന്മാർ പോലും ഇക്കാര്യത്തിൽ അവരുടെ അറിഞ്ഞുകൂടായ്മ വെളിപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.[12] ഖുർആനിൽ നിന്നും, പ്രവാചക മഹാ പ്രഭുവിൽ നിന്നും വിശുദ്ധ ഇമാമുകളിൽ നിന്നും ലഭിച്ചിട്ടുള്ള അനിഷേധ്യങ്ങളായ വിവരങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിക്കുന്നത് ആരും മരണാനന്തരം നേരെ ഉയിർത്തെഴുനേൽപ്പിന്റെ ലോകത്തിലേയ്ക്ക് എത്തുന്നില്ല എന്നാണ്. ഖിയാമത്ത് മലകൾ, സമുദ്രങ്ങൾ, സൂര്യൻ, ചന്ദ്രൻ, നക്ഷത്ര ഗോളങ്ങൾ, ക്ഷീരപഥങ്ങൾ എന്നിവയുൾപ്പെടെ ആകാശഭൂമികളെയും മുഴുവൻ ചരാചരങ്ങളെയും ഒന്നടങ്കം ബാധിക്കുന്ന സമഗ്രമായ മാറ്റങ്ങളോടും പരിവർത്തനങ്ങളോടും കൂടിയാണുണ്ടാവുക. ഖിയാമത്തിന്റെ വേളയിൽ ഒരു വസ്തുവും അതിന്റെ പൂർവ്വാവസ്ഥിൽ നിലനിൽക്കുകയില്ല. പുനരുത്ഥാന നാളിൽ ഒന്നാമനും ഒടുവിലെത്തവനും ഒരു മിച്ച്കൂട്ടപ്പെടും. പ്രപഞ്ചഘടന ഇപ്പോഴും നിലനിൽക്കുന്നത് നാം കാണുന്നു. ലക്ഷങ്ങളും കോടികളും വർഷം ഇനിയും ഇതിപ്പടി നിലനിന്നേക്കാം. എത്രയോ ബില്ല്യൻ കണക്കിനാളുകൾ ഇനിയും ഇവിടെ ജനിച്ച് മരിക്കാനുണ്ടായിരിക്കാം. അവരെല്ലാം ഒന്നൊഴിയാതെ ഒരുമിച്ച് കൂട്ടപ്പെടുന്ന നാളാണ് 'ഖിയാമത്ത്'.

ഖുർആനിലെ ഒരു സൂക്തത്തിന്റെയും വെളിച്ചത്തിൽ ഒരാളും മരണത്തിന്റെയും ഖിയാമത്തിന്റെയും ഇടവേളയിൽ അബോധവും സംവേദനരഹിതവുമായ അവസ്ഥയിലായിരിക്കുമെന്ന് തെളിയുകയില്ല. മരണത്തോടുകൂടി മനുഷ്യൻ എല്ലാം അനുഭവിച്ചുകൊണ്ടു തന്നെയുള്ള ജീവിതത്തിന്റെ മറ്റൊരു ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുന്നു. സന്തോഷവും ആനന്ദവും ദുഃഖവും വേദനയും അനുഭവപ്പെടുന്ന ഘട്ടമാണത്. ചില കാര്യങ്ങൾ സന്തോഷത്തിനും ചില കാര്യങ്ങൾ ദുഃഖത്തിനും കാരണമായിത്തീരും. ഐഹിക ജീവിതത്തിലെ ഒരാളുടെ ചിന്ത, സ്വഭാവം, പ്രവൃത്തി എന്നിവയായിരിക്കും അയാളുടെ ദുഃഖത്തിന്റെയും ആനന്ദത്തിന്റെയും ഹേതുക്കൾ. ഖിയാമത്ത് നാൾവരേക്കും ഈ ഘട്ടം തുടരും. വിപ്ലവങ്ങളുടെയും മാറ്റങ്ങളുടെയും തുല്യതയില്ലാത്ത പരമ്പരകൾ തന്നെ ഒന്നൊന്നായി സംഭവിച്ചു കൊണ്ടായിരിക്കും ഖിയാമത്ത് വന്നുഭവിക്കുക. വിദൂര ഗോളങ്ങൾ മുതൽ നാം അധിവസിക്കുന്ന ഭൂമിയുൾപ്പെടെ മുഴുവൻ പ്രപഞ്ചത്തെയും ബാധിക്കുന്നതായിരിക്കും ആ വിപ്ലവങ്ങളും മാറ്റങ്ങളും. ഖിയാമത്ത് സംഭവിക്കുന്നതോടെ മേൽപറഞ്ഞ ഘട്ടം തീരും.

അപ്പോൾ, ഖുർആൻ പ്രകാരം മരണാനന്തര ലോകം രണ്ടു ഘട്ടങ്ങളുള്ളതാണ്. അഥവാ, മനുഷ്യൻ മരണാനന്തരം രണ്ടു ലോകങ്ങൾ കടന്നു പോകണം. ഇഹലോകം പോലെ ഒരിക്കൽ അവസാനിക്കുന്നതാണ് അവയിലൊന്ന്. ഇതിനു 'ബർസഖ്' എന്നു പറയുന്നു. ഖിയാമത്തോടെ ആരംഭിക്കുന്നതാണ് രണ്ടാമത്തെ ലോകം. അതിനന്ത്യമില്ല. ഈ ലോകത്തെപ്പറ്റിയുള്ള ചുരുക്കവിവരം താഴെ കൊടുക്കുന്നു.

## ബർസഖ്

ബർസഖിന്[13] ഭാഷയിൽ ഇടയിലുള്ളതെന്നോ ഇടക്കാലമെന്നോ അർത്ഥം പറയാവുന്നതാണ്. മരണത്തിനും ഖിയാമത്തിനുമിടയ്ക്കുള്ള ഘട്ടത്തെ ഖുർആൻ ബർസഖ് എന്നു വിളിക്കുന്നു. മുഅ്മിനൂൻസൂറ 100ാം വാക്യത്തിൽ ഇങ്ങനെ കാണാം:

''...അങ്ങനെ അവരിൽ ഒരുത്തന് മരണം എത്തിക്കഴിഞ്ഞാൽ അവൻ പറയും: നാഥാ, എന്നെ മടക്കിവിടൂ. ഞാൻ ചെയ്യാതെ വിട്ട സൽക്കർമ്മം ചെയ്യട്ടെ!' ഒരിക്കലുമില്ല, അതവൻ പറയുന്ന ഒരു വാക്കുമാത്രം. അവർക്കു പിറകിൽ 'ബർസഖുണ്ട്'. അത് അവർ ഉയിർത്തെഴുനേൽപ്പിക്കപ്പെടുന്ന നാൾവരെയാണ്''.[14]

മരണത്തിനും പുനരുത്ഥാന (ഖിയാമത്ത്) ത്തിനുമിടയ്ക്കുള്ള ഘട്ടത്തെ ബർസഖ് എന്നു വിശേഷിപ്പിച്ചിട്ടുള്ള ഏക ഖുർആൻ സൂക്തമാണിത്. ഇസ്‌ലാമിക പണ്ഡിതന്മാർ ഇതിൽനിന്നാണ് ഖിയാമത്ത് വരേയ്ക്കുള്ള മരണോത്തര ഇടലോകത്തിന് 'ആലമുൽബർസഖ്' എന്ന നാമം കണ്ടെത്തിയിരിക്കുന്നത്.

മരണാനന്തരം മനുഷ്യൻ പശ്ചാത്താപം പ്രകടിപ്പിക്കുന്നതും ഐഹിക ലോകത്തിലേയ്ക്കുതന്നെ തിരിച്ചയക്കുവാൻ അപേക്ഷിക്കുന്നതും അതിന് അവന് നിഷേധരൂപത്തിൽ മറുപടി ലഭിക്കുന്നതും എടുത്തുപറഞ്ഞു കൊണ്ടാണ് ഈ സൂക്തത്തിൽ മനുഷ്യജീവിതം മരണത്തെത്തുടർന്നും നിലനിൽക്കുന്നുവെന്ന സംഗതി സൂചിപ്പിച്ചിരിക്കുന്നത്. മരണശേഷം മനുഷ്യൻ ഒരു തരത്തിലുള്ള ജീവിതം അനുഭവിക്കുന്നുണ്ടെന്നും അതിൽ ഇഹലോകത്തിലേയ്ക്കു മടക്കി അയയ്ക്കാനുള്ള അപേക്ഷ നിരസിക്കപ്പെടുന്നുണ്ടെന്നും ഈ സൂക്തത്തിൽ വളരെ നന്നായി വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മരണത്തിനും പുനരുത്ഥാനത്തിനുമിടയിൽ മനുഷ്യൻ ജീവിതം അനുഭവിക്കുന്നുണ്ടെന്നും ആ ജീവിതത്തിൽ അവൻ തീവ്രമായി വികാരം കൊള്ളുകയും സുഖവും ദുഃഖവും ആനന്ദവും വേദനയും അനുഭവിക്കുകയും സംഭാഷണം നടത്തുകയും കേൾക്കുകയും സംതൃപ്തനാവുകയും ചെയ്യുന്നുണ്ടെന്നും തെളിക്കുന്ന നിരവധി ഖുർആൻ സൂക്തങ്ങളുണ്ട്. പതിനഞ്ചോളം സൂക്തങ്ങൾ ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഈ ജീവിതത്തെ തെളിക്കുന്നതായി ഖുർആനിലുണ്ട്. മര

ണത്തിനും പുനരുത്ഥാനത്തിനുമിടയിൽ മനുഷ്യൻ സമ്പൂർണ്ണ ജീവിതം അനുഭവിക്കുന്നതായി അവ തെളീക്കുന്നു. ഇത്തരം സൂക്തങ്ങളെ മൊത്തത്തിൽ രണ്ടായിതിരിക്കാം.

1. മരണത്തിന്റെ തൊട്ടുടനെയായി മലക്കുകൾക്കും സജ്ജനങ്ങളോ ദുർജ്ജനങ്ങളോ ആയി മരിച്ചവർക്കുമിടയിൽ നടക്കുന്ന സംഭാഷണങ്ങൾ. ഇത്തരം സൂക്തങ്ങൾ ധാരാളമാണ്. നേരത്തെ ഉദ്ധരിച്ച അന്നിസാഅ് സൂറ 97ാം സൂക്തവും മുഅ്മിനൂൻസൂറ 100-ാം സൂക്തവും ഇത്തരത്തിൽപ്പെടുന്നു.

2. സജ്ജനങ്ങളോടുള്ള സംഭാഷണാനന്തരം മലക്കുകൾ അവരെ ആശീർവ്വദിച്ചുകൊണ്ട് പറയുന്ന വാക്കുകൾ. അവരോട് അവരുടെ പ്രയത്നഫലങ്ങൾ അനുഭവിക്കാൻ പുനരുത്ഥാനനാൾവരെ കാത്തിരിക്കാനല്ല മലക്കുകൾ പറയുന്നത്. മറിച്ച്, ഇനി നിങ്ങൾ ദൈവികമായ അനുഗ്രഹങ്ങളുടെ അനുഭൂതി നുകർന്നുകൊള്ളുകയെന്നാണ്. താഴെ കൊടുത്ത രണ്ടുദാഹരണങ്ങൾ കാണുക:

എ. ''പരിശുദ്ധരായിരിക്കെ മലക്കുകൾ കൈയ്യേല്ക്കുന്ന (മരിപ്പിക്കുന്ന) ആളുകളോട് അവർ പറയും: നിങ്ങൾക്കു സലാം! സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക. നിങ്ങളുടെ പ്രവർത്തന ഫലമാണത്'' (നഹ്ൽസൂറ: 32)

ബി. ''മരണാനന്തരം അദ്ദേഹത്തോടു പറഞ്ഞു: സ്വർഗ്ഗത്തിൽ പ്രവേശിക്കുക? അദ്ദേഹം പറഞ്ഞു: ഹാ! എന്റെ നാഥൻ എന്നോടു പൊറുത്തതും എന്നെ  ആദരിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയതും എന്റെ ജനത അറിഞ്ഞെങ്കിൽ!''

ഈ ഒടുവിലുദ്ധരിച്ച സൂക്തത്തിൽ പറഞ്ഞ വ്യക്തി യാസീൻ കുടുംബത്തിൽപ്പെട്ട[15] ഒരു വിശ്വാസിയാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ നാട്ടുകാരും തമ്മിൽ നടന്ന സംവാദം ഈ സൂക്തത്തിന്റെ മുൻസൂക്തങ്ങളിൽ ഖുർആൻ എടുത്തുപറഞ്ഞിട്ടുണ്ട്. സാക്ഷാൽ ദൈവത്തെമാത്രം ആരാധിക്കുവാനും മറ്റെല്ലാവിധത്തിലുള്ള ആരാധനകളും പരിത്യജിക്കുവാനും ജനങ്ങളെ ഉപദേശിച്ചുകൊണ്ട് അന്ത്യോഖ്യാപട്ടണത്തിൽ ചെന്ന പ്രവാചകരെ പിൻപറ്റുവാൻ അവിടച്ചെ ജനതയെ പ്രേരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. തുടർന്നദ്ദേഹം തന്റെ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുകയും തന്റെ പാത സ്വീകരിക്കുവാൻ സ്വന്തം നാട്ടുകാരെ ക്ഷണിക്കുകയും ചെയ്തു. പക്ഷേ,  താൻ മരണമടയുന്നതുവരേയ്ക്കും നാട്ടുകാർ അദ്ദേഹം പറഞ്ഞത് സ്വീകരിച്ചില്ല. മരണാനന്തരം പരലോകത്തിൽ തനിക്കുമുക്തി പ്രാപിക്കാനായതും താൻ  ആദരിക്കപ്പെട്ടതും ദർശിച്ച അദ്ദേഹം അപ്പോൾ ഐഹിക ജീവിതത്തിൽ കഴിയുന്ന തന്റെ  നാട്ടുകാർ താൻ അനുഭവിക്കുന്ന സൗഖ്യപൂർണ്ണമായ അവസ്ഥയെക്കുറിച്ച് അറിഞ്ഞെങ്കിൽ എന്നഭിലഷിക്കുകയാണ്. ഇതെല്ലാം നടക്കുന്നത് ഖിയാമത്തിനു മുമ്പാണല്ലോ. കാരണം ഖിയാമത്തോടെ ഭൂമിയിൽ ആരും ബാക്കിയുണ്ടാവില്ല. ആദ്യത്തെ മനുഷ്യൻ മുതൽ അവസാനത്തെ മനുഷ്യൻവരെ എല്ലാവരും അപ്പോൾ പരലോകത്തിലേയ്ക്ക് എഴുന്നേൽപിക്കപ്പെട്ടിട്ടുണ്ടാകും.

മരണാനന്തരം അനുഗൃഹീതർക്ക് ഒരു സ്വർഗ്ഗമല്ല ഒന്നിലധികം സ്വർഗ്ഗങ്ങൾ സജ്ജീകരിക്കപ്പെട്ടിട്ടുണ്ടെന്നുകൂടി ഇവിടെ ഓർക്കണം.[16] പലതരം സ്വർഗ്ഗങ്ങളായിരിക്കും അവ. അല്ലാഹുവുമായുള്ള സാമീപ്യത്തിന്റെതോതും പദവിയുമനുസരിച്ച് പരലോകത്തിൽ സ്വർഗ്ഗത്തിനും ഏറ്റ വ്യത്യാസമുണ്ടായിരിക്കും. ഇമാമുകളുടെ മഹദ്വചനങ്ങളിൽ വന്നിട്ടുള്ളതുപോലെ, ഈ സ്വർഗ്ഗങ്ങളിൽ ചിലത് ബർസഖിലേയ്ക്കുള്ളതാണ്. ഉയിർപ്പിനു ശേഷമുള്ള ലോകത്തിലേയ്ക്കുള്ളതല്ല. അതിനാൽ മേലുദ്ധരിച്ച രണ്ടു വാക്യങ്ങളിലെയും സ്വർഗ്ഗം ഉയിർപ്പിനുശേഷമുള്ള സ്വർഗ്ഗമാണെന്നു ധരിക്കേണ്ടതില്ല.

3. മനുഷ്യർ സുകൃതികളാകട്ടെ, ദുഷ്ടരാകട്ടെ, എല്ലാവരും മരണാനന്തരം ജീവിക്കുമെന്ന് നേർക്കുമേരെത്തന്നെ പ്രസ്താവിക്കുന്നവയാണ് മൂന്നാം വിഭാഗത്തിൽപ്പെട്ട സൂക്തങ്ങൾ. ആദ്യകൂട്ടർ അനുഗൃഹീതരായി സുഖാനന്ദങ്ങളിൽ കഴിയുമെന്നും രണ്ടാമത്തെ കൂട്ടർ ദുഃഖവും ശിക്ഷയും അനുഭവിച്ചുകഴിയുമെന്നും അവ വ്യക്തമാക്കുന്നു. ഇത് രണ്ടും മരണത്തിന്റെയും ഉയിർപ്പിന്റെയും ഇടയിലാണ്. ഇത്തരത്തിൽപ്പെട്ട രണ്ടു സൂക്തങ്ങൾ കാണുക.

1. ''അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെ മരിച്ചവർ എന്നു ധരിക്കരുത്. അവർ അവരുടെ നാഥന്റെ സന്നിധിയിൽ ഭക്ഷണം കിട്ടിക്കൊണ്ട് ജീവിച്ചിരിക്കുന്നവരാണ്. അല്ലാഹു നൽകിയ അനുഗ്രഹത്തിൽ അവർ സന്തോഷം കൊള്ളുന്നു. തങ്ങളോടൊപ്പം എത്തീട്ടില്ലാത്തവരും തങ്ങളുടെ പിന്നിലുള്ളവരുമായ ആളുകളുടെ കാര്യത്തിലും അവർക്കും സന്തോഷമാണുള്ളത്.. അവർക്ക് യാതൊന്നും ഭയപ്പെടാനോ ദുഃഖിക്കാനോ ഇല്ലെന്നോർത്ത്''[17] (ആലുഇമ്രാൻസൂറ: 169.70).

2. ''ദുഃഖഹേതുകമായ ശിക്ഷ അഥവാ അഗ്നി ഫിർഔൻ പ്രഭൃതികളെ വലയം ചെയ്തു. രാവിലെയും വൈകുന്നേരവും അവരെ അതിന്റടുത്ത് കൊണ്ടുപോകും. അന്ത്യനാളിൽ ഫിർഔൻ പ്രഭൃതികളെ അത്യന്തം കഠോരമായ ശിക്ഷയിൽ കടത്തുകയെന്ന ശബ്ദം മുഴങ്ങും'' (മുഅ്മിൻസൂറ: 45 -46).[18]

ഈ രണ്ടാമതുദ്ധരിച്ച സൂക്തം ഫിർഔൻ പ്രഭൃതികൾക്ക് രണ്ടുതരം ശിക്ഷയുള്ളതായി പറയുന്നു. ഒന്ന് ഉയിർപ്പിനുമുമ്പ്. അതിനെ ദുഃഖഹേതുകമായ ശിക്ഷയായി വിശേഷിപ്പിച്ചിരിക്കുന്നു. ദിനേന രണ്ടു തവണ നരകത്തിൽ പ്രവേശിപ്പിക്കാതെ അതിന്റടുത്തു കൊണ്ടുപോയി അത് കാണിക്കലാണ് ആ ശിക്ഷ. രണ്ടാമത്തേത് ഉയിർപ്പിനുശേഷമാമ്. അതിനെ അത്യന്തം കഠോരമായ ശിക്ഷയെന്നു

വിശേഷിപ്പിച്ചിരിക്കുന്നു. അതിന്റെ കൂടെ നരകത്തിൽ കടത്താനുള്ള വിളംബരവുമുണ്ട്. ആദ്യത്തേത് രാവിലെയും വൈകുന്നേരവുമാണ്. രണ്ടാമത്തേതിന് അങ്ങനെ സമയമൊന്നുമില്ല.

അമീറുൽ മുഅ്മിനീൻ ഹസ്രത്ത് അലി(അ) ഈ ഖുർആൻ വാക്യത്തിന്റെ വിശദീകരണത്തിൽ ആദ്യശിക്ഷ ബർസഖിലാണെന്നാണ് പറഞ്ഞിരിക്കുന്നത്. ബർസഖിൽ ഇഹലോകത്തിന്റെ തുടർച്ച യായി പ്രഭാതവും പ്രദോഷവും ആഴ്ചയും മാസവും വർഷവുമുണ്ടത്രെ. എന്നാൽ രണ്ടാമത്തെ ശിക്ഷ പുനരുത്ഥാനത്തിന്റെ അനന്തരമുള്ള ലോകത്തിൽ വെച്ചാണ്. അവിടെ പ്രഭാതമോ പ്രദോ ഷമോ ആഴ്ചയോ മാസമോ മറ്റോ ഇല്ല.

പ്രവാചകരി(സ)ൽ നിന്നും ഹസ്രത്ത് അലി (അ), മറ്റു ഇമാമുകൾ(അ) എന്നിവരിൽനിന്നും ബർസഖിനെയും വിശ്വാസികളുടെയും പാപികളുടെയും ആ ഘട്ടത്തിലെ ജീവിതത്തെയും സംബ ന്ധിച്ച് വ്യക്തമായി പ്രതിപാദിക്കുന്ന വചനങ്ങൾ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

ബദർയുദ്ധത്തിൽ മുസ്‌ലിംകളുടെ കൈയാൽ വധിക്കപ്പെട്ട ഒരു സംഘം ഖുറൈശിഗോത്രനേതാ ക്കളുടെ ശവശരീരങ്ങൾ സമീപത്തുള്ള ഒരു കിണറ്റിൽ കൊണ്ട്പോയി മറച്ച ശേഷം അതിനരികിൽ നിന്നുകൊണ്ട് പ്രവാചകൻ(സ) ആ ശവശരീരങ്ങളോട് ഇപ്രകാരം വിളിച്ചുചോദിക്കുകയുണ്ടായി: ''അല്ലാഹു ഞങ്ങൾക്കു നൽകിയ വാഗ്ദത്തം ഞങ്ങളെ സംബന്ധിച്ചിടത്തോളം പുലർന്നു. നിങ്ങളെ സംബന്ധിച്ചിടത്തോളമെന്തായി?''

ഇതുകേട്ട് പ്രവാചകരു(സ)ടെ സഖാക്കളിൽപ്പെട്ട ചിലർ അവിടുത്തോടു ചോദിച്ചു: മരിച്ചവരോട് സംസാരിക്കുകയോ? അവർ കേൾക്കുമോ?, നിങ്ങളെക്കാൾ കൂടുതൽ കേൾക്കുമെന്നാണ് അവി ടുന്ന് മറുപടി പറഞ്ഞത്.[19]

ഇതുപോലുള്ള പാരമ്പര്യങ്ങളിൽനിന്ന് മനസ്സിലാകുന്നത് മരണം ശരീരത്തെയും ജീവനെയും പര സ്പരം വേർപ്പെടുത്തുന്നുവെങ്കിലും അത്മാവ് അത് വർഷങ്ങളോളം കുടിപാർത്തുപോന്ന ശരീരവു മായി പൂർണ്ണമായും ബന്ധം വിഛേദിക്കുന്നില്ല എന്നാണ്.[20]

ഇമാം ഹുസൈൻ(അ) ആശൂറാദിനത്തിൽ[21] അനുയായികളുടെ കൂടെ സുബ്ഹ് നമസ്കാരം നിർവ്വഹിച്ച ശേഷം അവരോട് പ്രസംഗിക്കുവെ ഇപ്രകാരം പറയുകയുണ്ടായി: ''ക്ഷമാപൂർവ്വം ഉറച്ചു നിൽക്കുക. മരണം ദുഃഖത്തിന്റെയും യാതനയുടെയും തീരത്തുനിന്ന് സന്തോഷത്തിന്റെയും മഹത്വ ത്തിന്റെയും വിശാലമായ സ്വർഗ്ഗങ്ങളുടെയും മറുതീരത്തേയ്ക്ക് കടക്കാനുള്ള ഒരു പാലം മാത്രമാ ണ്.''

ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: ''മനുഷ്യർ ഉറങ്ങുകയാണ്. മരിക്കുമ്പോഴാണ് അവർ ഉണരുന്നത്''. എന്താണിപ്പറഞ്ഞതിന്റെ പൊരുൾ? മരണാനന്തരം മരിക്കുന്നതിന്റെ മുമ്പത്തേയ്ക്കാൾ കൂടുതൽ പൂർണ്ണമായി ജീവിക്കുന്നുവെന്നു തന്നെ. ഉറക്കത്തിൽ മനുഷ്യൻ ബോധവും സംവേദന ശക്തിയും ബലഹീനമായിത്തീരുകയും അവൻ അർദ്ധജീവിതവും അർദ്ധ മരണവും അനുഭവിക്കു കയും ഉണരുന്നതോടെ പൂർണ്ണമായ ജീവിതത്തിലേയ്ക്കുവരികയും ചെയ്യുന്നതുപോലെ, ബർസ ഖിലെ ജീവിതത്തെ അപേക്ഷിച്ച് ഇഹലോകത്തിലെ ജീവിതം ബലഹീനമായിരിക്കുകയും ബർസഖി ലേയ്ക്കു നീങ്ങുന്നതോടെ അത് പൂർണ്ണമായിത്തീരുകയും ചെയ്യുന്നുവെന്നു സാരം.

രണ്ടുകാര്യം ഇവിടെ ഓർക്കേണ്ടതാണ്. 1. ഇമാമുകളിൽ നിന്ന് ലഭിച്ചിട്ടുള്ള വിവരമനുസരിച്ച് ബർസഖ് ജീവിതത്തിൽ മനുഷ്യനോട് അവന്റെ വിശ്വാസാദർശങ്ങളെക്കുറിച്ചുമാത്രമേ ചോദ്യമുണ്ടാ കൂ. അതിനേ അവൻ മറുപടി പറയേണ്ടിവരൂ. മറ്റുകാര്യങ്ങളെക്കുറിച്ചെല്ലാമുള്ള വിചാരണയും ചോദ്യവും പുനരുത്ഥാനത്തിനുശേഷമാണ് അഭിമുഖീകരിക്കേണ്ടിവരിക.[22]

2. മരിച്ചവർക്കുവേണ്ടി അവരുടെ ബാക്കിയുള്ളവർ സാദുദ്ദേശത്തോടും പ്രതിഫലകാംക്ഷ യോടും കൂടി ചെയ്യുന്ന സൽക്കർമ്മങ്ങളുടെ ഫലങ്ങൾ അവർക്കു ലഭിക്കുകയും തൽഫലമായി അവർക്കും സുഖവും സന്തോഷവും അനുഭവിക്കാനാവുകയും ചെയ്യുന്നതാണ്. മരിച്ച പിതാക്കൾ, സുഹൃത്തുക്കൾ, ഗുരുനാഥന്മാർ മുതലായവരെ ഉദ്ദേശിച്ചു ചെയ്യുന്ന എല്ലാ വഴിപാടുകളും ദാന ധർമ്മങ്ങളും സ്വീകരിക്കപ്പെടുകയും അത് അവരുടെ സന്തോഷത്തിനു നിമിത്തമായി ഭവിക്കുകയും ചെയ്യും. സ്ഥിരമായി പ്രയോജനം ലഭിക്കുന്ന ധർമ്മസ്ഥാപനങ്ങൾ മുതലായവ തുടങ്ങി, തൽക്കാലം മാത്രം പ്രയോജനപ്പെടുന്ന പ്രവൃത്തികൾവരെ ഇങ്ങനെ മരിച്ചവർക്കുവേണ്ടി ചെയ്താൽ ഫലം സിദ്ധിക്കുന്ന കാര്യങ്ങളിൽപ്പെടുന്നു. മരിച്ചവർക്കുവേണ്ടി പ്രതിഫലം കിട്ടാനുദ്ദേശിച്ചുകൊണ്ട് ആർക്കെങ്കിലും വല്ലതും സമ്മാനിച്ചാലും ഇതേ ഫലം ചെയ്യും. ഇപ്രകാരം തന്നെ അവർക്കുവേണ്ടി പ്രാർത്ഥിക്കുക, മാപ്പിനപേക്ഷിക്കുക, അവർക്കു പകരമായി ഹജ്ജ് നിർവ്വഹിക്കുക, കഅബാപ്രദക്ഷി ണം, 'സിയാറത്ത്' മുതലായവ നടത്തുക എന്നിവയും ഫലപ്രദം തന്നെ.[23]

മാതാപിതാക്കളെ അവരുടെ ജീവിതകാലത്ത് വെറുപ്പിച്ച മക്കൾ അവരുടെ മരണശേഷം തങ്ങൾക്കു മാനസാന്തരം സംഭവിക്കുകയാൽ അവരെ തൃപ്തിപ്പെടുത്തുന്ന പ്രവർത്തനം വല്ലതും ചെയ്താൽ അവരുടെ തൃപ്തി കരസ്ഥമാക്കാൻ സാധിച്ചേയ്ക്കും. മാതാപിതാക്കൾക്ക് മക്കൾക്കുവേ ണ്ടിയും ഇതുപോലെ ചെയ്യാവുന്നതാണ്.

## ഖിയാമത്ത് അഥവാ ലോകാവസാനവും പുനരുത്ഥാനവും[24]

ശാശ്വത ജീവിതത്തിന്റെ രണ്ടാംഘട്ടം ഖിയാമത്തോടുകൂടി ആരംഭിക്കുന്നു. ഇത് ബർസഖ് പോലെയല്ല. ബർസഖ് വ്യക്തി വ്യക്തിയായിക്കൊണ്ട് അനുഭവിക്കുന്നതാണ്. ഈ സംഭവത്തിലാകട്ടെ എല്ലാ വ്യക്തികളും എല്ലാ വസ്തുക്കളും ഒന്നിച്ചകപ്പെടുന്നു. മനുഷ്യനെ മാത്രമല്ല മറ്റു ചരാചരങ്ങളെയും ബാധിക്കുന്ന സംഭവമാണിത്. പ്രപഞ്ചത്തെ ഒന്നടങ്കം ഈ സംഭവം സ്പർശിക്കും. അവിടന്നങ്ങോട്ട് എല്ലാം മാറും. പിന്നെ പുതിയ ഘട്ടം. പുതിയ ജീവിതം. പുതിയ വ്യവസ്ഥ.

വിശുദ്ധ ഖുർആൻ ഇത് സംഭവിക്കുന്നതിനെക്കുറിച്ച് നമുക്ക് വിവരം തന്നിരിക്കുന്നു. സൂര്യനും നക്ഷത്രഗോളങ്ങളും നിഷ്പ്രഭമാവുക, സമുദ്രങ്ങൾ വറ്റുക, പൊന്തിയും താഴ്ന്നും കിടക്കുന്ന പ്രദേശങ്ങളെല്ലാം നിരപ്പാവുക, മലകൾ ധൂളികളായി ചിതറുക, സർവ്വവ്യാപകമായ ഭൂമികുലുക്കവും ഇടിമുഴക്കവുമുണ്ടാവുക, തുല്യതയില്ലാത്ത വലിയ മാറ്റങ്ങളും വിപ്ലവങ്ങളും നടക്കുക-ഇത്തരം സംഭവങ്ങളോടെയാണ് ആ നാൾ പ്രത്യക്ഷപ്പെടുക. പ്രപഞ്ചത്തിന്റെ ഇന്നുള്ള ഘടനയാകെ നശിക്കുകയും തകർന്ന് തരിപ്പണമാവുകയും ചെയ്യുമെന്നാണ് ഖുർആനിൽ നിന്ന് ഗ്രഹിക്കാനാവുന്നത്. പിന്നീട് പ്രപഞ്ചം പുതുതായി നിർമ്മിക്കപ്പെടും. അങ്ങനെ അത് പുതിയ ജന്മം കൈവരിക്കും. പുതിയ ഘടനകളോടും നിയമവ്യവസ്ഥകളോടുകൂടി പുനഃക്രമീകൃതമാകുന്ന പ്രപഞ്ചം മൗലികമായ വ്യത്യാസങ്ങളോടെ തുടരുകയും എന്നെന്നേയ്ക്കുമായി നിലനിൽക്കുകയും ചെയ്യും.

ഖുർആനിൽ ഈ മഹാസംഭവത്തെ പല പേരുകളിലും വിശേഷണങ്ങളിലും സൂചിപ്പിച്ചിരിക്കുന്നു. ഓരോ പേരും ഓരോ വിശേഷണവും അതിനെ ഭരിക്കുന്ന വ്യത്യസ്ത ഘടനകളെയും സവിശേഷാവസ്ഥകളെയും കുറിക്കുന്നതാണ്. ചിലേടങ്ങളിൽ ഒരുമിച്ചുകൂട്ടുന്ന (ഹശ്ർ)ദിനം, സമ്മേളന(ജംഅ്)ദിനം, പരസ്പരകണ്ടുമുട്ടലി (അത്തലാഖി)ന്റെ ദിനം എന്നിങ്ങനെ കാണാം. ചരിത്രത്തിൽ എന്നോ എവിടെയോ ജീവിച്ച എല്ലാവരെയും ഒരു നിരപ്പിൽ കൊണ്ടുവരുന്ന ദിനമായതുകൊണ്ടാണ് ഇപ്പേരിൽ അത് വിളിക്കപ്പെടുന്നത്. രഹസ്യങ്ങൾ വെളിപ്പെടുത്തപ്പെടുന്ന ദിനം (യൗമതുബ്‌ലസ്സറായിർ), എല്ലാം മലർക്കെ തുറക്കപ്പെടുന്ന ദിനം (യൗമുന്നുശൂർ) എന്നീ പേരുകളിലാണ് മറ്റു ചില സ്ഥലങ്ങളിൽ പ്രസ്തുത ദിനം വിളിക്കപ്പെടുന്നത്. എല്ലാത്തിന്റെയും ആന്തരികവശങ്ങളും ഒളിച്ചു വെയ്ക്കപ്പെട്ട യാഥാർത്ഥ്യങ്ങളും സങ്കീർണ്ണമായിക്കിടക്കിരുന്ന കുരുക്കുകളും അനാവൃതമാകും അന്ന് എന്നതിനാലാണ് ഈ നാമകരണം. ശാശ്വതത്വത്തിന്റെ ദിനം (യൗമുൽ ഖുലൂദ്) എന്നാണ് ഇനിയുമൊരു പേര്. കാരണം ആ ദിനം ശാശ്വതമാണെന്നതുതന്നെ. ഖേദത്തിന്റെ ദിനം( യൗമുൽ ഹസ്റത്ത്) എന്നും നഷ്ടത്തിന്റെ ദിനം (യൗമുൽഗാബുൻ) എന്നും വേറെയും പേരുകളുണ്ട്. പാപികൾക്ക് ഖേദവും വേണ്ടത്ര ഒരുക്കങ്ങൾ ചെയ്യാത്തവർക്ക് നഷ്ടബോധവുമുണ്ടാകുന്ന ദിനമായതുകൊണ്ടാണിത്. അതൊരു മഹാസംഭവമാകയാൽ അതിനെപ്പറ്റി മഹാവൃത്താന്തം (അന്നബ ഉൽഅളീം) എന്നും ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്.

## ഇഹലോകജീവിതവും പരലോകജീവിതവും

ആകാശഗ്രന്ഥങ്ങൾ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ള സുപ്രധാനവും മൗലികവുമായ ഒരു വിവരം ഇഹലോക ജീവിതവും പരലോക ജീവിതവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്നതാണ്. ഈ രണ്ടു ജീവിതവും പരസ്പരം അഭേദ്യമാണ്. ഈ ജീവിതത്തിൽ മനുഷ്യൻ വിതയ്ക്കുന്ന വിത്തുകളാണ് ആ ജീവിതത്തിൽ അവൻ കൊയ്യുന്ന കതിരുകളാകുന്നത്. ആ ജീവിതത്തിലെ തന്റെ ഭാഗധേയം മനുഷ്യൻ ഇവിടെവെച്ച് സ്വയം തിരഞ്ഞെടുക്കുന്ന വഴിയിലൂടെ നിർണ്ണയിക്കുന്നു.

ശുദ്ധയും ശരിയും യഥാർത്ഥവുമായ വിശ്വാസം (യാഥാർത്ഥ്യാധിഷ്ഠിത പ്രപഞ്ചവീക്ഷണം), അസൂയ, വഞ്ചന, കൃത്രിമത്വം, ചതി, വിദ്വേഷം മുതലായ ദൂഷ്യങ്ങളിൽ നിന്ന് മുക്തവും പരിശുദ്ധവും സംസ്കൃതവുമായ ധാർമ്മിക നിലവാരം, വ്യക്തിപരമായ വളർച്ചയ്ക്കും സമൂഹത്തിന്റെ പുരോഗതിക്കും അനുഗുണമായ ഉത്തമ പ്രവൃത്തികൾ, നിഷ്ക്കളങ്കവും ആത്മാർത്ഥവുമായ സേവനങ്ങൾ ഇത്യാദികളാണ് മനുഷ്യന് സൗഖ്യപൂർണ്ണമായ അനശ്വരജീവിതം നേടിക്കൊടുക്കുന്നത്. ഇതിനു വിപരീതമായി അവിശ്വാസം, തെറ്റായ വിശ്വാസം, ദുസ്വഭാവം, ദുരാചാരം, സ്വാർത്ഥം, അഹങ്കാരം, ദുരഭിമാനം, അക്രമം, അനീതി, കാപട്യം, പലിശതീറ്റ, നുണപറയൽ, അപവാദപ്രചാരണം, ചതി, പരദൂഷണം, ഏഷണി, കുഴപ്പം സൃഷ്ടിക്കൽ, ദൈവാരാധനയിൽ നിന്നൊഴിഞ്ഞുമാറൽ ഇത്യാദികൾ മനുഷ്യന് പരലോകത്തിൽ ദുഃഖപൂർണ്ണവും അസന്തുഷ്ടി നിറഞ്ഞതുമായ ജീവിതത്തിനു ഹേതുവാകുന്നതാണ്.

''ഇഹലോകം പരലോകത്തിലേയ്ക്കുള്ള കൃഷിയിടമാകുന്നു''വെന്ന മനോഹരമായ തിരുമൊഴി എത്ര അർത്ഥവത്താണ്! നിങ്ങൾ എന്തു വിതയ്ക്കുന്നുവെന്നതിനെയാണ് നിങ്ങൾ എന്തു കൊയ്യുമെന്ന കാര്യം ആശ്രയിച്ചിരിക്കുന്നത്. ബാർലി വിതച്ചവൻ ഗോതമ്പു കൊയ്യുകയില്ല. മുൾച്ചെടി നട്ടവൻ പൂവിറുക്കുകയില്ല. ആട്ടങ്ങ നട്ടിട്ട് ഈത്തപ്പഴം പറിക്കാമെന്നു പ്രതീക്ഷിക്കുന്നതെങ്ങനെ? ഇപ്രകാരംതന്നെ ഇഹലോകത്തിൽ തെറ്റായ ചിന്തകളും ആശയങ്ങളും വെച്ചുപുലർത്തുകയും ദുസ്വഭാവ

ങ്ങളിലും ദുഷ്പ്രവൃത്തികളിലും മുഴുകുകയും ചെയ്ത വ്യക്തിക്ക് പരലോകത്തിൽ എങ്ങനെ നേട്ട മുണ്ടാക്കാനാവും?

## മനുഷ്യന്റെ പ്രവർത്തനങ്ങളുടെയും സമ്പാദ്യങ്ങളുടെയും അനശ്വരതയും സാക്ഷാൽക്കാരവും

ഖുർആന്റെ അദ്ധ്യാപനങ്ങളുടെയും ഇമാമുകൾ പഠിപ്പിച്ച പാഠങ്ങളുടെയും വെളിച്ചത്തിൽ ചിന്തി ക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് അനശ്വരനായ മനുഷ്യന്റെ പ്രവർത്തനങ്ങളും അവൻ പതി പ്പിക്കുന്ന അടയാളങ്ങളും കൂടി അനശ്വരമാണെന്നാണ്. അവയെല്ലാം രേഖപ്പെടുത്തുകയും സൂക്ഷി ക്കുകയും ചെയ്യുന്നുണ്ട്. ഉയിർപ്പുനാളിൽ മനുഷ്യൻ അവന്റെ മുൻകാല ചെയ്തികളെല്ലാം സവി ശേഷമായ ആകൃതിയും രൂപവും പൂണ്ട നിലയിൽകാണും. സൽക്കർമ്മങ്ങൾ വളരെ മനോഹരവും ആകർഷകവും രസകരവുമായ രൂപമണിഞ്ഞിരിക്കും. അത് സന്തോഷത്തിനും ആനന്ദത്തിനും ഹേതുവാകും. ദുഷ്കർമ്മങ്ങൾ വിചിത്രവും വൃത്തിഹീനവും ഭീകരവും അലോസരമുണ്ടാക്കുന്നതു മായ രൂപത്തിലാണ് പ്രത്യക്ഷമാവുക. വേദനയ്ക്കും ദുഃഖത്തിനും ക്ലേശത്തിനും അത് കാരണമാവു കയും ചെയ്യും. ഇതിന് തെളിവായി മൂന്ന് ഖുർആൻ വാക്യങ്ങളും രണ്ട് നബിവാക്യങ്ങളും താഴെ ഉദ്ധരിക്കുന്നു. ആദ്യം ഖുർആൻ വാക്യങ്ങൾ:

1. ''ഓരോ വ്യക്തിയും താൻ ചെയ്ത നന്മ കൺമുമ്പിൽ കൊണ്ടുവന്നു നിറുത്തിയിരിക്കുന്നത് കാണുന്ന ദിവസം; താൻ ചെയ്ത തിന്മയും. തനിക്കും തന്റെ മുമ്പിൽ വന്നുനിൽക്കുന്ന ആ തിന്മ യ്ക്കുമിടയിൽ വിദൂരമായ അകലമുണ്ടായിരുന്നെങ്കിൽ എന്ന് അവൻ ആഗ്രഹിക്കും''[25] (ആലുഇ മ്രാൻസൂറ: 30).

മനുഷ്യൻ സ്വന്തം കർമ്മങ്ങളെത്തന്നെ കാമുന്നതായാമ് ഖുർആൻ വ്യക്തമാക്കുന്നത്. സൽക്കർമ്മങ്ങളെ തനിക്കഭികാമ്യവും അഭിലഷണീയവുമായ രൂപത്തിലും ദുഷ്ക്കർമ്മങ്ങളെ താൻ വെറുക്കുന്നതും തനിക്കു ഭീതിയും അവജ്ഞയും ജനിപ്പിക്കുന്നതുമായ രൂപത്തിലും രൂപാന്തരപ്പെട്ട തായിട്ടാണ് അവൻ കാണുന്നത്. അവയുടെ മുമ്പിൽനിന്ന് താൻ ഓടി രക്ഷപ്പെടുകയോ തന്റെ മുമ്പിൽനിന്നവ എടുത്ത് അതിവിദൂരമായ എങ്ങോട്ടെങ്കിലും മാറ്റുകയോ ചെയ്തെങ്കിൽ എന്നവൻ ആഗ്രഹിക്കുകയാണ്. പക്ഷെ, മനുഷ്യനെയും അവന്റെ കർമ്മത്തെയും തമ്മിൽ വേർപ്പെടുത്തുന്ന തിനോ അവന്റെ കർമ്മത്തിൽനിന്ന് അവന് ഓടിയ കലുന്നതിനോ കഴിയാത്ത സ്ഥലമാണത്. അവിടെ കൺമുമ്പിൽ ആകൃതി പൂണ്ട് പ്രത്യക്ഷപ്പെട്ടിരിക്കുന്നത് മനുഷ്യന്റെത്തന്നെ പ്രവർത്തനമാ ണ്. അത് അവന്റെ അസ്തിത്വത്തിന്റെ അവിഭാജ്യമായ ഭാഗമാണ്.

2. ''തങ്ങളുടെ പ്രവർത്തനങ്ങൾ കൺമുമ്പിൽ വന്നു നിൽക്കുന്നത് അവർ കാണുകയാണ്''[26] (അൽകഹ്ഫ്സൂറ: 49).

മേലുദ്ധരിച്ചതും വിവരിച്ചതുമായ വാക്യത്തിന്റെ അതേ പൊരുൾ തന്നെയാണീ വാക്യത്തിന്റേ തും.

3. ''അന്നാളിൽ ജനങ്ങൾ വ്യത്യസ്തസംഘങ്ങളായിക്കൊണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ കാണി ക്കപ്പെടേണ്ടതിനായി പുറപ്പെട്ടുവരും. അങ്ങനെ അണുമണിത്തൂക്കം നന്മ ചെയ്തവൻ അത് കാണും. അണുമണിത്തൂക്കം തിന്മചെയ്തവൻ അതും കാണും'' (അസ്സിൽസാൽ സൂറ: 6-8)

മനുഷ്യൻ അനശ്വരനാണ്. അപ്രകാരം തന്നെ അവന്റെ പ്രവർത്തനങ്ങളും സമ്പാദ്യങ്ങളും അന ശ്വരമാണ്. മറ്റൊരുവിധം പറഞ്ഞാൽ, ഇഹലോകത്തിൽ ഒരാളുടെ പ്രവർത്തനങ്ങളും പെരുമാറ്റ ങ്ങളും സമ്പാദ്യങ്ങളും എത്തരത്തിലുള്ളതാണോ അതിനനുസൃതമായ ജീവിതമായിരിക്കും പാരത്രി കലോകത്തിൽ അവന് ലഭിക്കുക. ആ പ്രവർത്തനങ്ങളും പെരുമാറ്റങ്ങളും സമ്പാദ്യങ്ങളും നല്ലതോ ചീത്തയോ ആവട്ടെ അവയായിരിക്കും അവന്റെ മൂലധനം. അവയായിരിക്കും അവന്റെ ശാശ്വത കൂട്ടുകെട്ട്. നല്ലതെങ്കിൽ നല്ല കൂട്ടുകെട്ട്; ചീത്തയെങ്കിൽ ചീത്ത കൂട്ടുകെട്ട്. ഇനി ഈയർത്ഥത്തിൽ വന്ന നബിവാക്യങ്ങൾ കാണുക:

1. ഒരിക്കൽ ഒരു സംഘം മുസ്ലിംകൾ ദൂരെയുള്ള ഒരു പ്രദേശത്തുനിന്ന് നബി(സ)യെ കാണാൻ എത്തി. സംസാരത്തിനിടയിൽ അവർ അവിടുത്തോട് തങ്ങൾക്ക് ഫലപ്രദമായ ഉപദേശങ്ങൾ തേടി. അവിടുന്ന് നൽകിയ ഉപദേശങ്ങളിൽ ഒന്നിൽ ഇപ്രകാരമുണ്ടായിരുന്നു: ''മനുഷ്യന്റെ ഇഹലോക ത്തിലെ പ്രവർത്തനങ്ങളും പെരുമാറ്റങ്ങളുമായിരിക്കും പരലോകത്തിൽ അവന്റെ ജീവിക്കുന്ന കൂട്ടു കാരായി രൂപാന്തരപ്പെടുക. അതിനാൽ പരലോകത്തിലേയ്ക്കു നല്ല കൂട്ടുകാരെ സമ്പാദിച്ചുവെ യ്ക്കുക.''

2. ഹുസൈനുബ്നുസുഫ്യാൻ അദ്ദേഹത്തിന്റെ 'മുസ്നദി'ലും അബൂനുഐം 'ഹിൽയത്തി'ലും ശദ്ദാദുബ്നുഔസിനെ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ശദ്ദാദ് പറയുക യാണ്: റസൂൽ തിരുമേനി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്:

''ജനങ്ങളെ, ഐഹികജീവിതം താൽക്കാലികമായ വിഭവമാണ്. ദുഷ്ടനും ശിഷ്ടനും അത് അനു ഭവിക്കാം. പാരത്രികലോകമാകട്ടെ പുലരുന്ന വാഗ്ദാനമാണ്. അവിടെ രാജാധിരാജന്റെ ഭരണമായി

രിക്കും. സത്യം സത്യമായും അസത്യം അസത്യമായും അവിടെ പുലരും. ജനങ്ങളെ, നിങ്ങൾ പാരത്രികലോകത്തിന്റെ സന്തതികളാവുക. ഐഹികലോകത്തിന്റെ സന്തതികളാകല്ല. കാരണം, ഓരോ സന്തതിയും അതിന്റെ തള്ളയെ പിൻതുടരും. നിങ്ങൾ പ്രവൃത്തിയെടുക്കുക. അല്ലാഹു നിങ്ങളെ നോക്കുന്നുണ്ട്. നിങ്ങളുടെ പ്രവൃത്തികൾ നിങ്ങൾക്ക് കാണിക്കപ്പെടുന്നതാണെന്നറിയുക. അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയിൽ നിന്ന് നിങ്ങൾക്കൊഴിയാനാവുകയില്ല. അണുമണിത്തൂക്കം നന്മ ചെയ്തവൻ അന്ന് അത് കാണും. അണുമണിതൂക്കം തിന്മചെയ്തവൻ അതും കാണും.''(അദ്ദുർറുൽ മൻസൂറിൽനിന്ന്).[27]

ഒരു പാരത്രികലോകവിശ്വാസി ഗൗരവത്തോടുകൂടിയാണ് തന്റെ ചിന്തകളും പ്രവർത്തനങ്ങളും പെരുമാറ്റങ്ങളും വികാരവിചാരങ്ങളും പരിഗണിക്കുക. കാരണം, അവ താൽക്കാലികങ്ങളല്ലെന്നും ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്നവയാണെന്നും മറ്റൊരു ലോകത്തിലുള്ള ജീവിതത്തിൽ തനിക്കു മൂലധനമായിമാറുന്നവയാണെന്നുമുള്ള അറിവും അവബോധവും അയാൾക്കുണ്ട്.

## ഇഹപരജീവിതങ്ങൽ തമ്മിലുള്ള സാമ്യതകളും വ്യത്യാസങ്ങളും

ഇഹലോകജീവിതത്തിനും പരലോകജീവിതത്തിനുമിടയിൽ പല സാമ്യതകളുമുണ്ട്. രണ്ടും യഥാർത്ഥമാണ്. തന്നെസംബന്ധിച്ചും താനുമായി ബന്ധപ്പെട്ട വ്യക്തികളെയും വസ്തുക്കളെയും സംബന്ധിച്ചും രണ്ടിലും മനുഷ്യൻ ബോധവാനാണ്. സുഖം, ദുഃഖം, സന്തോഷം, വിഷമം, സുസ്ഥിതി, വിപത്ത് എന്നിവ രണ്ടിലുമുണ്ട്. മാനുഷികവും മൃഗീയവുമായ സഹജവാസനകളും മനുഷ്യന് പ്രത്യേകമായുള്ള അഭിരുചികളും രണ്ടു ജീവിതത്തിലും നിലനിൽക്കും. രണ്ടിലും മനുഷ്യൻ ആകാശവും അവയവങ്ങളുമുള്ള ശരീരത്തോടുകൂടി ജീവിക്കും. രണ്ടിടത്തും അന്തരീക്ഷവും പദാർത്ഥവുമുണ്ട്. ഇനി ചില വ്യത്യാസങ്ങൾ കാണുക:

ഇവിടെയുള്ള പ്രത്യുൽപാദനം, ജനനം, ശൈശവം, യുവത്വം, വാർദ്ധക്യം, മരണം എന്നിവയൊന്നും അവിടെയില്ല. ഇവിടെ അദ്ധ്വാനിക്കുകയും വിതയ്ക്കുകയും സാഹചര്യങ്ങൾ അനുകൂലമാക്കിയെടുക്കുകയും വേണം. അവിടെയാകട്ടെ, ഇവിടെ പ്രവർത്തിച്ചതിന്റെ ഫലങ്ങളും വിളകളും കൊയ്തെടുത്തനുഭവിക്കുകയാണ് ചെയ്യുക. ഇവിടെ പ്രവർത്തന മേഖലകളും അവിടെ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകളും ഫലപ്രാപ്തിയുമാണ്. ഇവിടെ വെച്ച് ഒരാൾക്ക് തന്റെ ദിശയിലും പ്രവർത്തനമാർഗ്ഗത്തിലും മാറ്റം വരുത്തിക്കൊണ്ട് തന്റെ ഭാഗധേയം സ്വയം മാറ്റാൻ കഴിയും. അവിടെവെച്ച് കഴിയില്ല. ഇവിടെ ജീവിതവും മരണവും കൂടിക്കുഴഞ്ഞുകിടക്കുകയാണ്. ഓരോ ജീവിതവും ഒരു നിർജ്ജീവ പദാർത്ഥവുമായി ബന്ധപ്പെട്ടു കൊണ്ടാണുള്ളത്. മാത്രമല്ല, ഇവിടെ ജീവനുള്ള വസ്തുക്കൾ മരണത്തിലേയ്ക്കു നീങ്ങുകയും, അതേ സമയം നിർജ്ജീവമായ പദാർത്ഥങ്ങൾ അനുകൂലമായ ഉപാധികൾക്കുകീഴിൽ ജീവൻ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അവിടെ ജീവിതം മാത്രമേയുള്ളൂ. പദാർത്ഥവും ദ്രവ്യവുമെല്ലാം ജീവനുള്ളതാണ്. ആകാശം, ഭൂമി, തോട്ടങ്ങൾ, പഴങ്ങൾ എന്നിവയ്ക്കെല്ലാം ജീവനുണ്ടായിരിക്കും. മനുഷ്യന്റെ ഐഹികജീവിതത്തിലെ പ്രവർത്തനങ്ങൾ അവിടെ ജീവിൻവെച്ച് രൂപപൂണ്ടു വരുന്നതുപോലെതന്നെ. അഗ്നിക്കും അതിന്റെ ശിക്ഷയ്ക്കുപോലും ബോധവും ചേതനയുമുണ്ടാകും.[28] ഇവിടെ സവിശേഷവും കാലാവസ്ഥയ്ക്കനുസരിച്ചുള്ളതുമായ ഉപാധികളും കാര്യകാരണനിയമങ്ങളും ഭരിക്കുന്നു. അവിടെയുമുണ്ട്. ചലനവും പരിണാമവുമെല്ലാം. പക്ഷെ, ദൈവികമായ ഇച്ഛ നേർക്കുനേരെ പ്രവർത്തിക്കുകയായിരിക്കും. അവിടെ മനുഷ്യന്റെ അറിവും ബോധവും, മൊത്തത്തിൽ അവന്റെ കാഴ്ച, കേൾവി, അനുഭൂതി എന്നിവയെല്ലാം തന്നെ അവിടെ കൂടുതൽ ശക്തമായിരിക്കും. മറ്റൊരുവിധം പറഞ്ഞാൽ, ഇഹലോകത്തിൽ മനുഷ്യന്റെ മുമ്പിലുള്ള യാതൊരു മറയും തടസ്സവും അവിടെയുണ്ടായിരിക്കയില്ല. അവയെല്ലാം നീങ്ങിയിരിക്കും. തന്റെ അഗാധവും ദീർഘവുമായ വീക്ഷണത്തിലൂടെ മനുഷ്യൻ വസ്തുതകളെ ഗ്രഹിക്കും. വിശുദ്ധ ഖുർആൻ പറഞ്ഞുപോലെ: ''നിന്റെ മുമ്പിലുണ്ടായിരുന്ന മറ നാം നീക്കിയതിനാൽ ഇന്ന് നിന്റെ ദൃഷ്ടി തീക്ഷ്ണമാണ്''[29] (ഖാഫ്സൂറ: 22)

ഇഹലോകത്തിൽ ക്ഷീണവും തളർച്ചയും മടുപ്പും ഭംഗവുമുണ്ട്; വിശിഷ്യാ ഏകരീതിയിൽ വൈവിധ്യമില്ലായ്മ അനുഭവിച്ചു കഴിയേണ്ടിവരുന്നതിനാൽ. മനുഷ്യൻ സദാ എന്തിനോവേണ്ടി തിരയുകയും അന്വേഷിച്ചു നടക്കുകയുമാണ്. അന്വേഷിക്കുന്നത് ലഭിച്ചാൽ അവന് സന്തോഷമായി. പക്ഷേ, അധികം കഴിയും മുമ്പ് ലഭിച്ചത് വിട്ട് വേറെ വല്ലതിന്റെയും അന്വേഷണത്തിലാകും. നേരത്തെ തനിക്ക് ലഭിച്ചതല്ല അപ്പോൾ അവന്റെ അന്വേഷണ വസ്തു. ഇതാണ് ഇഹലോകത്തിലെ അവന്റെ സ്ഥിതി. എപ്പോഴും അവൻ അന്വേഷണത്തിലാണ്. ഉള്ളതിൽ സംതൃപ്തനല്ല. ഇല്ലാത്തതിൽ അസ്വസ്ഥനും അസംതൃപ്തനുമാണ്. പരലോകത്തിൽ ജഗന്നിയന്താവിന്റെ, അഥവാ അവന്റെ സാക്ഷാൽ പരിപാലകന്റെ സന്നിധിയിൽ അവനും അവന്റെ സ്വത്വബോധവും മുഴുവനായി വിലയം കൊണ്ടിരിക്കുകയാണ്. അവിടെ അവൻ അനശ്വരജീവിതത്തെ പ്രാപിച്ചിരിക്കുകയാണ്. പിന്നീടവന് തളർച്ചയോ ക്ഷീണമോ മടുപ്പോ ഭംഗമോ ഒന്നുമില്ല. അവന്റെ പ്രകൃതിയുടെ അഗാധതകളിലും വൈയക്തികമായ ബോധത്തിലും നിലനിന്നിരുന്ന അന്വേഷണം ഇപ്പോൾ സംതൃപ്തി കൈവരിച്ചിരിക്കയാണ്. ''അതിൽ നിന്നൊരു മാറ്റം അവർ കൊതിക്കുകയില്ല''[30] (അൽകഹ്ഫ്സൂറ: 108) എന്ന ശകലത്തിലൂടെ ഖുർആൻ ഇതിലേയ്ക്ക് സൂചന നൽകുന്നു. ഇഹലോകത്തിൽ നിന്നു വ്യത്യസ്തമായി,

മനുഷ്യൻ അവിടെ ഒരു മാറ്റമോ പുതിയൊരവസ്ഥയോ തേടുകയില്ലെന്നു സാരം. സ്വർഗ്ഗത്തിൽ വസിക്കുന്നവർക്ക് അവിടത്തെ വാസം ശാശ്വതമായതുകൊണ്ട് മടുപ്പോ വിരസതയോ അനുഭവപ്പെടുകയില്ല എന്നാണിത് കാണിക്കുന്നത്. ഇതിനുപുറമെ ആഗ്രഹിക്കുന്നതെന്തും ദൈവേച്ഛയാൽ അവർക്കവിടെ കിട്ടും. അതിനാൽ എന്തിന്റെയെങ്കിലും ഇല്ലായ്മയെപ്പറ്റി അവർക്കു ദുഃഖമോ നൈരാശ്യമോ വേണ്ടിവരില്ല.

## ഖുർആൻ സമർപ്പിക്കുന്ന തെളിവുകൾ

ഉയിർപ്പിലുള്ള നമ്മുടെ വിശ്വാസത്തിനടിസ്ഥാനം ഖുർആനിലും പ്രവാചക സന്ദേശത്തിലുമുള്ള വിശ്വാസമാകയാൽ ശാസ്ത്രീയമോ മറ്റോ ആയവേറെയേതെങ്കിലും സ്രോതസ്സിൽ നമുക്ക് തെളിവ് ആരായേണ്ടതില്ല. എങ്കിലും വിഷയം വേഗത്തിൽ ഉൾക്കൊള്ളാൻ മാത്രം ലളിതമായിരിക്കേണ്ടതിനുവേണ്ടി ഖുർആൻ തന്നെ ചില തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ആ തെളിവുകളിലൂടെ നമുക്ക് പുനരുത്ഥാനത്തെക്കുറിച്ചുള്ള അറിവിലേയ്ക്ക് നേർക്കുനേരെ എത്തിച്ചേരാം. പ്രസ്തുത തെളിവുകൾ ചുരുക്കത്തിൽ താഴെ പറയുന്നു.

ഖുർആൻ സമർപ്പിക്കുന്ന തെളിവുകൾ ഉയിർത്തെഴുനേൽപ്പിനെ നിഷേധിക്കുന്നവർക്കുള്ള ചില ഉത്തരങ്ങളാണ്. ഉയിർത്തെഴുന്നേൽപ്പ് അസാധ്യമാണെന്നു ധരിക്കുന്നവർക്ക് തങ്ങളുടെ ആ ധാരണയ്ക്ക് യാതൊരു തെളിവുമില്ലെന്നു വ്യക്തമാക്കുന്ന ഉത്തരങ്ങളാണ് ചിലത്. ചില ഖുർആൻ സൂക്തങ്ങൾ കുറച്ചുകൂടി മുമ്പോട്ടു കടന്ന്, ഐഹികജീവിതത്തിൽ തന്നെ ഉയിർത്തെഴുനേൽപിന്റെ മാതൃകകളും ഉദാഹരണങ്ങളും കാണുന്ന സ്ഥിതിക്ക് അതിനെ നിഷേധിക്കുന്നതിന് പഴുതില്ലെന്ന വസ്തുത എടുത്തുകാട്ടുന്നു. ഇനിയും ചില സൂക്തങ്ങൾ ഉയിർത്തെഴുനേൽപ്പിനെ അനിവാര്യമായും ഒഴിച്ചുകൂടാത്തതായും പ്രപഞ്ച സൃഷ്ടിയിൽ അടങ്ങിയിരിക്കുന്ന യുക്തിയുടെ താൽപര്യമായും വിശേഷിപ്പിക്കുന്നു. ഈ മൂന്നു വിഭാഗം സൂക്തങ്ങൾ ഇവിടെ ക്രമത്തിൽ ഉദ്ധരിക്കാം.

1. യാസീൻസൂറ 78ാം വാക്യത്തിൽ പറയുന്നു: ''അവൻ (മനുഷ്യൻ) തന്റെ ഉത്ഭവം മറന്ന് നമുക്കൊരു ഉപമ എഴുന്നള്ളിച്ചിരിക്കുന്നു. 'അസ്ഥികൾ ദ്രവിച്ചാൽ പിന്നെ അവയെ ആര് ജീവിപ്പിക്കു ''മെന്നാണവൻ ചോദിച്ചിരിക്കുന്നത്. പറയുക: ആദ്യം അവയെ ഉണ്ടാക്കിയവൻ അവയെ ജീവിപ്പിക്കും. എല്ലാം സൃഷ്ടിയെക്കുറിച്ചും അവന് നല്ലപോലെ അറിയാം.''[31]

ഒരവിശ്വാസിക്കുള്ള ഉത്തരമായാണ് ഈ സൂക്തം അവതരിച്ചത്. അയാൾ കൈയിൽ ദ്രവിച്ച ഒരസ്ഥിയുമായി വന്നു. എന്നിട്ടത് കൈകൊണ്ട് പൊടിച്ച് കാറ്റിൽ പറത്തിയിട്ട് ചോദിച്ചു: ഈ ചിതറിയ ധൂളികൾക്ക് രണ്ടാമതും ജീവനിടാൻ ആരെക്കൊണ്ട് കഴിയും? അവയെ ആദ്യമായുണ്ടാക്കിയതാരോ അവന് അവയ്ക്ക് ജീവനിടാൻ കഴിയുമെന്നാണ് ഖുർആന്റെ ഉത്തരം.

മനുഷ്യൻ ചിലപ്പോൾ സാധ്യവും അസാധ്യവും തന്റെ കഴിവിന്റെയും ശക്തിയുടെയും പരിധിയിൽ വെച്ച് നിശ്ചയിക്കുന്നു. ഒരു കാര്യം തന്റെ കഴിവിനും സങ്കൽപത്തിനും അതീതമായി കണ്ടാൽ അത് സ്വയംതന്നെ അസാധ്യമായി ഗണിക്കുകയാണവൻ. ഖുർആൻ പറയുന്നത്, മനുഷ്യ കഴിവിൽ അക്കാര്യം അസാധ്യമായിരിക്കാം, പക്ഷെ നിർജീവമായ ജഡത്തിന് ആദ്യം ജീവനുണ്ടാക്കിയ ശക്തിക്ക് അത് സാധ്യമാണ് എന്നാണ്. ആ ശക്തിയെ അപേക്ഷിച്ചുനോക്കുമ്പോൾ അസാധ്യമെന്ന ഒന്നില്ലതന്നെ.

ഉയിർത്തെഴുന്നേൽപ്പിനെ ദൈവത്തിന്റെ കഴിവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുന്ന ഖുർആൻ സൂക്തങ്ങൾ ഏറെയുണ്ട്. യുക്തിമാനും നീതിമാനുമായ ദൈവത്തിന്റെ ഇച്ഛയുടെ അനിവാര്യമായ താൽപര്യമാണ് ഉയിർത്തെഴുനേൽപ്പെന്നും ആ ഇച്ഛയെ തടസ്സപ്പെടുത്തുന്ന യാതൊന്നുമില്ലെന്നുമാണ് അത്തരം സൂക്തങ്ങളുടെയെല്ലാം പൊരുൾ. സൃഷ്ടിയും ജീവനുമെന്ന അത്ഭുതം ആദ്യമായി ആവിർഭാവം കൊണ്ടതും പ്രപഞ്ചവും മനുഷ്യനും ജീവിതവുമുണ്ടായതും ആ ഇച്ഛയുടെ ഫലമാണ്. അതേ ഇച്ഛാശക്തി ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ രണ്ടാമതും മനുഷ്യനെ ജീവിപ്പിക്കുന്നതാണ്. ഇതാണ് ഖുർആൻ നൽകുന്ന ഉത്തരം.

2. രണ്ടാം വിഭാഗം സൂക്തങ്ങൾ ഉദാഹരണങ്ങളാണ്. ഇതിൽ രണ്ടു തരം സൂക്തങ്ങൾ വരുന്നുണ്ട്.

എ. മുൻകാലത്ത് മൃതവസ്തുക്കൾ പുനർജീവിപ്പിക്കപ്പെട്ട പ്രത്യേക സംഭവങ്ങൾ വിവരിക്കുന്നവ. ഉദാഹരണമായി ഇബ്രാഹീം നബി(അ)യുടെ ചരിത്രത്തിലെ ഒരു സംഭവം. ഒരിക്കൽ ഇബ്രാഹീം നബി(അ) അല്ലാഹുവിനോട് എങ്ങനെയാണ് മരണപ്പെട്ടവരെ ജീവിപ്പിക്കുന്നതെന്ന് കാണിച്ചു കൊടുക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. അല്ലാഹു ചോദിച്ചു: ''താങ്കൾക്കതിൽ വിശ്വാസം വന്നിട്ടില്ലേ?''. തനിക്കു വിശ്വാസമുണ്ടെന്നും എങ്കിലും ഒരു മനസ്സംതൃപ്തിക്കുവേണ്ടി ചോദിച്ചതാണെന്നുമായിരുന്നു ഇബ്രാഹീം നബി(അ)യുടെ ഉത്തരം. തുടർന്ന് ഇബ്രാഹീം നബി(അ)ക്ക് കിട്ടിയ ദൈവികകൽപനയിതായിരുന്നു: നാലു പറവകളെ പിടിച്ച് അവയുടെ തലതിരിഞ്ഞ് ഉടലുകൾ തുണ്ടം തുണ്ടമാക്കി ഓരോ തുണ്ടവും ഓരോ കുന്നിന്മേൽ കൊണ്ടുപോയിവെയ്ക്കുക. അനന്തരം അവയെ വിളിക്കുക. അപ്പോൾ ദൈവകൽപനയാൽ അവയെല്ലാം എഴുന്നേറ്റ് പറന്നുവരുന്നതു കാണാം''.[32]

ബി. ഇബ്രാഹീം(അ)യുടെ ചരിത്രത്തിൽ നടന്ന മേൽസംഭവം സാധാരണ പ്രകൃതിക്ക് അതീതവും അപവാദവുമായ ഒന്നാണ്. എന്നാൽ മറ്റൊരുകൂട്ടം സൂക്തങ്ങൾ ദൃശ്യവും സാധാരണവുമായ

പ്രകൃതിവ്യവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് തെളിവായെടുക്കുന്നത്. ശരത്-ഹേമന്തകാലങ്ങളിൽ ഭൂമിയും സസ്യങ്ങളും മരിക്കുന്നതും വസന്തത്തിൽ വീണ്ടും ജീവിക്കുന്നതും സാധാരണ സംഭവങ്ങളാണല്ലോ. സജീവവും പുഷ്ക്കലവുമായി നിൽക്കുന്ന പ്രകൃതി വരണ്ടതും നിർജീവവുമായി മാറുന്നതും എല്ലാവരും ആവർത്തിച്ചു കണ്ടുകൊണ്ടിരിക്കുന്നതാണ്. വീണ്ടും കാലാവസ്ഥയിൽ വരുന്ന മാറ്റത്തോടുകൂടി ഭൂമി വൃക്ഷലതാദികളും ഫലപുഷ്പങ്ങളുമുണ്ടായി പുതുജീവൻ കിട്ടി തുടികൊള്ളുന്നു. ഇതേ സ്ഥിതി ഒരിക്കൽ പ്രപഞ്ചത്തിനൊട്ടാകെ വരും. പ്രപഞ്ചമാകെ നിഷ്പ്രഭമാവുകയും മരവിക്കുകയും വാടുകയും ചെയ്യും. സൂര്യനും നക്ഷത്രങ്ങളും വിച്ഛിന്നവും ശിഥിലവുമാകും. അങ്ങനെ പ്രപഞ്ചമാകെ ഒരുമിച്ചു മരിക്കും. പക്ഷെ, ഈ മരണം എന്നെന്നേയ്ക്കുമായുള്ളതല്ല. താൽക്കാലികമാണ്. വീണ്ടും വ്യത്യസ്ത അവസ്ഥയിലും വ്യത്യസ്ത രൂപത്തിലുമായിട്ട് പ്രപഞ്ചത്തിലെ എല്ലാ ജീവികളും ജീവിതത്തിലേയ്ക്ക് വരുന്നതാണ്. ഇതാണ് പ്രസ്തുത ഖുർആൻ സൂക്തങ്ങൾ പറയുന്നത്. ഇത് കൂടുതൽ വ്യക്തമാക്കാം.

നാമിപ്പോൾ മുന്നൂറ്റി അറുപത്തി അഞ്ച് ദിവസത്തിനിടയിൽ ജീവിതത്തിന്റെയും മരണത്തിന്റെയും ഓരോ ഘട്ടം കടന്നുപോകുന്ന ഭൂമിയുടെ മുകളിലാണ്. നമുക്ക് സാധാരണഗതിയിൽ അമ്പതോ അറുപതോ നൂറോ അതിലേറെയോ വർഷം ജീവിക്കാൻ കഴിയുന്നതുകൊണ്ട് എത്രയോ തവണ ജനിമൃതികളുടെ ഈ വ്യവസ്ഥ നാം കാണുകയാണ്. അപ്പോഴൊന്നും നമുക്കതിൽ ഒരത്ഭുതം തോന്നുന്നില്ല. നമുക്ക് ചില കൃമികീടങ്ങളെപ്പോലെ അൽപായുസ്സ് മാത്രമായിരിക്കുകയും ഭൂമിയുടെ ചരിത്രവും വർഷാന്തകറക്കവും സംബന്ധിച്ച് വായിച്ചോ ചിന്തിച്ചോ അറിയാനുള്ള മാർഗ്ഗം ഇല്ലാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ മരിച്ച ഭൂമി പുനർജനിക്കുമെന്ന കാര്യം നാം ഒരിക്കലും വിശ്വസിക്കുമായിരുന്നില്ല. വസന്തത്തിൽ ജീവിതം തുടങ്ങുകയും ഹേമന്തത്തിൽ അവസാനിക്കുകയും ചെയ്യുന്ന ഒരു കീടത്തിന് പൂന്തോട്ടം നശിച്ചാൽ വീണ്ടും ഉണ്ടായിവരുമെന്ന് വിശ്വസിക്കാനാവില്ല.

ഒരു മരത്തിൽ മാത്രം കഴിയേണ്ടിവരുന്ന കീടത്തിന്, അല്ലെങ്കിൽ, ഒരു തോട്ടം മാത്രം ആവാസസ്ഥലമായിട്ടുള്ള ഒരു കൊതുകിന് ആ മരം അല്ലെങ്കിൽ തോട്ടം ഒരു വലിയ വയലിന്റെ ഭാഗമാണെന്നോ ആ വയലിനെ ബാധിക്കുന്ന നിയമം അതിനെയും ബാധിക്കുന്ന നിയമമായിരിക്കുമെന്നോ ആ വയൽ ഒരു ഗ്രാമപ്പഞ്ചായത്തിന്റെ ഭരണത്തിൻകീഴിലാണെന്നോ ആ ഗ്രാമപ്പഞ്ചായത്ത് ഒരു താലൂക്കിന്റെയും താലൂക്ക് ജില്ലയുടെയും ജില്ല സംസ്ഥാനത്തിന്റെയും സംസ്ഥാനം രാഷ്ട്രത്തിന്റെയും രാഷ്ട്രം ഈ ഭൂഗോളത്തിന്റെയും ഭൂഗോളം സൗരയൂഥത്തിന്റെയുമൊക്കെ ഭാഗമായി വ്യവസ്ഥാപിതമായി നിലകൊള്ളുന്നതാണെന്നോ സങ്കൽപിക്കാൻ കഴിയുമോ?

നമുക്കെന്തറിയാം? നമ്മുടെ സൗരയൂഥവും നക്ഷത്രലോകവും ക്ഷീരപഥങ്ങളും നാം പ്രകൃതിവ്യവസ്ഥ എന്നു വിളിക്കുന്നതത്രയും ഇവയേക്കാളൊക്കെ എത്രയോ വലുതും മഹത്തരവുമായ മറ്റൊരു വ്യവസ്ഥയുടെ ഭാഗങ്ങളും ആ വ്യവസ്ഥയ്ക്കനുസൃതം സഞ്ചരിക്കുന്നതുമായിക്കൂടാ എന്നുണ്ടോ? ദശലക്ഷങ്ങളോ ദശകോടികളോ വർഷത്തെ പ്രകൃതിയുടെ വളർച്ച ആ വലിയ വ്യവസ്ഥയിൽപ്പെട്ട ഒരു കാലാവസ്ഥയുടെ ഒരു ഭാഗം അല്ലെങ്കിൽ അതിന്റെ ഒരു ദിവസം ആയിക്കൂടായ്കയെന്ത്? ജീവിതത്തിന്റേതായ ഈ കാലാവസ്ഥ കെടുതിയുടെയും വിപത്തിന്റെയും മറ്റൊരു കാലാവസ്ഥയിലേയ്ക്ക് മാറുകയും വീണ്ടും സൗരയൂഥവും നക്ഷത്രങ്ങളും ക്ഷീരപഥങ്ങളുമുൾപ്പെട്ട ഒരു വലിയ വ്യവസ്ഥ മറ്റൊരു രൂപത്തിൽ ജീവിതം പുനരാരംഭിക്കുകയും ചെയ്യാനിടയില്ലെന്നെങ്ങനെ പറയും?

പ്രപഞ്ചത്തിന്റെ സാർവ്വത്രികനാശത്തെക്കുറിച്ചും ഭൂമിയിൽ മരിച്ചവരുടെ രണ്ടാം ജനനം, പുതിയൊരു വ്യവസ്ഥയിലേയ്ക്കുള്ള അവരുടെ ഒരുമിച്ചു കൂടൽ എന്നിവയെക്കുറിച്ചുമുള്ള വിവരം അല്ലാഹുവിങ്കൽ നിന്ന് പ്രവാചകന്മാർ വഴി നമുക്കു ലഭിച്ചിരിക്കുന്നു. പ്രവാചകന്മാരുടെ സത്യസന്ധതയാണെങ്കിൽ എമ്പാടും തെളിവുകളോടെ നമുക്കു ബോധ്യപ്പെട്ടു കഴിഞ്ഞിട്ടുള്ളതുമാണ്. അതുകൊണ്ട് വിനാശത്തിന്റെ ഒരിടവേളയ്ക്കു ശേഷം പ്രപഞ്ചത്തിന്റെ സാർവ്വത്രികമായ പുനരാവിർഭാവത്തിലും അവർ വെളിപ്പെടുത്തീട്ടുണ്ടെന്ന കാരണത്താൽതന്നെ നാം വിശ്വസിക്കുകയാണ്.

ഖുർആൻ ഭൂമുഖത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന മരണത്തിന്റെയും ജീവിതത്തിന്റെയും വ്യവസ്ഥയെക്കുറിച്ച് നമ്മെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നത് ഒരു വലിയ ജീവിതത്തിന്റെ ചെറുമാതൃകയാണ് അതെന്നനിലയിലാണ്. അതിനാൽ മുഴുവൻ സൃഷ്ടിവ്യവസ്ഥയുടെ ഭാഗമായ പുനരുത്ഥാനത്തെ നമുക്ക് സംശയിക്കുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതില്ല.

പുനരുത്ഥാനം രണ്ടാം ജനനമാണെന്നും രണ്ടാം ജനനത്തിന്റെ ചെറുമാതൃകകൾ ഭൂമുഖത്ത് നടന്നുകൊണ്ടിരിക്കുന്നതാണെന്നും ഖുർആൻ പറയുന്നു. ഒരു നബിവചനത്തിൽ ഇപ്രകാരം കാണാം.

''വസന്തം നിങ്ങളിൽ പുനരുത്ഥാനത്തിന്റെ ഓർമ്മ അധികമായി ഉണർത്തിവിടട്ടെ.''

വസന്തകാലം പുനരുത്ഥാനത്തിന്റെ ഉദാഹരണവും മാതൃകയുമാണെന്നാണിത് സൂചിപ്പിക്കുന്നത്.

റൂമി പറയുന്നു.

''ഹേമന്തം കൊഴിഞ്ഞിട്ടു വാസന്തം തളിർപ്പതിൽ ലോകത്തിൻ നാശശേഷമുയിർപ്പു ദർശിപ്പൂ നാം. സൂര്യനും കാറ്റും തീയും വെള്ളവും കാർമേഘവും രഹസ്യഭണ്ഡാരങ്ങളുൾക്കൊണ്ടു സ്ഥിതി ചെയ്വൂ. ഭൂമിയുൾക്കൊണ്ടു നിൽക്കും രഹസ്യങ്ങളോരോന്നായ് മുളച്ചു ബഹിർഗ്ഗമിച്ചെത്തുന്നു

വാസന്തത്തിൽ. വാപിളർന്നുൽഘോഷിപ്പൂ അവനിയപ്പോഴതിൻ മാനസം സൂക്ഷിച്ചിടും മതവും ചിന്തകളും. വിതപ്പിൻ വിളവുകൾ ലഭിപ്പാനെല്ലാവർക്കും തുറക്കും പരംപൊരുൾ രഹസ്യഭണ്ഡാര ങ്ങൾ.''

''ദീവാനെ ശംസ്' എന്ന കാവ്യസമാഹാരത്തിൽ പറയുന്നു:

''താഴ്ച കണ്ടാൽ വീണ്ടും ഉയർച്ചയെ കാത്തിരിക്കൂ. അസ്തമയം, സൂര്യനും ചന്ദ്രനും എന്തു പരിക്കാണേൽപിച്ചത്? ഭൂമിയിൽ വീണു മറഞ്ഞുപോയൊരു വിത്തും മുളച്ചു പൊന്താതിരിക്കില്ല. പിന്നെ, മനുഷ്യനെക്കുറിച്ചാണോ നിങ്ങൾക്ക് ഉയിർപ്പിൽ സംശയം?''

പ്രകൃതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഇത്തരം മരണത്തെയും പുനർജനിയെയും സംബന്ധിച്ചു ഖുർആനിൽ ധാരാളം സൂക്തങ്ങളുണ്ട്. ചിലത് കാണുക:

''അല്ലാഹുവാണ് കാറ്റുകളെ അയച്ചത്. അങ്ങനെ അവ മേഘത്തെ ഇളക്കി വിടുന്നു. എന്നിട്ട് നാമാ മേഘത്തെ നിർജീവമായ നാട്ടിലേയ്ക്ക് തെളിച്ചുകൊണ്ടുപോവുകയും അതുമുഖേന ഭൂമിയെ അതിന്റെ മരണ ശേഷം ജീവിപ്പിക്കുകയും ചെയ്യുന്നു. അതു പോലെയാകുന്നു ഉയിർത്തെഴു നേൽപ്പ്.''[33] (ഫാത്തിർസൂറ: 9)

ഹജ്ജ്സൂറ: 5-7ൽ പറയുന്നു:

''ഭൂമി വരമ്ട് നിർജ്ജീവമായിക്കിടക്കുന്നത് നിങ്ങൾ കാണുന്നു. എന്നിട്ട് അതിന്മേൽ നാം മഴ വർഷിച്ചാൽ അത് തുടിക്കുകയും വികസിക്കുകയും കൗതുകകരമായ എല്ലാതരം ചെടികളെയും മുളപ്പിക്കുകയും ചെയ്യുന്നു. അതെന്തുകൊണ്ടെന്നാൽ സത്യം അല്ലാഹുവാകുന്നു. അവൻ മരിച്ച വരെ ജീവിപ്പിക്കും. എല്ലാത്തിനും കഴിവുള്ളവനാണവൻ. അന്ത്യസമയം വരികതന്നെ ചെയ്യും. അതിൽ സംശയമില്ല. ഖബ്റുകളിലുള്ളവരെ അല്ലാഹു എഴുന്നേൽപ്പിക്കുന്നതാണ്.''[34]

നാമീയുദ്ധരിച്ച രണ്ടു സൂക്തങ്ങളുൾപ്പെടെ ഈയിനത്തിൽപ്പെട്ട ഖുർആൻ സൂക്തങ്ങളിലെല്ലാം ഭൂമിയിലും പ്രകൃതിയിലും കാണുന്ന ജനിമൃതികളെ മരണാനന്തര ഉയിർപ്പിന്റെ ചെറുമാതൃകകളായി എടുത്തുകാണിക്കുന്നു.

ആദ്യത്തിലുദ്ധരിച്ച സൂക്തങ്ങൾക്കും ഈ സൂക്തങ്ങൾക്കും തമ്മിലുള്ള വ്യത്യാസം ഇവ ദൈവ ത്തിന്റെ ശക്തിവിശേഷത്തിൽമാത്രം ഊന്നിക്കൊണ്ടല്ല കാര്യങ്ങൾ അവതരിപ്പിക്കുന്നത്, ആ ശക്തി വിശേഷത്തിന്റെ ബഹിർപ്രകടനങ്ങളായി പ്രപഞ്ചത്തിൽ ദൃശ്യമായിക്കൊണ്ടിരിക്കുന്ന ഉദാഹരണ ങ്ങൾ കൂടി ചൂണ്ടിക്കൊണ്ടാണ് എന്നതാണ്.

സി. ഉയിർത്തെഴുനേൽപ്പിനെ ഒരു അനിവാര്യ സംഗതിയായി പരിഗണിക്കുന്നതാണ് മൂന്നാം വിഭാഗം സൂക്തങ്ങൾ. ഉയിർത്തെഴുനേൽപ്പില്ലാതിരിക്കുകയെന്നതിനെ ദൈവമുണ്ട് എന്ന സത്യവു മായി ചേർത്തുനോക്കിയാൽ സംഭവിച്ചുകൂടാത്ത ഒന്നായി ആ സൂക്തങ്ങൾ വിശേഷിപ്പിക്കുന്നു.

ഇക്കാര്യം രണ്ടു നിലയിൽ അവ വിവരിക്കുന്നുണ്ട്. ഒന്ന്, ദൈവികമായ നീതിയെ അടിസ്ഥാന പ്പെടുത്തിക്കൊണ്ട്. ഏതൊരു സൃഷ്ടിക്കും കിട്ടാനർഹവും യോഗ്യവുമായത് കിട്ടണമെന്നതാണ് ദൈവികനീതി. രണ്ട്, ദൈവികമായ യുക്തിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്. ചരാചരങ്ങളുടെ യെല്ലാം സൃഷ്ടിപ്പുമായി ഒരു ഉദ്ദേശ്യവും ലക്ഷ്യവും ബന്ധപ്പെട്ടിട്ടുണ്ട്. ആ ഉദ്ദേശ്യങ്ങളിലേയ്ക്കും ലക്ഷ്യങ്ങളിലേയ്ക്കും അവയ്ക്ക് എത്താൻ അവസരമുണ്ടായിരിക്കണം. അതാണ് ദൈവികയുക്തി താൽപര്യപ്പെടുന്നത്.

പുനർജീവനും അനന്തരം അനശ്വരമായ ജീവിതവും അതിൽ ശാശ്വതമായ ആനന്ദവും പ്രതിഫ ലവും ശിക്ഷയുമില്ലാതിരിക്കൽ ദൈവിക നീതിക്കെതിരാണ്. അത് അനീതിയാണ്. അനീതി ദൈവിക മല്ല. അപ്രകാരം തന്നെ, അനശ്വര ജീവിതവും പൂർവ്വനിശ്ചിതവും ശാശ്വാതവുമായ ഒരു ലക്ഷ്യവുമി ല്ലാത്ത പക്ഷം സൃഷ്ടി നിരർത്ഥകവും നിർലക്ഷ്യവും നിഷ്ഫലവുമായിരിക്കും. അതാകട്ടെ, ദൈവി കസത്തയ്ക്ക് നിരക്കാത്തതുമാണ്. ഇതാണ് ഖുർആൻ വിവരിക്കുന്നത്.

ദൈവികനീതിയുടെയും ദൈവികയുക്തിയുടെയും അടിസ്ഥാനത്തിൽ ശാശ്വാതജീവിതത്തി ന്റെയും ദൈവത്തിങ്കലേയ്ക്കുള്ള പുനഃപ്രയാണത്തിന്റെയും അനിവാര്യത തെളീക്കുന്ന അനേകം ഖുർആൻ സൂക്തങ്ങളുണ്ട്. രണ്ട് ഉദാഹരണങ്ങൾ കാണുക:

1. വിചാരണദിനത്തെ മറന്ന് ദൈവികപാതയിൽനിന്ന് വ്യതിചലിച്ചവർക്കുള്ള ശിക്ഷ വിവരിച്ച ശേഷം സ്വാദ്സൂറ 27, 28 സൂക്തങ്ങളിൽ ഉയിർത്തെഴുനേൽപ്പിനെക്കുറിച്ച് പറയുന്നു:

''നാം ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും നിരർത്ഥകമായി സൃഷ്ടിച്ചതല്ല. നിഷേധി കൾ ധരിക്കുന്നതാണത്. നിഷേധികൾക്കു നരകത്തിൽ നാശം! (അല്ലാഹുവിലും പരലോകത്തിലും പ്രവാചകരിലും) വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഭൂമിയിൽ നാശമുണ്ടാക്കുന്നവരെപ്പോലെ നാം ആക്കുമോ? സൂക്ഷിച്ചു ജീവിക്കുന്നവരെ നാം ദുഷ്ട ന്മാരെപ്പോലെ ആക്കുമോ?''.[35]

ഈയുദ്ധരിച്ച സൂക്തങ്ങളിൽ ആദ്യത്തേതിൽ ദൈവം യുക്തിമാനും അവന്റെ സൃഷ്ടിപ്പ് യുക്ത്യ ധിഷ്ഠിതവുമാണെന്നും, രണ്ടാമത്തേതിൽ ദൈവം നീതിമാനും അവന്റെ സൃഷ്ടിപ്പ് നീതിപൂർവ്വരവു മാണെന്നുമുള്ള വസ്തുതകൾ വ്യക്തമാക്കിയിരിക്കുന്നു.

2. ജാസിയസൂറ 21, 22 സൂക്തങ്ങളിൽ ഇപ്രകാരം കാണാം:

''തിന്മകൾ ചെയ്തവർ, വിശ്വസിച്ച് നന്മകൾ ചെയ്തവരെപ്പോലെ അവരെ നാം ആക്കുമെന്നു കരുതിയോ? അതായത് ഇരുവിഭാഗത്തിന്റെയും ജീവിതവും മരണവും തുല്യമായിരിക്കുമെന്ന്? അവരുടെ തീരുമാനം വളരെമോശം! അല്ലാഹു ആകാശഭൂമികൾ പരമമായ അർത്ഥത്തോടുകൂടിയാണു സൃഷ്ടിച്ചിട്ടുള്ളത്. ഓരോരുത്തർക്കും സ്വന്തം പ്രവർത്തനത്തിന് പ്രതിഫലം ലഭിക്കേണ്ടതിനു വേണ്ടി കൂടിയാണിത്. അവർ അക്രമത്തിനു വിധേയരാവുകയില്ല.''[36]

ഈയുദ്ധരിച്ച സൂക്തങ്ങളിലും, ആദ്യത്തേതിൽ നീതി എന്ന തത്വത്തിലേക്കും രണ്ടാമത്തേതിൽ യുക്തി എന്ന തത്വത്തിലേക്കും സൂചന നൽകിയിരിക്കുന്നു. ഉയിർപ്പിന്റെ ലക്ഷ്യമെന്ന നിലക്ക് രണ്ടാമത്തേതിൽ ദൈവികനീതിയുടെ പുലർച്ച ഒന്നുകൂടി എടുത്തുപറഞ്ഞിരിക്കുകയാണ്.

എന്നാൽ, ജീവിതം ശാശ്വതമായിരിക്കേണ്ടത് ദൈവിക നീതിയുടെയും ദൈവികയുക്തിയുടെയും അനിവാര്യതാൽപര്യമാകുന്നതെങ്ങനെ? താൽക്കാലികമായ ഐഹിക ജീവിതത്തിനുശേഷം മനുഷ്യന്റെ പ്രവർത്തനങ്ങൾ പരിശോധിക്കപ്പെടുകയും അവയുടെ കണക്ക് തീർക്കപ്പെടുകയും ചെയ്യുന്ന ഒരു ശാശ്വത ജീവിതമില്ലാതെ പോയാൽ പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും സൃഷ്ടിപ്പിൽ ദൈവികനീതിയും ദൈവികയുക്തിയു മനുസരിച്ച് എന്ത് അന്യായമാണ് കണ്ടെത്താൻ കഴിയുക? ഇതാണിനി വിശദീകരിക്കേണ്ടത്.

## ദൈവിക നീതി

അവകാശികൾക്ക് തമ്മിൽ വിവേചനം കൂടാതെ അർഹതപ്പെട്ട അവകാശങ്ങൾ ലഭ്യമാക്കലാണ് മൊത്തത്തിൽ നീതി. അവകാശികൾക്ക് അവകാശം നിഷേധിക്കൽ അനീതിയാണ്. ചിലർക്ക് അവകാശങ്ങൾ നൽകുകയും ചിലർക്ക് നൽകാതിരിക്കുകയും ചെയ്യലാണ് വിവേചനം. അതും അനീതിയാണ്.

അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ അർഹമായ മാർക്ക് നൽകാതിരുന്നാൽ അത് അവരോട് അനീതിപരമായി പെരുമാറലാണ്. ചിലർക്ക് അവരർഹിക്കുന്ന മാർക്ക് നൽകുകയും, മറ്റും ചിലർക്ക് അവരർഹിക്കുന്ന മാർക്ക് നൽകാതെ കുറച്ചു നൽകുകയും ചെയ്യുന്നുവെങ്കിൽ അത് വിവേചനവും അതുവഴി അനീതിയുമാണ്.

നീതി ഒരർത്ഥത്തിൽ സമഭാവനയുടെ തുടർച്ചയും ഫലവുമാണ്. എല്ലാവരെയും തുല്യമായി ഒരേ കണ്ണുകൊണ്ട് കാണുകയും, വിവേചനം കൽപിക്കാതിരിക്കുകയും ചെയ്യുന്നതാണ് സമഭാവന. ഈ സമഭാവന എന്തു താൽപര്യപ്പെടുന്നോ അതാണു- നീതിഓരോരുത്തർക്കും അവരവർ അർഹിക്കുന്നതിന്റെ തോതിൽ നൽകൽ. അധികം അർഹിക്കുന്നവർക്ക് അധികം നൽകണം. കുറച്ച് അർഹിക്കുന്നവർക്ക് കുറച്ചു നൽകണം. അതിൽ പക്ഷപാതിത്വം കാണാനാവില്ല. എന്നാൽ, സമതയെ അർഹത പരിഗണിക്കാതെ വിതരണത്തിൽ മാത്രമുള്ള സമതയായിട്ടെടുക്കുകയും അങ്ങനെ എല്ലാവർക്കും തുല്യമായി വിതരണം ചെയ്യുകയുമാണെങ്കിൽ അതിനു നീതി എന്നു പറഞ്ഞു കൂടാ. മറിച്ച് അതിന് അനീതി എന്നു പറയാവുന്നതാണ്. അപ്രകാരം തന്നെ എല്ലാവർക്കും തുല്യമായി നിഷേധിക്കുന്നതും അനീതിതന്നെ. നിഷേധിക്കേണ്ടവർക്കും നിഷേധിക്കരുതാത്തവർക്കും ഒരു പോലെയങ്ങ് നിഷേധിക്കലാണിത്.

ഈയടിസ്ഥാനത്തിൽ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കൾക്കും അവയുടെ സാധ്യതകൾക്കും യോഗ്യതകൾക്കും തക്കവിധത്തിലുള്ള അനുഗ്രഹം ദൈവത്തിങ്കൽനിന്നു ലഭിക്കലാണ് ദൈവികനീതിയുടെ അർത്ഥം. ഓരോ വസ്തുവിനും അതിന്റെ അസ്തിത്വത്തിന്റെ അളവിലും യോഗ്യതയുടെ തോതിലും ദൈവത്തിങ്കൽനിന്ന് അനുഗ്രഹം ലഭിക്കും. സാധ്യതകൾക്കും യോഗ്യതകൾക്കും അപ്പുറത്തുള്ളത് നിഷേധിക്കപ്പെടുകയും ചെയ്യും.

ഏതൊരു വസ്തുവിന് എന്തില്ലാതെവരുന്നതും അതുണ്ടായിരിക്കുന്നതിനുള്ള അർഹതയും സാധ്യതയും അനുകൂല ഉപാധികളും അതിനില്ലാത്തതു കൊണ്ടായിരിക്കും.

ചിലവസ്തുക്കൾക്ക് എമ്പാടും സാധ്യതകളും യോഗ്യതകളുമുണ്ട്, പക്ഷേ ആ സാധ്യതകളെയും യോഗ്യതകളെയും അവയുടെ പൂർണ്ണതയോളം വികസിപ്പിക്കുന്നതിനു അവയ്ക്കു തടസ്സം നേരിടുകയാണ് എഹ്കിൽ അത് ദൈവകനീതിയ്ക്കെതിരാണ്. സാധ്യതകളെയും യോഗ്യതകളെയും പൂർണ്ണതയോളം വികസിപ്പിക്കുന്നതിന് അനുയോജ്യമായ അവസരം കൊണ്ട് ആ വസ്തുക്കൾ അനുഗ്രഹിക്കപ്പെടണമെന്നതാണ് നീതിയുടെ താൽപര്യം.

മനുഷ്യൻ ഇതര ചരാചരങ്ങൾക്കിടയിൽ സവിശേഷമായ കഴിവുകളും യോഗ്യതകളും സാധ്യതകളും പ്രാപ്തികളുമുള്ള ജീവിയാണ്. മനുഷ്യന്റെ പ്രവർത്തനങ്ങളും അവനെ പ്രവർത്തനോത്സുകനും കർത്തവ്യനിരതനുമാക്കുന്ന പ്രചോദനങ്ങളും ജന്തുക്കളുടേതുപോലെ പരിമിതങ്ങളല്ല. ജന്തുക്കളിൽ അവയെ പ്രകൃതിയോടം ഭൗതിക ജീവിതത്തോടും ബന്ധപ്പെടുത്തുന്ന വാസനകളാണുള്ളതെങ്കിൽ, മനുഷ്യന്റെ ജന്മവാസനകൾ വളരെ ഉയർന്നവയാണ്. അവ ലൗകികജീവിതത്തിന്റെ പരിമിതികൾക്കപ്പുറം അനന്തതയിലേക്കും അനശ്വരതയിലേക്കും നീണ്ടും നിൽക്കുന്നവയുമാണ്.

മനുഷ്യന് ധാർമ്മികവും ശാസ്ത്രീയവും സർഗ്ഗാത്മകവും മതപരവും ദൈവികവുമായ ഉന്നത പ്രചോദനങ്ങളുണ്ട്. അവന്റെ പല പ്രവർത്തനങ്ങൾക്കും അടിസ്ഥാനം ഇത്തരം പ്രചോദനങ്ങളായിരിക്കും. ഒരാൾ തന്റെ ഭൗതിക ജീവിതം തന്നെ ഇത്തരം ഉന്നതവും മാനുഷികവുമായ ലക്ഷ്യങ്ങൾക്കു ചിലപ്പോൾ ബലികഴിച്ചേയ്ക്കും. മനുഷ്യൻ അവന്റെ പ്രവർത്തനക്രമം സത്യത്തിലുള്ള വിശ്വാസം, സൽക്കർമ്മം എന്നീ രണ്ടു അടിസ്ഥാനങ്ങളിൽ സംവിധാനിക്കണമെന്നാണ് ഖുർആൻ നിർദ്ദേശിക്കുന്നത്. ഇതുവഴി അവൻ ലക്ഷ്യംവെക്കുന്നത് ശാശ്വത ജീവിതത്തെയും, ദൈവികമായ പ്രീതിയേയുമായിരിക്കണം. മനുഷ്യനിൽ ശാശ്വതമായ ചിന്തകളും അഭിലാഷങ്ങളും അവയിലേയ്ക്കവനെ നയിക്കുന്ന അഭിരുചികളും സ്ഥിതിചെയ്യുന്നുണ്ട്.

മനുഷ്യന്റെ ശാശ്വത ജീവിതത്തിനുള്ള സാധ്യതയും യോഗ്യതയും പ്രഖ്യാപനം ചെയ്യുന്നതാണ് ഇപ്പറഞ്ഞതെല്ലാം. മനുഷ്യാത്മാവിന്റെ തനിമയും അഭൗതികതയും ഇത് തെളീക്കുന്നുണ്ട്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, മനുഷ്യൻ ഇഹലോകത്തിൽ മറ്റൊരു ഭ്രൂണാവസ്ഥയിലാണുള്ളതെന്നാണ് ഇതുകൊണ്ടൊക്കെ തെളിയുന്നത്. മാതാവിന്റെ ഗർഭാശയത്തിൽവെച്ച് ശ്വസനത്തിന്റെയും രക്തപരിക്രമണത്തിന്റെയും നാഡീവ്യൂഹങ്ങളുടെയും ദർശനം, ശ്രവണം, പ്രജനനം മുതലായവയുടെയും വിവിധ വ്യവസ്ഥകളോടുകൂടിയാണല്ലോ അവൻ ഇഹലോകത്തിലേക്കു വരുന്നത്. ഭ്രൂണം ഈ വ്യവസ്ഥകളെല്ലാം കൈവരിക്കുന്നത് ഗർഭാശയത്തിലെ ഒമ്പത് മാസത്തിനുവേണ്ടിയല്ല. ബാഹ്യലോകത്തിലെത്തിയിട്ടാണവയുടെ ഉപയോഗം.

മനുഷ്യന് ഇഹലോകത്തിൽ സത്യവിശ്വാസത്തിലും സൽക്കർമ്മത്തിലും അധിഷ്ഠിതമായ ജീവിതക്രമത്തിന്റെ നേട്ടം ലഭിക്കുമെങ്കിലും അവയുടെ നേട്ടം അനന്തരമാണ്. ശാശ്വതമായ ആനന്ദജീവിതത്തിലാണ് അവയുടെ വളർച്ച പൂർണ്ണമാകുന്നത്. അഥവാ ശാശ്വതജീവിതത്തിലാണ് അവയ്ക്ക് ശരിയായ അർത്ഥം കൈവരുന്നത്. ശാശ്വത ജീവിതത്തിനുവേണ്ടിയാകുമ്പോഴാണ് അവയ്ക്കിവിടെ അർത്ഥമുണ്ടാകുന്നതും.

സത്യവിശ്വാസിത്തിലും സൽക്കർമ്മത്തിലും അധിഷ്ഠിതമായ ക്രമത്തിൽ മാത്രമല്ല മനുഷ്യൻ പ്രകൃതിയിൽനിന്ന് ഉയർന്ന അവസ്ഥയിലേയ്ക്കു പറന്നെത്തുന്നതും ഭൗതികബന്ധങ്ങൾക്കുപരിയായ ബന്ധം സ്ഥാപിക്കുന്നതും. സത്യവിശ്വാസത്തിനും സൽക്കർമ്മത്തിനും വിപരീതമായ ക്രമത്തിലും(ഖുർആൻ ഇത്തരം ക്രമത്തെ കുഫ്റ്, ഫിസ്ഖ്[37] എന്നിങ്ങനെ വിളിക്കുന്നു) അവന്റെ പ്രവർത്തനങ്ങൾ പ്രകൃതിപരവും മൃഗീയവുമായ മേഖലകളെ അതിവർത്തിക്കുകയും ഭൗതികവും ശാരീരികവുമായ ആശ്രയങ്ങളെ മറിക്കടക്കുകയും ആത്മീയവും ശാശ്വതവുമായ മാനങ്ങളിലെത്തുകയും ചെയ്യുന്നതാണ്, പക്ഷെ, വ്യതിചലിച്ച രൂപത്തിൽ. അങ്ങനെ ഈ വഴിക്കും മനുഷ്യൻ ഒരുതരം ശാശ്വതജീവിതത്തിനുള്ള അർഹതനേടും. ദുഃഖവും വേദനയും കുടിപാർക്കുന്നതായിരിക്കും അവന്റെ ആ ജീവിതം. മതം ഇതിനെ നരകം എന്നു വിളിക്കുന്നു.

മനുഷ്യൻ സത്യത്തിലുള്ള വിശ്വാസത്തിന്റെയും സൽക്കർമ്മത്തിന്റെയും അടിസ്ഥാനത്തിലല്ലാതെ ചലിക്കുമ്പോൾ മൃഗീയമായ മണ്ഡലത്തിൽ അവൻ വിഹരിക്കും. ചിലപ്പോൾ മൃഗീയതയുടെയും അടിയിലേയ്ക്ക് അവൻ അധഃപതിക്കുന്നതാണ്. ''അവൻ കന്നുകാലികൾക്കു തുല്യരാണ്, അല്ല അതിലും അധഃപതിച്ചവരാണ്''[38] എന്ന് ഈയവസ്ഥയിലുള്ളവരെപ്പറ്റിയാണ് ഖുർആൻ പറഞ്ഞിരിക്കുന്നത്.

ശാശ്വതജീവിതം എന്ന ഒന്നിന്റെ അഭാവത്തിൽ മേൽപറഞ്ഞ രണ്ടി വിഭാഗത്തിന്റെയും കാര്യത്തിൽ നീതി അസാദ്ധ്യമാണ്. സത്യവിശ്വാസത്തിന്റെയും സൽക്കർമ്മത്തിന്റെയും അടിസ്ഥാനത്തിൽ ജീവിതം ക്രമപ്പെടുത്തിയവർ ഒരു ഭാഗത്ത്, ഇതിന് രണ്ടിനും വിരുദ്ധമായ ദിശയിൽ ചലിച്ചവർ മറുഭാഗത്ത്. പഠിപ്പിലും പരീക്ഷയിലും തങ്ങളുടെ കൃത്യം ഭംഗിയായി നിറവേറ്റിയ ഒരു കൂട്ടം വിദ്യാർത്ഥികളോടും, അലസമായി കളിയിലും വിനോദത്തിലും സമയം ദുർവിനിയോഗം ചെയ്ത് പഠിപ്പിലും പരീക്ഷയിലും കൃത്യവിലോപം കാട്ടിയ മറ്റൊരുകൂട്ടം വിദ്യാർത്ഥികളോടും ഈ ഇരുവിഭാഗങ്ങളെ തുലനം ചെയ്യുക. അദ്ധ്യാപകൻ രണ്ടു കൂട്ടർക്കും ഒരു പോലെ മാർക്ക് നിഷേധിക്കുകയാണെങ്കിൽ അത് അനീതിയാണ്. നീതിയുടെ തത്വത്തിന് അയാൾ ലവലേശം വില കൽപിച്ചില്ല എന്നായിരിക്കും അതിനർത്ഥം.

ദൈവം മനുഷ്യരെ സത്യത്തിൽ വിശ്വസിക്കുവാനും സൽക്കർമ്മങ്ങളനുഷ്ഠിക്കുവാനും വേണ്ടി ക്ഷണിക്കുന്നു. ഈ ക്ഷണത്തോട് മനുഷ്യർ രണ്ട് നിലയിൽ പ്രതികരിക്കുന്നു. ഒരു വിഭാഗം അത് സ്വീകരിച്ച് തങ്ങളുടെ ചിന്തയും സ്വഭാവവും പ്രവർത്തനവുമെല്ലാം അതനനുസൃതമാക്കിത്തീർക്കുന്നു. മറുവിഭാഗം അത് തള്ളിക്കളഞ്ഞ് തങ്ങൾക്കു തോന്നിയതുപോലെ തെറ്റായ ജീവിതത്തിൽ മുഴുകിക്കഴിയുന്നു. ഐഹിക വ്യവസ്ഥയിൽ സജ്ജനങ്ങൾക്ക് നൂറുശതമാനം പ്രതിഫലം കിട്ടുന്നതോ ദുഷ്ടന്മാർക്ക് നൂറുശതമാനം ശിക്ഷ കിട്ടുന്നതോ നാം കാണുന്നില്ല. തങ്ങളുടെ മഹൽകൃത്യങ്ങൾക്ക് പ്രതിഫലം കിട്ടാൻ അവസരം ലഭിക്കാതെയാണ് പലപ്പോഴും മഹാജനങ്ങൾ പോലും ഇഹലോകവാസം വെടിഞ്ഞു പോകുന്നത്. അതിനാൽ സജ്ജനങ്ങൾക്ക് സൽക്കർമ്മ ഫലങ്ങളും ദുഷ്ടജനങ്ങൾക്ക് ദുരന്തവും അനുഭവിക്കാൻ ഒരു മറുലോകമുണ്ടായില്ലെങ്കിൽ അത് ദൈവികനീതിക്ക് വിരുദ്ധമായിരിക്കും.

## ദൈവിക യുക്തി

മനുഷ്യൻ രണ്ടു തരം പ്രവൃത്തികൾ ചെയ്യും ചിലത് നിരർത്ഥകം. മനുഷ്യനെ അവനിൽ അന്തർലീനമായിട്ടുള്ള യോഗ്യതകളോളം വളർത്തുന്നതിലോ അവനെ വികസിപ്പിച്ച് പൂർണ്ണതയിലേയ്ക്കെത്തിക്കുന്നതിലോ അവന് യഥാർത്ഥസൗഖ്യം ആർജ്ജിച്ചുകൊടുക്കുന്നതിലോ പ്രത്യേകിച്ചൊരു പങ്കുമില്ലാത്ത പ്രവൃത്തികളാണിവ. വേറെ ചില പ്രവൃത്തികൾ യുക്തവും ബുദ്ധിപൂർവ്വകവും പ്രയോജനകരവുമാണ്. മനുഷ്യന് അവനിൽ അന്തർലീനമായിട്ടുള്ള കഴിവുകളെയും യോഗ്യതകളെയും സാധ്യതകളെയും വികസിപ്പിക്കുന്നതിനും പൂർണ്ണതയിലെത്തിക്കുന്നതിനും അവ ഉതകുന്നു. ആദ്യത്തെ ഇനത്തിൽപ്പെട്ടവയെ പാഴ്വേലകളെന്നും അലക്ഷ്യപ്രവർത്തനങ്ങളെന്നും രണ്ടാമത്തെ ഇനത്തിൽപ്പെട്ടവയെ അർത്ഥവത്തെന്നും സലക്ഷ്യപ്രവർത്തനങ്ങളെന്നും വിളിക്കാം.

നാം നമ്മിലുള്ള കഴിവുകളുടെയും യോഗ്യതകളുടെയും നമ്മുടെ അഭിരുചികൾ, സാധ്യതകൾ എന്നിവയുടെയും വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമെന്ന് കണ്ട് ചെയ്യുന്ന പ്രവൃത്തികളെയാണ് സലക്ഷ്യവും യുക്തവും അർത്ഥവത്തുമായ പ്രവൃത്തികളായി ഗണിക്കുന്നത്. എന്നാൽ, ദൈവികയുക്തിയുടെ കാര്യത്തിൽ ഇതെങ്ങനെ മനസ്സിലാക്കാം? ദൈവത്തെ ദൈവികമായ പരിപൂർണ്ണതയിലെത്തിക്കാൻ ഉതകുന്ന പ്രവൃത്തികളെയാണോ ദൈവത്തിന്റെ യുക്ത്യധിഷ്ഠിത പ്രവൃത്തികൾ എന്നു വിളിക്കുന്നത്? അതിനുതകാത്തവയെ അവന്റെ  പാഴ്വേലകളെന്നും? അല്ല. ദൈവം സ്വയം പൂർണ്ണനും പരാശ്രയരഹിതനുമാണ്.  അവന്റെ പ്രവൃത്തികൾ അവനിൽ നിന്നു നിർഗ്ഗമിക്കുന്ന ഔദാര്യവും അനുഗ്രഹവും ദാനവുമാണ്. സ്വന്തമായ എന്തെങ്കിലും കുറവ് നികത്തുവാനോ ഏതെങ്കിലും തരത്തിലുള്ള പൂർണ്ണതയോ സൗഖ്യമോ വിജയമോ പ്രാപിക്കുവാനോ വേണ്ടി അവൻ ഒന്നും ചെയ്യുന്നില്ല. സൃഷ്ടിയെ അതർഹിക്കുന്നതിന്റെ പരമാവധിയിലേയ്ക്കെത്തിക്കുകയാണ് ദൈവത്തിന്റെ യുക്ത്യധിഷ്ഠിത പ്രവൃത്തി. ഒരു സൃഷ്ടിക്ക് രൂപം കൊടുക്കുകയും പിന്നീട് ആ സൃഷ്ടിയിൽ അടങ്ങിയിരിക്കുന്ന സാധ്യതകളോളം അതിനു വികസിക്കാൻ അവസരം നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ആ സൃഷ്ടിക്ക് രൂപം കൊടുത്തത് ദൈവത്തിന്റെ പാഴ്വേലയാണ്. അതിനാൽ ദൈവത്തെ സംബന്ധിച്ചിടത്തോളം യുക്തി എന്ന് പ്രയോഗിക്കുമ്പോഴും മനുഷ്യനെ സംബന്ധിച്ചിടത്തോളം യുക്തി എന്നു പ്രയോഗിക്കുമ്പോഴും അർത്ഥം രണ്ടാണ്. മനുഷ്യൻ തന്റെ പൂർണ്ണതയിലേയ്ക്കുള്ള സഞ്ചാരത്തിൽ ശരിയും ബുദ്ധിപൂർവ്വകവുമായ ചുവടുകൾ നീക്കുകയാണ് മനുഷ്യനെ സംബന്ധിച്ചിടത്തോളം യുക്തി. സൃഷ്ടികളെ അവയുടെ സാധ്യതകളിലേയ്ക്കും യോഗ്യതകളിലേയ്ക്കും എത്തിക്കുകയാണ് ദൈവത്തെ സംബന്ധിച്ചിടത്തോളം യുക്തി. വസ്തുക്കളെ അവയുടെ സൃഷ്ടിസഹജമായ ലക്ഷ്യങ്ങളിലേയ്ക്കും സാധ്യതകളിലേയ്ക്കും എത്താൻ കഴിയുംവിധം സൃഷ്ടിക്കുകയാണ് ദൈവികയുക്തി.

മനുഷ്യനെ സംബന്ധിച്ചിടത്തോളം തന്നെ പൂർണ്ണതയിലേയ്ക്കെത്തിക്കാനുതകും വിധം പ്രവർത്തിക്കലാണ് യുക്തിയെന്നതുകൊണ്ട് അവന്റെ പ്രവർത്തനങ്ങൾക്കും അവയുടെ ഉദ്ദിഷ്ടഫലങ്ങൾക്കും തമ്മിൽ സ്വാഭാവികമായിത്തന്നെ ബന്ധമുണ്ടായിരിക്കണമെന്നൊന്നുമില്ല. അതായത്, ആ പ്രവർത്തനം സ്വാഭാവികമായും ആ ഫലത്തിൽ തന്നെ ചെന്നു പര്യവസാനിക്കണമെന്നില്ല. എത്തുന്ന ഫലം ആ പ്രവർത്തനത്തിന്റെ പൂർണ്ണമായ ഫലമായിരിക്കണമെന്നുമില്ല. ചെയ്യുന്ന പ്രവർത്തനം മനുഷ്യനെ സംബന്ധിച്ചിടത്തോളം നേട്ടവും ഗുണകരവുമായ ഫലമുള്ളതായി ഗണിക്കപ്പെടുന്നതായിരിക്കണമെന്നേയുള്ളൂ. ഉദാഹരണമായി, മനുഷ്യൻ, മണ്ണ്, മരം, കല്ല്, ലോഹം, മൃഗചർമ്മം, രോമം, പരുത്തി മുതലായവകൊണ്ട് പല ഉപകരണങ്ങളുണ്ടാക്കുകയും അവ ബുദ്ധിപൂർവ്വമായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. വീട്, കസേര, കാറ്, വസ്ത്രം എന്നിങ്ങനെയുള്ള പ്രയോജനപ്രദങ്ങളായ പല വസ്തുക്കളും അവകൊണ്ട് നിർമ്മിക്കുന്നു. എന്നുവെച്ച് മരത്തിന് കസേരയോ കല്ല്, ഇഷ്ടിക, കുമ്മായം ഇരുമ്പ് എന്നിവയ്ക്ക് വീടോ ലോഹങ്ങളുടെയും മറ്റും കൂട്ടിന് കാറോ പൂർണ്ണമായ ലക്ഷ്യമായി ഗണിക്കപ്പെടുന്നില്ല. ഈ പദാർത്ഥങ്ങളൊന്നും തന്നെ ഇപ്പറഞ്ഞ വസ്തുക്കളുടെ രൂപങ്ങളിലേയ്ക്കും ഘടനകളിലേയ്ക്കും സ്വയമേവ നീങ്ങുന്നുമില്ല. മനുഷ്യൻ അവയെ പ്രയോജനപ്പെടുത്തുകയാണ്. അങ്ങനെ കസേരയിൽ ഇരിക്കുന്നതും വീട്ടിൽ താമസിക്കുന്നതും കാറിൽ സഞ്ചരിക്കുന്നതും വസ്ത്രം ധരിക്കുന്നതും മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ആവശ്യങ്ങളുടെ പൂർത്തിക്ക് സഹായകവും അവന് നേട്ടവുമായി പരിഗണിക്കപ്പെടുന്നു.

എന്നാൽ ദൈവത്തിന്റെ ക്രിയയും അതിന്റെ ഫലവും തമ്മിൽ യഥാർത്ഥവും അനിവാര്യവുമായ ബന്ധമുണ്ട്. ഓരോ ക്രിയയുടെയും ലക്ഷ്യവും ഫലവും ആ ക്രിയയുടെ യഥാർത്ഥ പൂർണ്ണതയാണ്. ദൈവം അവന്റെ ക്രിയയായ സൃഷ്ടിയെ അതിന്റെ പൂർണ്ണതയിലേയ്ക്കെത്തിക്കുന്നു. ഏതൊരു വിത്തും ധാന്യവും അതിന്റെ പരമമായ ലക്ഷ്യത്തിലേയ്ക്കും പൂർണ്ണതയിലേയ്ക്കും സഞ്ചരിക്കുന്നതായിട്ടാണ് നാം കാണുന്നത്.

ഐഹിക ലോകത്തിന്റെയും പ്രകൃതിയുടെയും അസ്ഥായീത്വവും പരിവർത്തനാത്മകതയുമാണ് ഇനിയുള്ള ഒരു പ്രശ്നം. പ്രകൃതിയിൽ കാണുന്ന ഏതൊരു ലക്ഷ്യവും സ്വയം തന്നെ അസ്ഥായിയും പരിവർത്തന വിധേയവുമാണ്. ഒന്നും സ്ഥിരമല്ല. എല്ലാം താൽക്കാലികവും സാന്തവും. എല്ലാ ഘട്ടങ്ങളും ഇടത്താവളങ്ങളാണ് ഒന്നിനും അന്തിമലക്ഷ്യം കാണുന്നില്ല.

ഇവിടെയാണ് സൃഷ്ടിയിൽ വിഡ്ഢിത്തവും നിരർത്ഥകതയും നിഷ്ഫലതയുമാണ് ഉള്ളതെന്ന ചിന്ത ഒരു വിഭാഗത്തെ പിടികൂടിയിരിക്കുന്നത്. ഒരിക്കലും യഥാർത്ഥലക്ഷ്യമണയാതെ നിരന്തരമായി സഞ്ചരിച്ചുകൊണ്ടിരിക്കുകയും വെവ്വേറെ ഇടത്താവളത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു യാത്രയായിട്ടാണ് അവർ പ്രപഞ്ചത്തെ സങ്കൽപിക്കുന്നത്. ഓരോ ലക്ഷ്യവും ഓരോ ഇടത്താവളമാണവർക്ക്. പ്രകൃതി അത് കടന്നുപോവുകയും അതിനെ പിന്നിലാക്കി മറ്റൊന്നിലേയ്ക്ക് നീങ്ങുകയും ചെയ്യുന്നു. ഒരു യഥാർത്ഥലക്ഷ്യസ്ഥാനം മുന്നിൽ കാണുമ്പോഴാണ് ഒരു യാത്രയ്ക്ക് അർത്ഥമുണ്ടാകുന്നത്. ഓരോ ലക്ഷ്യസ്ഥാനവും ഓരോ ഇടത്താവളമായിരിക്കുകയും ഒരു എത്തേണ്ടിടമില്ലാതിരിക്കുകയുമാണെങ്കിൽ അത്തരത്തിലുള്ള ഏതൊരു പോക്കും യാത്രയും വിഡ്ഢിത്തമല്ലാതെ മറ്റെന്താണ്? അങ്ങനെയാണെങ്കിൽ എല്ലാ നിൽപും പാഴ്വേലയും എല്ലാ പോക്കും സ്ഥലം വിടലിനുമായിരിക്കും. പ്രപഞ്ചത്തെ ഭരിക്കുന്ന നിയമം വെറും അലയലും നിലയ്ക്കാത്ത ആവർത്തനവുമല്ലാതെ മറ്റൊന്നുമാകില്ല. എവിടെയെത്തുന്നതും അവിടം വിടാൻ വേണ്ടി മാത്രവും!

അതു സംബന്ധമായി ഖുർആൻ നൽകുന്ന വിശദീകരണമിതാണ്: ഇഹലോകവും ഈ പ്രകൃതിയും മാത്രമേ ഉള്ളുവെങ്കിൽ, എല്ലാ ജനനവും മരണത്തിനുമാത്രവും എല്ലാ വളർച്ചയും തളിർക്കലും പുഷ്പിക്കലും വാടാനും കൊഴിയാനും ഉണങ്ങാനും എല്ലാ നവ്യതയും പഴകാനും മാത്രവുമായിരുന്നുവെങ്കിൽ,ഇപ്പറഞ്ഞ സംശയവും പ്രശ്നവുമെല്ലാം ശരിതന്നെ. എന്നാൽ ഉൺമയെ സംബന്ധിച്ച ഈയൊരു സങ്കൽപം സങ്കുചിതമായ കാഴ്ചപ്പാടിൽ നിന്നുത്ഭവിക്കുന്നതാണ്. ഉൺമ ഇഹത്തിലും ഐഹിക പ്രകൃതിയിലും പരിമിതമാണെന്ന അയഥാർത്ഥമായ കാഴ്ചപ്പാടിന്റെ തുടർച്ചയാണത്. ഉൺമ ഇഹത്തിലും ഐഹിക പ്രകൃതിയിലും പരിമിതമായ ഒന്നല്ല. ഇഹലോകം ആദ്യലോകമാണ്. ഇനിയൊരു ഒടുവിലെ ലോകമുണ്ടാവണം. ഇഹലോകം യാത്രയാണ്. പാരത്രിക ലോകമാണ് എത്തേണ്ടിടം ഹസ്രത്ത് അലി(അ) പറയുന്നു: ''ഇഹലോകം വിട്ടുപോകാനുള്ള ഗേഹമാകുന്നു. പാരത്രികലോകം എത്തി വസിക്കാനുള്ള ഗേഹവും''. പാരത്രികലോകമാണ് ഐഹികലോകത്തിനർത്ഥം നൽകുന്നത്. എന്തുകൊണ്ടെന്നാൽ ലക്ഷ്യത്തിലാകും എല്ലാ ചലനങ്ങളുടെയും പ്രയാണങ്ങളുടെയും അർത്ഥം സ്ഥിതിചെയ്യുന്നത്.

ശാശ്വതമായ പാരത്രികലോകം ഇല്ലെങ്കിൽ പ്രപഞ്ചത്തിന് അന്ത്യലക്ഷ്യം അഥവാ ഇടത്താവളമല്ലാത്ത യഥാർത്ഥലക്ഷ്യം ഉണ്ടാകുമായിരുന്നില്ല. അപ്പോൾ പിന്നെ പ്രപഞ്ചത്തിന്റെ വ്യവസ്ഥ ലക്ഷ്യശൂന്യമായ കറക്കം തന്നെ. ഖുർആൻ പറഞ്ഞതുപോലെ സൃഷ്ടി നിരർത്ഥക (അബസ്)വും നിഷ്ഫല(ബാത്തിൽ)വും ചപല(ലഇബ്)വുമായിരിക്കും. പ്രപാചകൻമാർ വന്ന് ഇത്തരത്തിലുള്ള മിഥ്യാസങ്കൽപങ്ങളിൽ നിന്നു നമ്മെ വിമുക്തരാക്കിയിരിക്കുന്നു. ഇല്ലെങ്കിൽ പ്രപഞ്ചത്തെക്കുറിച്ചും ഉൺമയുടെ സാകല്യത്തെക്കുറിച്ചുമെല്ലാം നിരർത്ഥകമായ സങ്കൽപങ്ങളായിരിക്കും നാം വെച്ചുപുലർത്തുക. അതായിരിക്കും നമ്മുടെ ബുദ്ധിയെയും മസ്തിഷ്ക്കത്തെയും ഭരിച്ചു കൊണ്ടിരിക്കുക. പ്രവാചകന്മാർ മുഖേനയാണ് ഉൺമയെക്കുറിച്ച് മനുഷ്യർക്ക് യഥാർത്ഥമായ ജ്ഞാനം ലഭിച്ചത്. അവർ വന്നില്ലായിരുന്നുവെങ്കിൽ നമ്മുടെ ജീവിതം തന്നെ അർത്ഥശൂന്യമാവുകയും നാം വിഡ്ഢിത്തം പേറി നടക്കുകയും ചെയ്യുമായിരുന്നു. ജീവിതത്തിന് ലക്ഷ്യമില്ലാത്ത, തനി കൊള്ളരുതാത്ത പാഴ്ജീവികളാകുമായിരുന്നു നമ്മൾ. നമുക്കും നമ്മുടെ ജീവിതത്തിനും ചിന്താഗതികൾക്കും വിഡ്ഢിത്തത്തിൽ പെടുന്നതിൽ നിന്ന് സുരക്ഷിതത്വം പ്രദാനം ചെയ്ത ജീവിതത്തെ അർത്ഥവത്താക്കിയിരിക്കുന്നത് പാരത്രികജീവിതത്തിലുള്ള നമ്മുടെ വിശ്വാസമാണ്.

## കുറിപ്പുകൾ

1. മആദ് അറബിപ്പദമാണ്. മടക്കമെന്നും മടക്കസ്ഥാനമെന്നും അർത്ഥം. ഖുർആൻ 28:85ൽ ഈ പദം വന്നിട്ടുണ്ട്. മനുഷ്യന്റെ മരണാനന്തര പ്രാപ്യസ്ഥാനമാണിവിടെ ഉദ്ദേശ്യം. ഖുർആൻ അൽആഖിറ (അന്ത്യം), അദ്ദാറുൽ ആഖിറ (അന്ത്യഗേഹം) എന്നീ പദപ്രയോഗങ്ങൾ കൊണ്ടർത്ഥമാക്കുന്നതും മആദാമ്. അതിനാൽ ആഖിറത്ത് സിദ്ധാന്തമെന്നും മആദ്സിദ്ധാന്തം അറിയപ്പെടുന്നു. മരണത്തോടുകൂടി മനുഷ്യൻ തന്റെ പ്രഭവസ്ഥാനമേതോ അങ്ങോട്ടു മടങ്ങുകയാണ്. അതുകൊണ്ടാണ് മടക്കം എന്നർത്ഥമുള്ള മആദ് മരണാനന്തരജീവിതത്തിന് പ്രയോഗിച്ചിരിക്കുന്നത്. മനുഷ്യന്റെ പ്രഭവസ്ഥാനവും മടക്കസ്ഥാനവും ഒന്നുതന്നെ.

2. 'നഫ്സും' 'റൂഹും' ഇവിടെ പര്യായങ്ങളാണ്. ജീവജാലങ്ങളുടെ ഇച്ഛാനുസൃതമുള്ള ചലനത്തിനും സംവേദനത്തിനും കാരണമാകുന്ന ജീവനാണ് ഭാഷയിൽ റൂഹ്. നഫ്സാകട്ടെ മനസ്സ്, ബുദ്ധി എന്നീ സവിശേഷാർത്ഥങ്ങളിലും പ്രയോഗിക്കപ്പെടുന്നു. വ്യക്തി എന്ന അർത്ഥത്തിൽ പൊതുവായും നഫ്സ് ഉപയോഗിക്കാറുണ്ട്. നിദ്രയിൽ മനുഷ്യ ശരീരത്തിൽ നിന്നു മാറി നിൽക്കുന്നത് നഫ്സാകുന്നു, റൂഹല്ല. കാമക്രോധാദി ദുർവ്വികാരങ്ങളുടെയും സ്നേഹം, ദയ, കരുണ, ഭക്തി തുടങ്ങിയ സദ്വികാരങ്ങളുടെയും ഇരിപ്പിടം നഫ്സാണ്. നഫ്സിനെ അല്ലാഹു യഥാവിധം സംവിധാനിച്ചിരിക്കുന്നുവെന്നും അതിൽ ധർമ്മാധർമ്മബോധം നിക്ഷേപിച്ചിരിക്കുന്നുവെന്നും ഖുർആൻ 'അശ്ശംസ്' സൂറയിൽ പറയുന്നു. നഫ്സിനെ സംസ്കരിക്കുകയാണ് വിജയത്തിനുള്ള മാർഗ്ഗമെന്നും നഫ്സിനെ മലീമസമാക്കിയാൽ പരാജയമാണു സംഭവിക്കുകയെന്നും പ്രസ്തുത സൂറയിൽ പഠിപ്പിക്കുന്നുണ്ട്. കൂടുതൽ വിവരണം അഞ്ചാം കുറിപ്പിൽ വായിക്കാം.

3. ജീവൻ, ബോധം മുതലായ പ്രതിഭാസങ്ങളെയും വിദ്യുച്ഛക്തിപോലുള്ള ശക്തി വിശേഷങ്ങളെയും സംഗീതസ്വരങ്ങളെയുമെല്ലാം ജഡവസ്തുക്കളും നിർജീവ പദാർത്ഥങ്ങളുമാണ് ഉൽപാദിപ്പിക്കുന്നത്. പക്ഷെ, ഇവ ജഡവസ്തുക്കളിൽ നിന്നും നിർജീവപദാർത്ഥങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തവും അത്ഭുതകരമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നവയുമാണ്. ജഡാവസ്ഥയിൽ നിന്നുള്ള ആത്മാവിന്റെ അതീതഭാവത്തെയും പരിണാമം സിദ്ധിക്കുക നിമിത്തം അതായിത്തീരുന്ന അതിഭൗതികാവസ്ഥയെയും ഈയടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നതാണ്. അത്ഭുതപ്രതിഭാസങ്ങൾ സൃഷ്ടിക്കുവാനുള്ള കൂട്ടുകാർ ജഡവസ്തുക്കളിൽ അന്തർലീനമായിരിക്കുന്നതുപോലെ, അതീത ശക്തിവിശേഷമായി മാറാനുള്ള കഴിവുകൾ മനുഷ്യനിലും അന്തഃസ്ഥിതമാണ്.

4. ''ഞാൻ അവനിൽ എന്റെ ആത്മാവിൽ നിന്ന് ഊതി'' എന്നും ഇതിനു പരിഭാഷപറഞ്ഞുവരുന്നു. മൂലത്തോട് ഏറ്റവും അടുത്ത പരിഭാഷ ഇതാണ്. ആത്മാവിനെ തന്റേതെന്ന് ദൈവം അവനോട് ചേർത്തു പറഞ്ഞിരിക്കുന്നത് ആത്മാവിന്റെ മഹത്വത്തെയും ഉൽകൃഷ്ടതയെയും അതിന്റെ മേലുള്ള ദൈവത്തിന്റെ ഉടമസ്ഥതയെയും കുറിക്കാനാണ്. ഇവിടെയുദ്ധരിച്ചിരിക്കുന്നത് ഹിജ്ർ സൂറ 29ാം വാക്യം മുഴുവനായല്ല, ഒരു ശകലമാണ്. മനുഷ്യന്റെ സൃഷ്ടിപ്പ് ആരംഭിക്കുന്നതിനെക്കുറിച്ച് അല്ലാഹു മലക്കുകളോട് സംസാരിക്കുന്നതാണ് പശ്ചാത്തലം. ''അങ്ങനെ ഞാൻ അവനെ(മനുഷ്യനെ) അംഗപ്പൊരുത്തത്തോടുകൂടി രൂപപ്പെടുത്തുകയും എന്റെ ആത്മാവിൽനിന്ന് അവനിൽ ഊതുകയും ചെയ്താൽ നിങ്ങൾ (മലക്കുകൾ അവന് പ്രണമിക്കണം'' എന്നാണ് വാക്യത്തിന്റെ മുഴുവനായ പരിഭാഷ. ആത്മാവും ശരീരവും പരസ്പരം സ്വതന്ത്രവും എന്നാൽ സംയോജിതവും അന്യോന്യം സ്വാധീനിക്കുന്നതുമാണെന്ന് ഇതിൽ നിന്ന് ഏറെക്കുറെ മനസ്സിലാക്കാം.

5. ഇസ്രാഅ് സൂറ 85ൽ നിന്നാണ് ഈ ശകലം. മുഴുവൻ വാക്യത്തിന്റെ തർജ്ജമ ഇങ്ങനെ വായിക്കാം: ''അവർ ആത്മാവിനെ സംബന്ധിച്ച് താങ്കളോട് ചോദിക്കുന്നു. ആത്മാവ് എന്റെ നാഥന്റെ കാര്യത്തിൽപ്പെട്ടതാണെന്ന് പറയുക; നിങ്ങൾക്ക് അറിവിന്റെ അൽപം മാത്രമേ നൽകപ്പെട്ടിട്ടുള്ളൂവെന്നും.''

ജൂതന്മാർ മുഹമ്മദ് നബി(സ)യോട് ആത്മാവി(റൂഹ്)നെപ്പറ്റി ചോദിച്ചതിനെത്തുടർന്ന് അവതരിച്ചതാണ് ഉദ്ധൃതവാക്യം. ഇതിൽ ആത്മാവ് (റൂഹ്) എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദൈവികമായ വെളിപാടും പ്രചോദനവുമാണെന്നാണ് പല ഖുർആൻ വ്യാഖ്യാനങ്ങളിലും കാണുന്നത്. എന്നാൽ ദൈവിക വെളിപാടിന് ആത്മാവ് (റൂഹ്) എന്ന പദം എന്തടിസ്ഥാനത്തിലാണ് പ്രയോഗിക്കുക? ഇത് വ്യക്തമാകേണ്ടതിന് റൂഹ്, നഫ്സ് എന്നീ പദങ്ങളെക്കുറിച്ച് കൂടുതൽ വിശദമായി അറിഞ്ഞിരിക്കണം.

മനുഷ്യൻ ജിസ്മ് (ജഡം), നഫ്സ് (ചേതന). റൂഹ് (ആത്മാവ്) എന്നീ മൂന്നെണ്ണം ചേർന്നതാണ്. ജിസ്മിനെക്കുറിച്ച് ഇവിടെ ചർച്ചയാവശ്യമില്ല. നഫ്സും റൂഹും 2ാം കുറിപ്പിൽ സൂചിപ്പിച്ചതുപോലെ ചിലപ്പോൾ പര്യായങ്ങളായുപയോഗിക്കാറുണ്ടെങ്കിലും അവ സദാ പര്യായങ്ങളല്ല. ബുദ്ധി, ചിന്ത, യുക്തി, വികാരം മുതലായവ നഫ്സുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. നിദ്രാവസ്ഥയിൽ നഫ്സ് ശരീരം വിട്ട് ബ്രഹ്മലോകത്തിലേയ്ക്ക് പോകുന്നതായി ഖുർആൻ സുമർസൂറ 42ൽ പറയുന്നു. തദവസരത്തിലും പ്രാണൻ ശരീരത്തിൽ നിലനിൽക്കുന്നതായി നാം കാണുന്നു. പക്ഷെ, ബുദ്ധി, ചിന്ത, യുക്തി, വികാരം മുതലായവ അപ്രത്യക്ഷമാകുന്നുണ്ട്. നിദ്രയിൽ റൂഹ് ശരീരത്തിലുണ്ട്, നഫ്സ് ഇല്ല എന്നാണിതിന്റെ അർത്ഥം. അതല്ലെങ്കിൽ നഫ്സ് രണ്ടുണ്ട്. ഒന്ന് ചിന്തയുടെയും വിവേചന ശക്തിയുടെയും അടിസ്ഥാനമായ നഫ്സ് (നഫ്സുൽഹയാത്ത്). ഒന്ന് മാനസിക ജീവിതത്തിന്റെ ആധാരമായ നഫ്സ്, മറ്റേത് ശാരീരിക ജീവിതത്തിന്റെ ആധാരമായ നഫ്സ്. എന്നാൽ റൂഹ് എന്താണ്? ഖുർആനിൽ 19 തവണ റൂഹ് എന്ന പദം ആവർത്തിച്ചിട്ടുണ്ട്. എല്ലായിടത്തും മൂലാർത്ഥം ആത്മാവ്, ജീവൻ, ചേതന എന്നൊക്കെത്തന്നെ. പക്ഷെ, വിവിധ പശ്ചാത്തലങ്ങളിൽ വിവിധ ഉദ്ദേശ്യങ്ങളിലാണവ പ്രയോഗിച്ചിരിക്കുന്നത്. ''അവൻ തന്റെ  കൽപനയാൽ റൂഹും കൊണ്ട് മലക്കുകളെ ഇറക്കുന്നു''വെന്ന് അന്നഹ്ൽ 2ൽ കാണാം. ഇതിലെ റൂഹ് എന്ന വാക്ക് വെളിപാടിനെയാണ് സൂചിപ്പിക്കുന്നത്. മലക്കുകൾ ദൈവത്തിന്റെ  ഉത്തരവ് പ്രകാരം പ്രവാചകന്മാർക്ക് ദൈവികവെളിപാട് എത്തിച്ചുകൊടുക്കുന്നുവെന്നു സാരം. അശ്ശൂറ 52ൽ ''അങ്ങനെ നാം നമ്മുടെ ഉത്തരവിനാൽ താങ്കൾക്കു റൂഹിനെ വെളിപ്പെടുത്തി'' എന്നു പറഞ്ഞതിൽ റൂഹ് കൊണ്ടുദ്ദേശിക്കുന്നത് ഖുർആനാണ്. നിർജീവ ജഡങ്ങൾക്കു ജീവനെന്നോണമാണ് നിർജീവ മനസ്സുകൾക്ക് ദൈവിക വെളിപാടും ഖുർആനുമെന്നതാണിതിനു കാരണം. 'അന്നബഅ്' 38ൽ ''റൂഹും മലക്കുകളും അണിനിരന്നു നിൽക്കുന്ന ദിനം'' എന്ന് അന്ത്യനാളിനെ ഉദ്ദേശിച്ചുകൊണ്ടും, അൽഖദ്ർ 4ൽ ''അന്ന് മലക്കുകളും റൂഹും അവരുടെ നാഥന്റെ അനുമതിയോടെ സകല വിധികളും കൊണ്ട് ഇറങ്ങു''മെന്ന് 'ലൈലത്തുൽ ഖദ്റി'നെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ഈ രണ്ടിടത്തും റൂഹ് കൊണ്ടുദ്ദേശിക്കുന്നത് മലക്കുകളോജ ജീവാത്മാവോ അല്ലെന്നു സ്പഷ്ടം. അന്നഹ്ൽ 2ൽ ''അവൻ തന്റെ ഉത്തരവിനാൽ റൂഹ് കൊണ്ട് താൻ നിശ്ചയിക്കുന്ന ദാസന്മാരുടെ മേൽ മലക്കുകളെ ഇറക്കും'' എന്നു പറഞ്ഞിടത്തും റൂഹ് മലക്കുകളോ ജീവാത്മാവോ അല്ല. ഇപ്പറഞ്ഞ റൂഹിനെ വിശുദ്ധിയുടെയും വിശ്വസ്തയുടെയും വിശേഷണങ്ങൾ നൽകിക്കൊണ്ട് ചിലപ്പോൾ ഖുർആൻ പറയാറുണ്ട്.  മനുഷ്യാത്മാവിനെ ബാധിക്കാനിടയുള്ള മാലിന്യമോ മ്ലേഛതയോ മറ്റു ന്യൂനതകളോ ബാധിക്കാത്തതാണ് ഈ റൂഹ് എന്നു പഠിപ്പിക്കാനാണത്. ഈ റൂഹ് മലക്കല്ല. എങ്കിലും വെളിപാടുമായി ഇറങ്ങുന്ന മലക്കിന്റെ കൂടെ ഇതുണ്ടാകുമെന്ന് ഖുർആനിൽ നിന്നു മനസ്സിലാക്കാം. ''അവൻ അവന്റെ ഉത്തരവിനാൽ റൂഹ്

കൊണ്ട് അവൻ നിശ്ചയിക്കുന്ന ദാസന്മാരുടെമേൽ മലക്കുകളെ ഇറക്കു''മെന്ന വാക്യത്തിൽ നിന്നു തന്നെ ഇത് മനസ്സിലാക്കാം. നബി(സ)യുടെ ഹൃദയത്തിലേയ്ക്ക് വെളിപാടുമായെത്തുന്നത് ജിബ്രീലാണെന്ന് അൽബഖറ 97ൽ വ്യക്തമാക്കിയിരിക്കുന്നു. ജിബ്രീൽ മലക്കാണ്. മലക്കുകൾ റൂഹും കൊണ്ടിറങ്ങുകയാണ്. റൂഹ് ഖുർആൻ വഹിക്കുന്നു.

അന്നിസാഅ് 171ൽ ഹസ്രത്ത് ഈസാ(അ)യെക്കുറിച്ച് ''അദ്ദേഹം മർയമിലേയ്ക്കു ദൈവം ഉരുവിട്ട വചനവും അവന്റെ പക്കൽ നിന്നുള്ള റൂഹുമാകുന്നു''വെന്ന് പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ ഇച്ഛയെക്കുറിച്ചാണിവിടെ റൂഹ് എന്നു പറഞ്ഞിരിക്കുന്നത്. സാധാരണഗതിയിൽ ഒരു മനുഷ്യന്റെ ജനനത്തിന് കാരണമാകുന്ന ഘടകങ്ങളുടെ മാധ്യമം കൂടാതെ ദൈവത്തിന്റെ ഉത്തരവ് നേർക്കുനേരെ പ്രവർത്തിക്കുകയാണ് ഈസാനബി (അ)യുടെ ജനനത്തിൽ നടന്നതെന്നതാണ് ഈ പദ പ്രയോഗത്തിനു നിദാനം. ഇങ്ങനെ ദൈവേഛ മാധ്യമം കൂടാതെ വെളിവാകുന്നതിന് 'ആലമുൽആംറ്' എന്നു പറയുന്നു. ആലമുൽ ആംറ്, ആലമുൽ ഖൽഖ് എന്നിങ്ങനെ രണ്ടു ലോകമുണ്ട്. ആലമുൽഖൽഖ് സൃഷ്ടലോകമാണ്. റൂഹ് ആലമുൽ അംറിൽപ്പെടുന്നു. ''റൂഹ് എന്റെ നാഥന്റെ അംറിൽ പെട്ടതാണ്'' എന്ന ഖുർആൻ സൂക്തത്തിന്റെ പൊരുൾ അതാണ്. ആലമുൽഅംറിൽ നടക്കുന്നത് 'കുൻ' (ഉണ്ടാകൂ) എന്ന ഉത്തരവാണ്. ''നമ്മുടെ അംറ് ഒരു കണ്ണിമ വെട്ടിമിഴിക്കും പോലെയുള്ള ഒന്നാണ്'' എന്ന് 'അൽഖമർ' 50ൽ കാണാം. ആലമുൽ അംറിൽ ക്രമാനുഗതികത്വമില്ല എന്നാണിതിന്റെ അർത്ഥം. പ്രാപഞ്ചികമായ മാധ്യമങ്ങളിലൂടെയും കാരണങ്ങളിലൂടെയും സ്ഥലത്തോടും കാലത്തോടും ബന്ധപ്പെട്ടുകൊണ്ട് പരിണാമത്തിന്റെയും ക്രമാനുഗതികത്വത്തിന്റെയും ഉപാധികൾ പ്രകാരം ആലമുൽഖൽഖിൽ (സൃഷ്ടലോകം) പ്രവർത്തനങ്ങൾ നടക്കുന്നു. എന്നാൽ ആലമുൽഅംറും ആലമുൽഖൽഖും ദൈവത്തിന്റേതുതന്നെ. അൽഅഅ്റാഫ് 55ൽ പറയുന്നു: ''ഖൽഖും അംറും അവന്റേതാണെന്ന് പറയുക.''

ഇത്രയും പറഞ്ഞതിന്റെ വെളിച്ചത്തിൽ ഇസ്രാഅ് സൂറ 85ന്റെ പൊരുളിതാണ്: റൂഹ് ആലമുൽഅംറിൽ പെട്ടതാണ്. അതിന് ഉൺമയിൽ സവിശേഷമായ സ്ഥാനവും പ്രപഞ്ചത്തിൽ അത്ഭുതകരമായ പ്രവർത്തനങ്ങളുമുണ്ട്. പരിമിതമായ മനുഷ്യവിജ്ഞാനം വഴി ആ ലോകത്തിലേയ്ക്കെത്തിനോക്കാൻ കഴിയില്ല. വെളിപാടിന്റെ ഉറവിടവും ഈ ആലമുൽഅംറ് തന്നെ. അതിനാൽ വെളിപാടിന്റെ യാഥാർത്ഥ്യവും സാമാന്യജനത്തിനജ്ഞാതമായിത്തന്നെയിരിക്കും. ആത്മാവിന്റെ യാഥാർഥ്യം മനുഷ്യർക്കാർക്കും അറീക്കപ്പെട്ടിട്ടില്ലെന്നാണ് വലിയൊരു വിഭാഗം പണ്ഡിതമതം.

6. ഇമാം അലി(റ)യുടെ വാക്യങ്ങൾ ക്രോഡീകരിച്ച് ശരീഫ്റളി തയ്യാറാക്കിയ മഹദ്ഗ്രന്ഥമാണ് 'നഹ്ജുൽ ബലാഗ'. അലി നാസിർ, മീഥം അൽബഹ്റാനി, ഇബ്നുഅബിൽ ഹദീദ്, മുഹമ്മദ് അബ്ദു തുടങ്ങിയ പ്രഗത്ഭർ ഇതിന് വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ട്. നഹ്ജുൽബലാഗയുടെ ഇംഗ്ലീഷ് ഭാഷ്യം 'ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

7. സ്വന്തം വിശ്വാസത്തോടും ചിന്താഗതികളോടും പൊരുത്തപ്പെട്ട് അവയ്ക്കനുസൃതമായ ജീവിതം നയിക്കുന്നതിനും അവയുടെ താൽപര്യപ്രകാരമുള്ള അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിനും അനുകൂലമല്ല ജീവിക്കുന്ന സാഹചര്യമെങ്കിൽ ആ സാഹചര്യം വിട്ട് അനുകാലമായ സാഹചര്യത്തിലേയ്ക്ക് നീങ്ങണമെന്നാണ് ഈ വാക്യം പഠിപ്പിക്കുന്നത്. അല്ലാത്തപക്ഷം സ്വന്തം ആത്മാവിനെയും മനസ്സാക്ഷിയെയും വഞ്ചിച്ചും ദ്രോഹിച്ചും കഴിഞ്ഞു കൂടേണ്ടതായി വരും. അപ്രകാരം മർദ്ദനമനുഭവിച്ചും കഷ്ടപ്പെട്ടും ജീവിക്കേണ്ടിവരുന്നവരും തങ്ങൾക്ക് മർദ്ദനമനുഭവിക്കുകയും കഷ്ടപ്പെടുകയും ചെയ്യേണ്ടിവരാത്ത സാഹചര്യമന്വേഷിച്ചു അങ്ങോട്ട് പലായനം ചെയ്യണം. എന്നാൽ നാടുവിടുന്നതിന് ഭരണപരവും നിയമ പരവുമായ തടസ്സങ്ങളുണ്ടാവുകയും ആ തടസ്സങ്ങളെ മറികടക്കൽ അസാധ്യമായിവരികയും ചെയ്താലോ? അതല്ലെങ്കിൽ സാമ്പത്തികമോ മറ്റോ ആയ കഴിവുകേട് തടസ്സം നിന്നാലോ? ഈ സംശയത്തിനുള്ള ഉത്തരം മേലുദ്ധരിച്ചതിന്റെ തൊട്ടുടനെയുള്ള വാക്യങ്ങളിൽ വ്യക്തമാക്കീട്ടുണ്ട്. ''വഴി കണ്ടെത്താത്തവരും തന്ത്രം പ്രയോഗിക്കാൻ കഴിയാത്തവരുമായ ബലഹീനർ പുരുഷന്മാരാകട്ടെ, സ്ത്രീകളാകട്ടെ, കുട്ടികളാകട്ടെ ഇതിൽ നിന്നൊഴിവാണ്. അല്ലാഹു അത്തരക്കാരോട് മാപ്പ് ചെയ്തേക്കാം. അല്ലാഹു മാപ്പരുളുന്നവനും പൊറുക്കുന്നവനുമാകുന്നു'' എന്നിങ്ങനെയാണ് ആ വാക്യങ്ങൾ.

8. മരണമെന്നാൽ മനുഷ്യന്റെ ദേഹം നിർജീവമാവുകയും അനന്തരം അത് മണ്ണിൽ മറമാടപ്പെട്ട് അതിൽ ലയിച്ചുചേരുകയും ചെയ്യലാണെന്ന സങ്കൽപത്തെ ഖുർആൻ ഇവിടെ തിരുത്തുന്നു. മനുഷ്യന്റെ യാഥാർത്ഥ്യത്തെ അവന്റെ ഭൗതിക ജഡമാകുന്ന രൂപത്തിൽ നിന്ന് വേർപ്പെടുത്തി മലക്കുകൾ കൈയേൽക്കുന്ന പ്രക്രിയയ്ക്കാണ് മരണമെന്നു പറയുന്നതെന്നാണ് ഖുർആൻ പറയുന്നത്. മനുഷ്യന്റെ രൂപമേ മണ്ണിൽ നഷ്ടപ്പെടുന്നുള്ളൂ.

9. മനുഷ്യൻ 'ഞാൻ' എന്ന് എന്തിനെക്കുറിച്ചാണോ പറയുന്നത് അതാണ് അവന്റെ യാഥാർത്ഥ്യം. അത് ശരീരമല്ല. ശരീരം അതിന് ആകൃതി നൽകുകയും അതിന്റെ വ്യക്തിത്വത്തെ പ്രതിബിംബിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നുമാത്രം.

10. ഈ സൂക്തത്തിൽ മരണവേളയിൽ ആത്മാക്കളെ പിടിച്ചെടുക്കുന്നത് അല്ലാഹുവാണെന്നാണ് പറഞ്ഞിരിക്കുന്നത്. മുമ്പുദ്ധരിച്ച 'സജദ സൂറ'യിൽ മരണത്തിൻരെ മലക്ക് മനുഷ്യരെ പിടിച്ചെടുക്കുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇവ തമ്മിൽ വൈരുദ്ധ്യമില്ല. ഒരാൾ പേന ഉപയോഗിച്ച് എഴുതു

മ്പോൾ അയാൾ എഴുതുന്നുവെന്നും പേന എഴുതുന്നുവെന്നും പറയുന്നത് തമ്മിൽ വൈരുദ്ധ്യമില്ലാത്തതുപോലെ.

ഇവിടെ ആത്മാക്കൾ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് 'നഫ്സി'ന്റെ ബഹുവചനമായ 'അൻഫുസ്' എന്ന വാക്കാണ്. 'റൂഹി'ന്റെ ബഹുവചനമായ 'അർവാഹ്' എന്ന വാക്കല്ല. നിദ്രയിൽ നഫ്സ് ശരീരത്തെ വിട്ടുപോകുന്നുവെങ്കിലും റൂഹ് വിട്ടുപോകുന്നില്ല. മരണത്തിൽ നഫ്സും റൂഹും ശരീരത്തെ വിട്ടുപിരിയുന്നു. ഇമാം ജഅ്ഫർ സാദിഖ്(റ) പറയുന്നു: 'ഒരാൾ ഉറങ്ങുമ്പോൾ അയാളുടെ നഫ്സ് വാനലോകത്തേയ്ക്കുയരുകയും അയാളുടെ റൂഹ് ശരീരത്തിൽ തന്നെ ശേഷിക്കുകയും ചെയ്യുന്നു. സൂര്യനെയും ഭൂമിയെയും രശ്മികൾ ബന്ധിപ്പിക്കുന്നതുപോലെ നഫ്സിനെയും റൂഹിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാശമുണ്ടായിരിക്കുന്നതാണ്. അങ്ങനെ റൂഹിനെ പിടിച്ചെടുക്കാൻ അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള അനുമതിയുണ്ടായാൽ റൂഹ് നഫ്സിന് ഉത്തരം ചെയ്യും. മറിച്ചാണെങ്കിൽ നഫ്സ് റൂഹിനും ഉത്തരം ചെയ്യും.''

11. ഖിയാമത്തിന് ഉയിർപ്പ്, എഴുനേൽപ്പ് എന്നൊക്കെയാണർത്ഥം. ഖിയാമത്ത് നാൾ ലോകാവസാനത്തിന്റെയും പുനരുത്ഥാനത്തിന്റെയും നാളാണ്. ഇസ്രാഫീൽ എന്ന മലക്കിന്റെ കാഹളമൂത്തോടുകൂടിയാണ് അത് സംഭവിക്കുക. ഖുർആൻ അസ്സുമർ 68ൽ അതിനെപ്പറ്റി പറയുന്നു: ''കാഹളത്തിൽ ഒരു മുഴക്കമുണ്ടാകുന്നു. അപ്പോൾ ആകാശഭൂമികളിലുള്ളവരെല്ലാം പ്രജ്ഞയറ്റ് വീഴുന്നു. അല്ലാഹു മറിച്ച് ഉദ്ദേശിച്ചവരൊഴികെ. പിന്നീട് മറ്റൊരിക്കൽ കൂടി അതിൽ മുഴക്കമുണ്ടാകുന്നു. അപ്പോൾ അവരെല്ലാവരും എഴുന്നേറ്റുനിന്ന് നോക്കുന്നു!''.

12. ഖിയാമത്ത് എപ്പോഴായിരിക്കുമെന്ന് നബി(സ)യോട് പലരും ചോദിച്ചിരുന്നു. തദവസരത്തിൽ ''അതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന്റടുക്കൽ മാത്രമാണുള്ളത്'' എന്ന് പറയുവാനാണ് അല്ലാഹു നബിയോടാവശ്യപ്പെട്ടത്. 'അന്നാസിആത്ത് സൂറ' 42-45ൽ ഇപ്രകാരം കാണാം: ''അന്ത്യയാമം എപ്പോഴാണ് സംഭവിക്കുകയെന്ന് താങ്കളോടവർ ചോദിക്കുന്നു. അത് പറയാൻ താങ്കൾ ഏത് നിലയിലാണുള്ളത്? ആ അറിവ് താങ്കളുടെ നാഥനിൽ പരിമിതമാണ്. അതിനെ ഭയപ്പെടുന്നവർക്ക് അതിനെക്കുറിച്ചുള്ള ബോധം ജനിപ്പിക്കുകമാത്രമാണ് താങ്കളുടെ കടമ.''

13. രണ്ടു വസ്തുക്കൾക്കോ കാര്യങ്ങൾക്കോ ഇടയ്ക്കു വരുന്ന മറ അല്ലെങ്കിൽ തടസ്സം എന്നാണ് 'ബർസഖി'ന്റെ ഭാഷാർത്ഥം. മരണത്തിനും പുനരുത്ഥാനത്തിനുമിടയ്ക്കുള്ള രോധാവസ്ഥയ്ക്കാണ് ഇസ്‌ലാമിന്റെ സാങ്കേതിക പദാവലിയിൽ ഇതുപയോഗിക്കുന്നത്. മരണാനന്തരം മണ്ണിൽ മറമാടപ്പെടുന്നവർക്കും തീ കൊണ്ടോ വൈദ്യുതി കൊണ്ടോ ദഹിപ്പിക്കപ്പെടുന്നവർക്കും സമുദ്രത്തിലോ മറ്റോ മുങ്ങിപ്പോകുന്നവർക്കുമിടയിൽ ഈയവസ്ഥ അനുഭവിക്കുന്ന കാര്യത്തിൽ വ്യത്യാസമില്ല. ഖബർ ജീവിതം എന്നു പൊതുവായി പറയുന്നതും ഈയവസ്ഥയ്ക്കാണ്.

14. ഐഹിക ലോകത്തിൽ തനിക്കു കിട്ടിയ ജീവിതമെന്ന അമൂല്യസമ്പത്ത് ഫലപ്രദമായി വിനിയോഗിച്ച് മരണാനന്തരജീവിതത്തിലേയ്ക്കു വേണ്ടി നേട്ടങ്ങളുണ്ടാക്കാൻ ശ്രദ്ധിക്കാതിരുന്ന വ്യക്തി അവസരം നീങ്ങിക്കഴിഞ്ഞ ശേഷം ഉയർത്തുന്ന രോദനമാണീ വാക്യത്തിൽ എടുത്തുകാണിച്ചിരിക്കുന്നത്. പക്ഷെ, അത് വിഫലമായ ഒരഭ്യർത്ഥന മാത്രമാണ്. മരണശേഷം ഭൂമുഖത്തേയ്ക്കു പിന്നെ തിരിച്ചുവരവില്ല. പിന്നെ പുനരുത്ഥാനം വരെ ബർസഖിൽ കഴിയണം. അത് ഒന്നുകിൽ സ്വർഗ്ഗത്തോപ്പ്, അല്ലെങ്കിൽ നരകക്കുണ്ട് ആയിരിക്കുമെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

15. ഹസ്രത്ത് ഈസാ(അ) ഏകദൈവത്വമതത്തിന്റെ പ്രചാരണത്തിനായി അന്ത്യോഖ്യാ പട്ടണത്തിലേയ്ക്ക് നിയോഗിച്ച ദൂതന്മാരെ അവിടത്തുകാർ തള്ളിപ്പറഞ്ഞപ്പോൾ ആ ദൂതന്മാരെ അനുകൂലിച്ചു സംസാരിക്കാനെത്തിയ ഒരു വ്യക്തിയെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ പേരും ഊരും മറ്റും സംബന്ധിച്ച് വ്യക്തമായ വിവരം ഖുർആനിലോ മറ്റു അവലംബനീയ സ്രോതസ്സുകളിലോ ലഭ്യമല്ല.

16. അർറഹ്മാൻ സൂറ 46ൽ ''തന്റെ നാഥന്റെ സ്ഥാനത്തോട് ഭയഭക്തി വെച്ചുപുലർത്തിയവർക്ക് രണ്ടു സ്വർഗ്ഗമുണ്ട്'' എന്നു കാണാം. ''സ്വർഗ്ഗത്തിൽ നൂറു നിലകളുണ്ട്. അല്ലാഹു അവന്റെ മാർഗ്ഗത്തിൽ പൊരുതിയവർക്ക് വേണ്ടി ഒരുക്കിയതാണവ. ഓരോ ഈരണ്ടു നിലയും തമ്മിൽ ആകാശവം ഭൂമിയും തമ്മിലുള്ള അകലമാണുള്ളത്. അതിനാൽ അല്ലാഹുവിനോട് നിങ്ങൾ ചോദിക്കുമ്പോൾ ഫിർദൗസ് ചോദിക്കുക. അത് സ്വർഗ്ഗത്തിന്റെ നടുവിലാണ്. ഏറ്റവും ഉന്നതമാണത്. അതിനുമീതെ അല്ലാഹുവിന്റെ സിംഹാസനമാണ്'' എന്ന് നബി(സ) പറഞ്ഞതായി ബുഖാരിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ''സ്വർഗ്ഗം നൂറ് ഭാഗമുണ്ട്. ഓരോ ഭാഗവും മുഴുവൻ ലോകത്തെയും ഉൾക്കൊള്ളാൻ മാത്രം വിശാലമാണ്'' എന്ന് റസൂൽ തിരുമേനി (സ) പറഞ്ഞതായി അബൂസഈദുൽ ഖുദ്‌രി(റ)യെ ഉദ്ധരിച്ചുകൊണ്ട് തിർമുദിയിലും രേഖപ്പെടുത്തിട്ടുണ്ട്.

17. ഈ ഖുർആൻ വാക്യത്തിന്റെ അവതരണ സന്ദർഭത്തെക്കുറിച്ച് റസൂൽ തിരുമേനി(സ) സഹാബികൾക്ക് ഇപ്രകാരം വിവരിച്ചു കൊടുത്തിട്ടുള്ളതായി അഹമദ്(റ) രേഖപ്പെടുത്തിയിരിക്കുന്നു: ഉഹ്ദിൽ രക്തസാക്ഷിത്വം വരിച്ച നിങ്ങളുടെ സഹോദരന്മാരുടെ ആത്മാക്കൾക്ക് പച്ച വർണ്ണത്തിലുള്ള പറവകളുടെ ആകൃതിയണിഞ്ഞ് സ്വർഗ്ഗത്തിൽ പറന്നു സഞ്ചരിക്കാൻ സൗകര്യം ചെയ്തുകൊടുത്തു. അവർ അവിടെയുള്ള പുഴകളിലേക്ക് പറന്നു ചെന്ന് വെള്ളം കുടിക്കുകയും തോട്ടങ്ങളിൽ സഞ്ചരിച്ച് പഴങ്ങൾ തിന്നുകയും ചെയ്തു. ദൈവികസിംഹാസനത്തിനു ചുവട്ടിലെ സുവർണ്ണ ദീപങ്ങൾക്കു ചുറ്റും അവർ ചെന്നിരുന്നു. അങ്ങനെ അവിടെ ഹൃദ്യമായ ആഹാരപാനീയങ്ങളും സുഖക

രമായ താമസവും കിട്ടി സന്തുഷ്ടരായിക്കഴിയുമ്പോൾ അവർ ഇപ്രകാരം മോഹിച്ചു: അല്ലാഹു നമുക്കു ചെയ്തിട്ടുള്ള ഈ അനുഗ്രഹങ്ങളെക്കുറിച്ച് ഭൂലോകത്തുള്ള നമ്മുടെ സഹോദരന്മാർ അറിഞ്ഞെങ്കിൽ! എങ്കിൽ അവർക്കു ജിഹാദിനോട് വിരക്തി തോന്നുകയോ യുദ്ധത്തിൽ നിന്നവർ മാറി നിൽക്കുകയോ ചെയ്യുകയില്ല.' അപ്പോൾ നിങ്ങളെക്കുറിച്ചുള്ള വിവരം ഭൂമിയിലുള്ള സഹോദരന്മാർക്കു ഞാൻ അറിയിച്ചു കൊടുക്കാമെന്നു പറഞ്ഞുകൊണ്ടാണ് അല്ലാഹുമേലുദ്ധരിച്ച സൂക്തം അവതരിപ്പിച്ചത്.''

18. ഇതിൽ രണ്ടു ശിക്ഷയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഒന്ന്, രാവിലെയും വൈകുന്നേരവും നരകാഗ്നിയുടെ അടുത്തു കൊണ്ടുപോവുകയും അത് കാണിച്ചുകൊടുക്കുകയും ചെയ്തുകൊണ്ടുള്ള ശിക്ഷ. രണ്ട്, നരകത്തിൽ കടത്തിക്കൊണ്ടുള്ള ശിക്ഷ. ആദ്യത്തേത് ബർസഖിലും രണ്ടാമത്തേത് അന്ത്യനാളിനു ശേഷവുമാണ്. ഇത് ഫിർഔനും അയാളുടെ അനുയായികൾക്കും മാത്രം ബാധകമാണോ? ബുഖാരിയും മുസ്‌ലിമും ഹസ്രത്ത് ഇബ്നു ഉമറി(റ)ൽ നിന്നിപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: നബി(സ) പറഞ്ഞു: മരണാനന്തരം നിങ്ങളിൽ ഓരോരുത്തർക്കും അവരുടെ സ്ഥാനം പ്രഭാതത്തിലും പ്രദോഷത്തിലും കാണിക്കും. സ്വർഗ്ഗമാണെങ്കിൽ സ്വർഗ്ഗത്തിൽനിന്നുള്ള സ്ഥാനം. നരകമാണെങ്കിൽ നരകത്തിൽനിന്നുള്ള സ്ഥാനം. പുനരുത്ഥാന ശേഷം ഇതാണ് നിനക്ക് കിട്ടാൻ പോകുന്ന സ്ഥാനമെന്ന് തദവസരത്തിൽ അയാളോടു പറയുകയും ചെയ്യും.''

19. ഈ സംഭവം ബുഖാരിയും മുസ്‌ലിമും രേഖപ്പെടുത്തിയിട്ടുണ്ട്. മരിച്ചവർ കേൾക്കുമോ എന്ന് സംശയമുന്നയിച്ച വ്യക്തി ഹസ്രത്ത് ഉമറാ(റ)യായിരുന്നുവത്രെ.

മരിച്ചമറമാടപ്പെട്ടവർ ഇഹലോകത്തു നിന്നുള്ള സംസാരം കേൾക്കുമെന്നതിന് ഈ സംഭവം തെളിവാണ്. എന്നാൽ ചിലർ ഈ സംഭവത്തെ നിരാകരിക്കുകയോ മറ്റു നിലക്ക് വ്യാഖ്യാനിക്കുകയോ ചെയ്യുന്നു. ഖുർആൻ ഫാത്തിർ സൂറ 22ൽ ''താങ്കൾ ഖബർനിവാസികളെ കേൾപ്പിക്കുന്നവനല്ല'' എന്നും, നംല് സൂറ 80ൽ ''താങ്കൾ മരിച്ചവരെ കേൾപ്പിക്കുകയില്ല'' എന്നും പറഞ്ഞിരിക്കുന്നതിന്റെ വെളിച്ചത്തിലാണ് അവർ അങ്ങനെ ചെയ്യുന്നത്. ഈ രണ്ടു സൂക്തങ്ങളിലും കേൾപ്പിക്കുകയെന്നതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത് അനുസരിപ്പിക്കുകയെന്നാണ്. 'അവൻ ഞാൻ പറഞ്ഞാൽ കേൾക്കില്ല' എന്നും എനിക്കവനെ കേൾപ്പിക്കാനാവില്ല എന്നും സാധാരണ പറയാറുള്ളതിന്റെ അതേ അർത്ഥമാണിതിനുമുള്ളത്. അപ്രകാരംതന്നെ, ഈ സൂക്തങ്ങളിലെ ''ഖബർനിവാസികളും'' ''മരിച്ചവരും'' യഥാർത്ഥത്തിലുള്ള ഖബർ നിവാസികളും മരിച്ചവരുമല്ല. ആലങ്കാരികമായാണ് ഈ രണ്ടു പദപ്രയോഗവും. മനസ്സിന്റെ മരണമാണിവിടെ ഉദ്ദേശ്യം. പൂർവ്വിക ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ ഈയർത്ഥത്തിൽ തന്നെയാണ് പ്രസ്തുത സൂക്തങ്ങൾ വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത്. പ്രവാചകപത്നി ഹസ്രത്ത് ആയിശ(റ) ഈ സംഭവത്തെ മേൽകൊടുത്ത ഖുർആൻ വാക്യങ്ങളുടെ വെളിച്ചത്തിൽ നിരാകരിച്ചതായി പറയപ്പെടുന്നു. വാസ്തവത്തിൽ അവർ ഇത് നിരാകരിക്കുകയല്ല വ്യാഖ്യാനിക്കുകയാണ് ചെയ്തത്. ''എന്റെവാക്ക് സത്യമായിരുന്നുവെന്ന് അവർക്കിപ്പോൾ ബോധ്യപ്പെടുന്നു'' വെന്നാണ് നബി തിരുമേനി(സ) പറഞ്ഞതെന്നാണ് ആയിശ(റ)യുടെ വ്യാഖ്യാനം. ഖബർ നിവാസികൾക്ക് ഇഹലോകവുമായി ബന്ധപ്പെടാനാവില്ലെന്ന് ആയിശ(റ) കരുതിയിരുന്നില്ല. അത് കൊണ്ടാണ് അവർ ഭർത്താവായ നബി തിരുമേനി(സ)യുടെയും പിതാവായ അബൂബക്കറി(റ)ന്റെയും ഖബറുകൾക്കരികിലൂടെ നടക്കുമ്പോൾ വസ്ത്രധാരണത്തിൽ കാണിക്കാതിരുന്ന സൂക്ഷ്മത തനിക്കന്യനായ ഹസ്രത്ത് ഉമറി(റ)നെ ആ ഖബറുകളുടെ തൊട്ടടുത്ത് മറവുചെയ്തതിനെത്തുടർന്ന് കാണിച്ചുപോന്നത്. ''ഒരു സഹോദരൻ തന്റെ സഹോദരന്റെ ഖബർ സന്ദർശിക്കുകയും അതിനരികിൽ ഇരിക്കുകയും ചെയ്യുമ്പോൾ ഖബർ വാസിയായ സഹോദരൻ അയാളെ കണ്ടു സന്തോഷിക്കുകയും അയാൾ എഴുനേറ്റുപോകുന്നതുവരെ അയാളുടെ സംസാരത്തോടു പ്രതികരിച്ചുകൊണ്ടിരിക്കുകയും ചെയ്യു''മെന്ന ഒരു വചനം ഹസ്രത്ത് ആയിശ(റ)തന്നെ തിരുമേനി(സ)യിൽ നിന്നുദ്ധരിച്ചിട്ടുണ്ട്.

20. മനുഷ്യാനുഭവത്തിന്റെ സീമയിൽ വെച്ചുനോക്കുമ്പോൾ മൃതശരീരം ശിഥിലമാവുകയും അഴുകിപ്പോവുകയും ചെയ്യുന്നുണ്ടാവാം. പക്ഷേ, ആത്മാവ് ശരീരത്തോട് ബർസഖ്ജീവിതത്തിൽ ചേരുന്ന സന്ദർഭങ്ങളുണ്ടെന്ന് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. മരിച്ച വ്യക്തിയെ മറവു ചെയ്ത് ആളുകൾ പിരിഞ്ഞുപോന്നാൽ അയാളെ ചോദ്യം ചെയ്യാൻ മലക്കുകൾ വരുമ്പോൾ അയാളുടെ ആത്മാവിനെയും ശരീരത്തെയും തമ്മിൽ ചേർക്കുന്നത് അതിൽ ഒരു സന്ദർഭമാണ്.

21. ഹിജ്റ വർഷത്തിലെ മുഹർറം പത്താണ് 'ആശുറ'. അന്നാണ് ഇമാം ഹുസൈനും(റ) കൂട്ടുകാരും കർബലയിൽ രക്തസാക്ഷിത്വം വരിച്ചത്. ഈ ദിനം ശിയാക്കൾ ദുഃഖദിനമായാചരിക്കുന്നു.

22. നിന്റെ റബ്ബ് (യഥാർത്ഥ നാഥനും പരിപാലകനും) ആര്, നബി (ദൈവത്തിങ്കൽ നിന്ന് വെളിപാട് സ്വീകരിച്ച് അതിന്റെ വെളിച്ചത്തിൽ ജനങ്ങൾക്ക് വിജ്ഞാനവും മാർഗ്ഗദർശനവും നൽകി അവരുടെ ജീവിതത്തെ സംസ്ക്കരിച്ചെടുക്കുന്ന വ്യക്തി) ആര്, നിന്റെ മതമേത്, ഖിബ്‌ല (അഭിമുഖ കേന്ദ്രം എന്നാണിതിന്റെ അർത്ഥം. ആരാധനയിൽ മുസ്‌ലിംകൾ അഭിമുഖമായി നൽക്കുന്ന കേന്ദ്രത്തിന് ഖിബ്‌ല എന്നു പറയുന്നു.) ഏത്, ഇമാം(ജീവിതത്തിന്റെ അടിസ്ഥാന മാതൃകയായി സ്വീകരിക്കുന്ന പ്രമാണം) ഏത്? സുഹൃത്തുക്കൾ ആര്? മുതലായവയായിരിക്കും ഖബറിൽവെച്ച് ചോദിക്കുന്ന ചോദ്യങ്ങൾ.

23. ഹസ്രത്ത് ആയിശ(റ) പറഞ്ഞതായി ബുഖാരി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: നബി തിരുമേനി(സ)യുടെ അടുക്കൽ ഒരാൾ വന്ന് പറഞ്ഞു: എന്റെ മാതാവ് പെട്ടെന്നാണ് മരിച്ചത്. അവർ കുറച്ചുകൂടി ജീവിച്ചിരുന്നെങ്കിൽ കുറേ ദാനം ചെയ്യുമായിരുന്നു. ഞാൻ അവർക്കുവേണ്ടി ദാനം ചെയ്തെങ്കിലോ? അതിന്റെ പുണ്യം അവർക്കു കിട്ടുമോ?, കിട്ടുമെന്നായിരുന്നു നബി തിരുമേനിയുടെ മറുപടി'' മറ്റൊരിക്കൽ നബി തിരുമേനി (സ) ഇങ്ങനെ പറഞ്ഞതായി അബൂഹുറൈറ(റ)യെ ഉദ്ധരിച്ചുകൊണ്ട് മുസ്‌ലിം അദ്ദേഹത്തിന്റെ 'സ്വഹീഹിൽ' രേഖപ്പെടുത്തിയിരിക്കുന്നു: മനുഷ്യൻ മരിച്ചാൽ അവനും അവന്റെ പ്രവർത്തനങ്ങളുമായുള്ള ബന്ധം മുറിഞ്ഞു. മൂന്നു കാര്യമേ പിന്നെ ശേഷിക്കുകയുള്ളൂ: അവനു വേണ്ടി പ്രാർത്ഥിക്കുന്ന നല്ല സന്തതി, ഒഴുകുന്ന ദാനം, ഉപകാരപ്രദമായ അറിവ്''. വിശുദ്ധ ഖുർആൻ 59:10ൽ മുൻഗാമികളായ സഹോദരന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പിൻഗാമികളായ വിശ്വാസികളെക്കുറിച്ചുള്ള പരാമർശം കാണാം.

24. 12ാം കുറിപ്പിൽ ഖിയാമത്തിനെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. ഖിയാമത്ത് ആകസ്മികമായാണ് സംഭവിക്കുകയെന്ന് ഖുർആൻ പറയുന്നു. എന്നാൽ അതിന്റെ ലക്ഷണങ്ങളായി പലതും ഈ ലോകത്ത് സംഭവിക്കുമെന്ന് നബിവചനങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ലക്ഷണങ്ങളെന്നാൽ അതിനു മുമ്പ് നടക്കേണ്ട കാര്യങ്ങൾ എന്നർത്ഥം. പ്രസ്തുത ലക്ഷണങ്ങളും ആ മഹാസംഭവവും തമ്മിൽ നീണ്ട അകലമുണ്ടായിരിക്കും. അതിനാൽ ലക്ഷണങ്ങളുണ്ടാകുന്നത് സംഭവത്തിന്റെ ആകസ്മികതയെ ബാധിക്കില്ല. ഖിയാമത്തിന്റെ ഭയങ്കരതയെക്കുറിച്ച് ഖുർആൻ ധാരാളം വിവരിച്ചിരിക്കുന്നു. ഉദാഹരണത്തിന് ഹജ്ജ് സൂറ 1, 2 വാക്യങ്ങൾ കാണുക: ''മനുഷ്യരെ, നിങ്ങളുടെ നാഥനെ സൂക്ഷിക്കുവിൻ. നിശ്ചയം, അന്ത്യയാമത്തിന്റെ പ്രകമ്പനം ഒരു ഭയങ്കര സംഗതിയാകുന്നു. അത് കാണുന്ന ദിവസം മുലയൂട്ടുന്ന ഓരോ സ്ത്രീയും അവളുടെ മുലക്കുഞ്ഞിനെ മറക്കും. ഗർഭിണികളെല്ലാം അവരുടെ ഗർഭം പ്രസവിക്കും. ആളുകളെ മത്തു പിടിച്ചവരായി കാണും. അവരാകട്ടെ മത്തുപിടിച്ചവരല്ലതാനും. പക്ഷെ, അല്ലാഹുവിന്റെ ശിക്ഷ കഠിനമാണ്.''

25. കുറ്റം ചെയ്തത് തെളീക്കുവാനോ ഗുണം ചെയ്തത് സ്ഥാപിക്കുവാനോ മറ്റു നിലക്കുള്ള ശ്രമങ്ങളൊന്നും അവിടെ ആവശ്യമില്ല. കാരണം, ആന്തരികമായ വശങ്ങളെല്ലാം എല്ലാവർക്കും കാണാൻ കഴിയത്തക്കവിധം നഗ്നമായിരിക്കും. നിഗൂഢമായി യാതൊന്നുമുണ്ടാകില്ല. കുറ്റങ്ങൾക്കു മറപിടിക്കുന്നത് മിക്കവാറും ശാരീരികമായ ഒരു വേലയാണ്. അതവിടെ വിലപ്പോവില്ല. ആർക്കും മറയ്ക്കാൻ കഴിയാത്ത വിധത്തിൽ ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ മൂർത്തമായി രംഗത്ത് പ്രത്യക്ഷപ്പെടും. ആ രംഗം കുറ്റകൃത്യം ചെയ്തവനിൽ ഉളവാക്കുന്ന തീവ്രമായ വേദനയും അസഹ്യമായ നിസ്സഹായതയും ലജ്ജാബോധവും വർണ്ണനാതീതമാണ്.

26. ഇതിനു മുമ്പുദ്ധരിച്ച സൂക്തത്തിൽ പ്രവർത്തനങ്ങൾ കൺമുമ്പിൽ കൊണ്ടുവന്നു നിറുത്തുമെന്നു പറഞ്ഞതിനു പകരം ഇവിടെ പ്രവർത്തനങ്ങൾ സ്വയം കൺമുമ്പിൽ വന്നു നില്ക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രവർത്തനങ്ങളുടെ രേഖകളോ ചിത്രങ്ങളോ അല്ല, അവ സ്വയംതന്നെ ആകൃതി പൂണ്ട് രംഗത്തുവരികയാണു ചെയ്യുക. പ്രവർത്തനങ്ങളുടെ രേഖാഗ്രന്ഥം ഹാജരാക്കുന്നതും അതു കാണുമ്പോൾ പാപികൾ അസ്വസ്ഥരാകുന്നതും വിലപിക്കുന്നതുമെല്ലാം ഇതേ സൂക്തത്തിന്റെ ആദ്യത്തിൽ പറഞ്ഞിട്ടുണ്ട്.

27. ഈയുദ്ധരിച്ച രണ്ടു നബിവാക്യങ്ങളിൽ ആദ്യത്തേത് മാത്രമേ മൂല ഗ്രന്ഥത്തിലുള്ളൂ. രണ്ടാമത്തേത് വിവർത്തകൻ ചേർത്തതാണ്. ഗ്രന്ഥകർത്താവ് 'നബിവാക്യങ്ങൾ കാണുക' എന്നു പറഞ്ഞ സ്ഥിതിക്ക് രണ്ടെണ്ണമെങ്കിലും ഉദ്ധരിക്കാൻ വിചാരിച്ചിരിക്കണം. പക്ഷേ, വിട്ടു പോയതാവാം. മൂലഗ്രന്ഥത്തിന്റെ പ്രസാധകർ ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ, മറ്റൊരു നബി വാക്യം അവർ ചേർത്തിട്ടില്ല. ഒന്നാമത്തെ ഹദീസുമായി പൊരുത്തമുള്ള മറ്റൊരു വാക്യം കൂടി ചേർത്ത് ഈ കുറവ് മലയാള വിവർത്തകൻ നികത്താൻ ശ്രമിച്ചതാണ്.

28. അൽ മആരിജ് സൂറയിൽ ''സത്യത്തോടു വിമുഖതകാട്ടി പിന്തിരിഞ്ഞു പോവുകയും ധനം സമ്പാദിച്ച് സ്വരൂപിച്ച് കൂട്ടുകയും ചെയ്തവനെ നരകം അതിന്റടുത്തേക്ക് വിളിക്കുമെന്നു പറഞ്ഞിരിക്കുന്നത് ഇവിടെ ഓർക്കുക; ഖാഫ് സൂറ 30ൽ നരകത്തോട് നിറഞ്ഞോ എന്നു ചോദിക്കുകയും അത് ഇനിയുണ്ടോ എന്നു തിരിച്ചു ചോദിക്കുകയും ചെയ്യുന്ന ദിവസം'' എന്ന് അന്ത്യനാളിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളതും.

29. മരണാനന്തര ജീവിതനിഷേധികളോട് ഖിയാമത്തിന്റെ വെളിപ്പെടലിനുശേഷം പറയുന്ന വാക്കാണിത്. ഇത്വരെ പരലോകവും മരണാനന്തര ജീവിതവുമെല്ലാം ചിന്തയും വിശ്വാസവുമായിരുന്നു. ഇന്നത് കൺമുമ്പിൽ കാണുകയാണ്. ലൗകിക ജീവിതത്തിൽ മുഴുകിക്കഴിയുമ്പോൾ പരലോകത്തെക്കുറിച്ചുള്ള വിചാരത്തിനും മനുഷ്യനുമിടയിൽ ചില മറകളുണ്ടായിരുന്നു. കാരണം, ഭൗതികമായ കാര്യകാരണങ്ങളിലും ബന്ധങ്ങളിലും കെട്ടുപെട്ടുള്ളതായിരുന്നു അന്നവന്റെ ജീവിതം. മാത്രമല്ല, ബാഹ്യമായ അവന്റെ ദൃഷ്ടിക്ക് സൂക്ഷ്മമായതും ഇന്ദ്രിയാതീതമായതും അപ്രാപ്യമായിരുന്നു. ഇന്നാകട്ടെ, ബാഹ്യം, ആന്തരികം എന്നിങ്ങനെയുള്ള വ്യത്യാസങ്ങളൊക്കെ നീങ്ങിക്കഴിഞ്ഞിരിക്കുക നിമിത്തം ദൃഷ്ടി വളരെ മൂർച്ചയേറിയതാണ്. എല്ലാം വ്യക്തമായി കാണാൻ കഴിയുന്നു. ഇതാണീ സൂക്തത്തിന്റെ താൽപര്യം.

30. സ്വർഗ്ഗവാസികൾ സ്വർഗ്ഗവാസം മടുത്ത് അതിനുപകരം മറ്റൊന്ന് ആഗ്രഹിക്കുകയില്ല എന്നാണിപ്പറഞ്ഞതിന്റെ സാരം. ഇഹലോകത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരവസ്ഥയാണിത്.

സ്വർഗ്ഗം എല്ലാ ആകാശങ്ങളെയും ഭൂമിയെയും അതിന്റെ പരിധിയിൽ ഉൾക്കൊള്ളുന്നതാണെന്ന് ഖുർആൻ 27:21ൽ പറയുന്നു. അതിനാൽ സ്വർഗ്ഗത്തിൽ യഥേഷ്ടം സ്വൈരവിഹാരം നടത്തുകയും ആനന്ദമധുരിമയനുഭവിക്കുകയും ചെയ്യുന്ന മനുഷ്യന് മടുപ്പനുഭവപ്പെടാൻ ഹേതുവില്ല.

31. ഇമാം അഹ്മദ് ഉദ്ധരിക്കുന്നു: ഉഖ്ബത്തുബ്നു അംറ്(റ) ഹുദൈഫ(റ)യോട് ഒരിക്കൽ നബി തിരുമേനി(സ)യിൽനിന്നുള്ള വല്ല വിവരവും പറഞ്ഞു തരിക എന്നാവശ്യപ്പെട്ടു. ഹുദൈഫ താൻ നബി തിരുമേനി(സ)യിൽ നിന്നു കേട്ട ഒരു സംഭവം ഇങ്ങനെ വിവരിച്ചു: ഒരാൾ മരിക്കാനടുത്ത പ്പോൾ താൻ മരിച്ചാൽ വിറകു കൂട്ടി കത്തിച്ച് തന്റെ ജഡം അതിൽ ദഹിപ്പിക്കണമെന്നും എല്ലും മാംസവും മുഴുവനായി ദഹിച്ചു കഴിഞ്ഞ ശേഷം ചാരം പൊടിച്ച് സമുദ്രത്തിൽ വിതറണമെന്നും തന്റെ വീട്ടുകാർക്ക് നിർദ്ദേശം കൊടുത്തു. അദ്ദേഹം മരിച്ചപ്പോൾ അവർ അപ്രകാരം പ്രവർത്തിച്ചു. അനന്തരം അല്ലാഹു ആ മനുഷ്യനെ വീണ്ടും സംഘടിപ്പിച്ച് അയാളോട് എന്തിനാണ് അപ്രകാരം ചെയ്തതെന്ന് ചോദിച്ചു. നിന്നെ ഭയപ്പെട്ടതുകാരണം ചെയ്തതാണെന്നായിരുന്നു അയാളുടെ മറുപ ടി. തുടർന്ന് അല്ലാഹു അയാൾക്ക് പാപമോചനം നൽകി.''

32. അൽഖബറസൂറ 260ലാണ് ഖുർആനിൽ ഈ സംഭവം വിവരിച്ചിരിക്കുന്നത്. ഇതിൽ ഖുർ ആന്റെ പദപ്രയോഗങ്ങൾ കൃത്യമായും വ്യക്തമായും മനസ്സിലാക്കാത്തപക്ഷം ഹസ്രത്ത് ഇബ്രാഹിം നബി(അ)യുടെ പാരത്രികലോക വിശ്വാസത്തിന്റെ ദാർഢ്യതയിൽ സംശയം ജനിക്കാനിടയുണ്ട്. ''നാഥാ, നീ മരിച്ചവരെ എങ്ങനെ ജീവിപ്പിക്കുമെന്ന് എനിക്ക് കാണിച്ചുതരിക'' എന്നാണ് ഹസ്രത്ത് ഇബ്രാഹീം നബി(അ)യുടെ വാചകം. ഇതിൽ ഇബ്രാഹിം നബി(അ) പരലോകവിശ്വാസത്തിനു തെളിവ് ചോദിച്ചിരിക്കുകയല്ല. മരിച്ചവരെ പുനർജനിപ്പിക്കുകയെന്നത് സംഭവ്യമാണോ എന്നു ചോദി ച്ചിരിക്കുകയുമല്ല. മരിച്ചവരെ ജീവിപ്പിക്കുക എങ്ങനെയെന്നതിന്റെ ഒരു മാതൃക കണ്ണിൽ കാണിച്ചു തരികയെന്നതാണ് അദ്ദേഹത്തിന്റെ ആവശ്യം. നീ മുഹമ്മദിനെ കണ്ടോ എന്നു ചോദിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യ ചോദ്യത്തിൽ ചോദ്യകർത്താവ് സംബോധനിതൻ മുഹമ്മദിനെ കണ്ടിട്ടുണ്ട് എന്നു വിശ്വസിക്കുന്നുണ്ട്. എങ്ങനെയുള്ള അവസ്ഥയിലാണ് കണ്ടത് എന്ന കാര്യ ത്തിലേ അയാൾക്ക് സംശയമുള്ളൂ. ഇബ്രാഹിം നബി(അ) മരിച്ചവരെ പുനർജീവിപ്പിക്കുന്നത് എങ്ങ നെയെന്നന്വേഷിക്കുന്നു. അദ്ദേഹത്തെക്കൊണ്ടുതന്നെ അതിനുള്ള ഉത്തരം കണ്ടുപിടിപ്പിക്കുകയാണ് തുടർന്ന് അല്ലാഹു ചെയ്തത്.

33. പ്രകൃതിയിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസത്തെ എടുത്തുകാട്ടി അതിലട ങ്ങിയിട്ടുള്ള പുനരുത്ഥാന തത്വത്തെ മരണാനന്തര ജീവിതത്തിനുള്ള ഉദാഹരണമായി അവതരിപ്പി ക്കുകയാണീ വാക്യത്തിൽ. അബൂറസീൻ എന്ന സഹാബി ഒരിക്കൽ തിരുമേനി(സ)യോട് എങ്ങനെ യാണ് അല്ലാഹു മരിച്ചവരെ ജീവിപ്പിക്കുകയെന്നും സൃഷ്ടിയിൽ അതിന് ദൃഷ്ടാന്തമുണ്ടെങ്കിൽ അതെന്താണെന്നും ചോദിക്കുകയുണ്ടായി. അതിന് അവിടുന്ന് നൽകിയ മറുപടി: അബൂറസീൻ, താങ്കൾ വരണ്ടു നിർജീവമാ. താഴ്വരയിൽ കൂടി നടന്നുപോയിട്ടില്ലെ? പിന്നീടതേ സ്ഥലത്തുകൂടി അവിടെ പച്ചയണിഞ്ഞ് ചടുലമായി നിൽക്കുന്ന അവസരത്തിലും താങ്കൾ നടന്നുപോയിട്ടില്ലെ?' അബൂറസീൻ: അതെ, രണ്ടവസ്ഥയിലും ഞാനതിൽക്കൂടി നടന്നിട്ടുണ്ട്. തിരുമേനി: 'അങ്ങനെത്തന്നെ യാണ് അല്ലാഹു മരണപ്പെട്ടവരെ ജീവിപ്പിക്കുന്നതും!'.

34. ''മനുഷ്യരെ, നിങ്ങൾ പുനരുത്ഥാനത്തെക്കുറിച്ച് സംശയത്തിലാണെങ്കിൽ...''എന്നു പറഞ്ഞു കൊണ്ടാണ് ഈ സൂക്തം ആരംഭിക്കുന്നത്. പിന്നീട് മനുഷ്യന്റെ ഉത്ഭവത്തിലെയും വളർച്ചയി ലെയും വിവിധ പരിണാമദശകൾ എടുത്തുകാട്ടിക്കൊണ്ടാണ് ഭൂമിയുടെ നിർജീവാവസ്ഥയി ലേയ്ക്കും അനന്തരം അത് സജീവമാകുന്നതിലേയ്ക്കും ആ പ്രക്രിയയിൽ ആകാശത്തിനുള്ള പങ്കി ലേയ്ക്കുമെല്ലാം എത്തുന്നത്.

35. ആകാശഭൂമികളുൾപ്പെടെയുല്ള മഹത്തായ പ്രപഞ്ചത്തിലെ ഓരോ വസ്തുവും നാശോന്മുഖ ങ്ങളാണെന്നു മനസ്സിലാക്കുമ്പോൾ അവയുടെ സൃഷ്ടിപ്പിനെ അനശ്വരമായ ഒരു ലക്ഷ്യത്തോടു ബന്ധപ്പെടുത്തിക്കൊണ്ടല്ലാതെ കാണുന്നത് തികച്ചും അയുക്തികമായ ഒരു പാഴ്വേലയാണ് അത് എന്നിടത്തേ എത്തിക്കുകയുള്ളൂ. അത്തരമൊരു നിഗമനത്തിലെത്താൻ നിഷേധികൾക്ക് കഴിയും. ദൈവവിശ്വാസികൾക്ക് കഴിയില്ല. ദൈവവിശ്വാസികൾ യുക്തിമാനായ ദൈവത്തിലാണ് വിശ്വസിക്കു ന്നത്. അതിനാൽ പ്രപഞ്ചത്തിലെ ഒരണുവിന്റെ പിന്നിലും യുക്തിരാഹിത്യവും ലക്ഷ്യ ശൂന്യതയും കാണുക അവർക്കു കഴിയാത്തതാണ്. നിഷേധികൾക്ക് പ്രപഞ്ചത്തിന്റെ പിന്നിൽ ലക്ഷ്യവും യുക്തിയും പ്രവർത്തിക്കുന്നതായി സങ്കൽപിക്കാൻ ന്യായമില്ലാത്തതിനാൽ അവർക്കതൊരു വിഷയ മല്ല. അപ്രകാരം തന്നെ, സജ്ജനങ്ങൾക്ക് അവരുടെ ദുഷ്കൃത്യങ്ങൾക്കു തക്ക ദുഷ്ഫലമോ ലഭി ക്കുകയെന്നത് ഇവിടെ അനിവാര്യമല്ലെന്ന് മാത്രമല്ല പലപ്പോഴും മറിച്ചാണ് സംഭവിക്കാറ്. ഇതും യുക്തിരഹിതമായ ഒരു അവസ്ഥയാണ്. ഇതിൽനിന്നു വ്യത്യസ്തമായ ഒരവസ്ഥ പുലരുന്ന ലോകമു ണ്ടായേ തീരൂ എന്നതാണ് യുക്തിയുടെ താൽപര്യം. ഈ രണ്ടു സംഗതികളും പാരത്രിക ജീവിത ത്തിന്റെ അനിവാര്യത വിളിച്ചോതുന്നു.

36. ദൈവികമായ മാർഗ്ഗദർശനത്തിന്റെയും അവബോധത്തിന്റെയും അടിസ്ഥാനത്തിൽ സ്വജീവി തവും അപരരോടുള്ള പെരുമാറ്റവും ക്രമപ്പെടുത്തിയവരാണ് ഒരു വിഭാഗം. രണ്ടാമത്തെ വിഭാഗം തങ്ങളുടെ മനോഹിതങ്ങൾക്കും സ്വാർത്ഥതാൽപര്യങ്ങൾക്കും ലൗകികമായ മോഹങ്ങൾക്കും അനു സൃതമായും തെറ്റായ വിശ്വാസങ്ങളുടെയും ധാരണകളുടെയും അടിസ്ഥാനത്തിലും ജീവിതം നയി

ക്കുന്നവരാണ്. ഈ രണ്ടു വിഭാഗത്തിന്റെയും ജീവിതങ്ങൾ തമ്മിൽ മൗലികമായ വ്യത്യാസമുണ്ടായിരിക്കണമെന്നത് അനിവാര്യമാണ്. അപ്രകാരം തന്നെ, രണ്ടു വിഭാഗത്തിന്റെയും ജീവിതം മരണത്തിൽ തുല്യമായി കലാശിക്കുകയെന്നതും അചിന്ത്യമാണ്. ഒരു വിഭാഗം തങ്ങളുടെ വിശ്വാസം പുലരുന്നതും കർമ്മം സഫലമാകുന്നതുമായ സ്വർഗ്ഗലോകത്തിലേയ്ക്കും മറുവിഭാഗം തങ്ങളുടെ ജീവിതത്തിൽ തങ്ങൾ പുലർത്തിയ തെറ്റായ വിശ്വാസത്തിന്റെയും ദുഷ്കർമ്മങ്ങളുടെയും ഫലമായി അശുഭമായ നരകത്തിലേയ്ക്കും എത്തുകയാണ് മരണത്തിലൂടെ സംഭവിക്കുന്നത്. ഇങ്ങനെയൊരു വേർതിരിവ് ഉണ്ടാകുന്നില്ലെങ്കിൽ അത് അനീതിയായിരിക്കും, തീർച്ച.

37. കുഫ്റിന് ധിക്കാരം, നിഷേധം, നന്ദികേട് എന്നീ അർത്ഥങ്ങളുണ്ട്. ദൈവത്തെ നിഷേധിക്കുകയോ ധിക്കരിക്കുകയോ അവനോട് നന്ദികേട് കാണിക്കുകയോ ചെയ്യുന്നതിനാണ് സാങ്കേതികമായി ഇപ്പദമുപയോഗിക്കുന്നത്. ഫിസ്ഖിന് തെമ്മാടിത്തം, ദുർനടപ്പ് എന്നൊക്കെയാണർത്ഥം. സത്യത്തിന്റെയും നന്മയുടെയും പാതയിൽനിന്ന് വ്യതിചലിച്ചുകൊണ്ടുള്ള ജീവിതത്തിനും നടപടിക്കുമാണിത് സാങ്കേതികമായി പറയുന്നത്.

38. ഖുർആൻ അഅ്റാഫ് സൂറ 179ലാണ് ഈ ശകലമുള്ളത്. മൃഗങ്ങൾ അവയുടെ ജന്മവാസനയ്ക്കനുസൃതം ജീവിക്കുന്നു. അതാവണവയുടെ ധർമ്മം. മനുഷ്യന് ജന്മവാസനകളെ മാനുഷികമായ ഉന്നതമൂല്യങ്ങൾക്കനുസൃതം മാർഗ്ഗദർശനം ചെയ്യാനും സത്യവും അസത്യവും വേർതിരിച്ചറിഞ്ഞ് സത്യമായത് തിരഞ്ഞെടുത്ത് ജീവിതത്തിൽ പ്രാവർത്തികമാക്കാനുമുള്ള കഴിവുണ്ട്. അങ്ങനെയിരിക്കെ അവൻ തന്റെ ജന്മാവാസനകളെ മാർഗ്ഗദർശനത്തിനു വിധേയമാക്കുകയോ ഉത്തമമായ രീതിയിൽ സംസ്ക്കരിക്കുകയോ ചെയ്യാതെ സ്വേഛാനുസൃതം ജീവിക്കുകയാണെങ്കിലോ? അവന്റെയും മൃഗങ്ങളുടെയും ജീവിതങ്ങൾക്കു തമ്മിൽ വ്യത്യാസമില്ലാതാവും. തനിക്കു സിദ്ധിച്ച മാനുഷിക യോഗ്യതകളെ ഉപയോഗപ്പെടുത്താതിരിക്കുന്നതു കാരണം അവൻ മൃഗങ്ങളേക്കാൾ താഴത്തേയ്ക്കിറങ്ങും യോഗ്യതകളുണ്ടായിട്ടും അവ വിനിയോഗിക്കാത്തവൻ എന്ന ഒരു ഭീമമായ കുറ്റം കൂടി അവൻ പേരിൽ വീഴും.